38896.K.18.

ചരകസംഹിത

കല്പസ്ഥാനം.

വിദ്വാൻ
പുന്നശ്ശേരിനമ്പി നീലകണ്ഠശർമ്മാവവർകളുടെ
ഉപദേശസാഹായ്യത്തോടെ
1. വാചസ്പതി ടി. സി. പരമേശ്വരൻമൂസ്സത്
2. പണ്ഡിത സി. കെ. വാസുദേവശർമ്മാ
ഇവരെഴുതിയ

വാചസ്പത്യം

എന്ന ഭാഷാവ്യാഖ്യാനത്തോടുകൂടിയത്.

പ്രസിദ്ധകൻ,
ഭാരതവിലാസം അച്ചുക്കൂടം
ഉടമസ്ഥൻ മാളിയമ്മാവ് മാത്തു ലോനൻ.

All Rights Reserved

തൃശ്ശിവപേരൂർ
"ഭാരതവിലാസം" അച്ചുക്കൂടത്തിൽ
അച്ചടിച്ചത്.
വില പത്തണ.
1097 മിഥുനമാസം.

പകർപ്പവകാശം പ്രസിദ്ധകനുള്ളതാകുന്നു.

മുഖവുര.

നമ്മുടെ ശരീരം അനാരോഗ്യദൃഢമായിരിക്കുന്നേടത്തോളം കാലം മാത്രമേ നമുക്കു സുഖങ്ങളെ അനുഭവിക്കുവാനും ശ്രേയസ്കരങ്ങളായ പ്രവൃത്തികൾ ചെയ്യാനും ധനം സമ്പാദിക്കുവാനും മററ് അനേകം മനോരാജ്യങ്ങൾ സാധിപ്പാനും കഴിവരികയുള്ളു എന്നുമാത്രമല്ല ഈ പരലോകപ്രാപ്തിസാധനമായ സുകൃതം സമ്പാദിക്കുവാനും സാധിക്കുകയുള്ളു. ശരീരത്തിന്നു ദാർഢ്യം നിലവിത്തുവാനുള്ള ഉപായങ്ങളെ ഉപദേശിച്ചുതരുന്നതു വൈദ്യശാസ്ത്രമാകുന്നു. അതേവിധമുള്ള വൈദ്യശാസ്ത്രഗ്രന്ഥങ്ങളിൽ ഉൽപത്തികൊണ്ടും പ്രഭാവംകൊണ്ടും പ്രഥമസ്ഥാനത്തെ അർഹിക്കുന്നതാകുന്നു ചരകഗ്രന്ഥം. ഇതിലെ ആശയങ്ങളും വാക്യങ്ങളും തന്നെയാണ് ഏതുതരം വൈദ്യഗ്രന്ഥകർത്താക്കന്മാർക്കും ഗണ്യനീയമായിട്ടുള്ളതെന്നറിയുമ്പോൾ ഇതിൻെറ പുരാതനത്വവും ശ്രേഷ്ഠതയും നമുക്കനുമാനിക്കാവുന്നതാകുന്നു. നമ്മുടെ പുരാതനഗ്രന്ഥങ്ങൾ മിക്കതും ഓരോ കാലത്തുണ്ടായവരായ ഘോരി, ഘസിനിമുതലായി വാരിയൻകുന്നൻവരെയുള്ള പലരും പലേവിധത്തിലും നശിപ്പിച്ചുകളഞ്ഞു; മാത്സര്യബുദ്ധിയോടുകൂടെ ചിലർ അറയടച്ചു തീവെച്ചുകളഞ്ഞു, ചിലത് ആട്ടുമാട്ടുകൾ തിന്നൊടുക്കി. ഇങ്ങിനെയെല്ലാമായിട്ടും അപ്രമേയപ്രഭാവത്തോടുകൂടിയ ഗ്രന്ഥങ്ങൾക്കൊന്നും ഇവർ വിചാരിച്ചമാതിരി നിർമ്മൂലനാശം സംഭവിപ്പിക്കുവാൻ കഴിഞ്ഞിട്ടില്ല എന്നുവരുമ്പോൾ അതുകളുടെ പ്രാമാണ്യം അഗണ്യമെന്നല്ലാതെ മറെറന്താണ് പറയുവാനുള്ളത്. പക്ഷെ ഒരുകാലം ലോകമെല്ലാം പ്രചരിച്ചിരുന്ന ഒരു ഗ്രന്ഥം ഓരോതരം ആക്രമണങ്ങൾനിമിത്തം ചിലകാലത്തു ചിലദിക്കിൽ അത്രതന്നെ പ്രചാരത്തിലിരിക്കാത്ത തദ്ദേശവാസികൾക്ക് അജ്ഞാതപ്രായമായി എന്നും വന്നേക്കാം. പക്ഷെ അതു പിന്നീട് ഒരുകാലം ഈ നഷ്ടാതിരത്തക്കവിധം പരിഷ്കൃതരീതിയിൽ ദൃഢമൂലമായി എന്നുംവരും. ബ്രഹ്മദേവൻ പ്രളയാവസാനത്തിൽ ലോകസൃഷ്ടിയെ ചെയ്യുവാനാരംഭിച്ചസമയം വേദങ്ങളെ — സൽസൃഷ്ടങ്ങളായ ജീവികൾക്കു കർത്തവ്യാകർത്തവ്യാദിജ്ഞാനത്തെ ഉണ്ടാക്കിക്കൊടുക്കുന്നതുകളായ ചതുർവ്വേദങ്ങളെ സ്മരിച്ചുകൂട്ടത്തിൽ അവയ്ക്കു വേദോക്തകർമ്മങ്ങളെ അനുഷ്ഠിക്കത്തക്ക ശക്തിയുണ്ടാക്കിത്തീർക്കുവാനും തൽപ്രതിബന്ധിയായ രോഗസമൂഹത്തെ കണ്ടറിഞ്ഞു നിർമ്മൂല

നാശം ചെയ്യുവാനും ഉപദേശിച്ചുതരുന്നതായ ആയുർവ്വേദത്തെയും സ്മരിച്ചു. ആ ആയുർവ്വേദത്തെ സ്വപുത്രനായ ദക്ഷപ്രജാപതിക്കും ഉപദേശിച്ചു. ആ ഉപദേശം പിന്നെ ശിഷ്യപ്രശിഷ്യാദിവഴിക്കു ദത്താത്രേയഭഗവാൻവരെ ഉപദേശമായിത്തന്നെ നടന്നുവന്നു. അതിന്നിടക്ക് ആരും അതിനെ ഒരു ഗ്രന്ഥമാക്കി നിർമ്മിച്ചില്ല. ആത്രേയശിഷ്യന്മാരായ അഗ്നിവേശാദികൾ ഗുരൂപദേശത്തെ ഗ്രന്ഥമാക്കി നിർമ്മിച്ചു. അതേവിധമുള്ള ആദ്യവൈദ്യഗ്രന്ഥമായ അഗ്നിവേശസംഹിത ശിഷ്യപാരംപര്യവഴിക്കു ലോകമെല്ലാം പ്രചരിക്കുകയും ചെയ്തു.

ഒരുലക്ഷം ഗ്രന്ഥസംഖ്യയുള്ള ഈ സംഹിത മുഴുവൻ പഠിച്ചു ഗ്രഹിക്കുവാൻ വളരെ കാലതാമസം വേണ്ടിവരുമെന്നും അല്പായുഷ്മാന്മാരായിത്തീർന്ന ജനങ്ങൾക്ക് അത് അസുലഭമാണെന്നും കണ്ടു ചരകാചാര്യൻ ഇതിനെ സംഗ്രഹിച്ചു പന്തീരായിരം ഗ്രന്ഥമാക്കിത്തീർത്തു. അന്നുമുതൽ ഇതിനെ ചരകമെന്നു പറഞ്ഞുവരികയും ചെയ്തു. ചരകൻറെ കാലം കാനിഷ്കനെന്ന രാജാവിൻറെ കാലത്തായിരുന്നു എന്നും അദ്ദേഹം രാജാവിൻറെ വിശ്വസ്തവൈദ്യനായിരുന്നു എന്നുമാണ് ബുദ്ധമതഗ്രന്ഥങ്ങളിൽനിന്നു നമുക്കു കിട്ടുന്ന അറിവ്.

ഈ ചരകഗ്രന്ഥംതന്നെ മുൻപറഞ്ഞ ഏതോ അക്രമികളുടെ കാലത്തു ഛിന്നഭിന്നമായിപ്പോയി. പിന്നീട് ദൃഢബലാചാര്യൻ ആ നഷ്ടശിഷ്ടങ്ങളെ ഒന്നിച്ചുചേർത്തുനോക്കിയപ്പോൾ ചികിത്സിതത്തിൻറെ ഏതാനുംഭാഗവും ബാക്കിയും തീരെ കണ്ടുകിട്ടാതെപോയി. ആ ഭാഗങ്ങളെ അഗ്നിവേശസംഹിതയിൽനിന്നെടുത്ത് ഇതോടു ചേർക്കുകയും ചെയ്തു. അതാണ് നാമിപ്പോൾ കാണുന്ന ചരകഗ്രന്ഥം.

ഈ ചരകം മലയാളത്തിൽ ഒരുകാലത്തു വളരെ പ്രചാരത്തിൽ വർത്തിച്ചിരുന്നു എന്നതിന്ന് ഇവിടെ അനേകം ദൃഷ്ടാന്തങ്ങളുണ്ട്. ‘അർശസ്സിനു മോര്, ദുരിതത്തിനു നാമം’ ഇത്യാദി വൈദ്യപ്രതിപാദകങ്ങളായ അനേകം പഴമൊഴികൾ ഇതിലെ ആശയത്തെ പറയുന്നതായി കാണ്മാനുണ്ട്. എന്നുമാത്രമല്ല പുരാതനവൈദ്യമന്ദിരങ്ങളിലെ ഗ്രന്ഥപ്പെട്ടി പരിശോധിച്ചാൽ ചരകമെന്ന് എഴുതിയ ഏട്ടുകമ്പകളും ചില മുതലായഗ്രന്ഥങ്ങളും കാണുന്നതുമാണ്. ഇതേവിധം ഇവിടെ നഷ്ടപ്രായമായ ചരകം അച്ചടി

യന്ത്രത്തിന്റെ പ്രചാരംവന്നതോടുകൂടി കൽക്കത്ത ബോംബെമുതലായ ഉത്തരരാജ്യത്തിൽനിന്നു് അച്ചടിച്ചുവന്നുതുടങ്ങി. അതുകൊണ്ടു മലയാളികളുടെ ഉപകാരത്തിനു മതിയാകയില്ല എന്നുകണ്ടപ്പോൾ ഭാരതവിലാസം അച്ചുകൂടം ഉടമസ്ഥനായ പരേതനായ **മാളിയമ്മാവു മാത്തു** അവർകളുടെ ഉത്സാഹത്തിൽ ഭാഷാവ്യാഖ്യാനത്തോടുകൂടെ പ്രസിദ്ധപ്പെടുത്തിത്തുടങ്ങി മാസികയായി നടത്തിവരുന്നതിൽ കല്പസ്ഥാനമാണു് ഈ പുസ്തകം. ഒരു പാത്രത്തിൽ അഴുക്കുതട്ടിയാൽ അതു തേച്ചുകളയുന്നതാണല്ലോ അതിന്റെ ശുചീകരണം. അതുവിധം ശരീരത്തിലെ അഴുക്കായ മലത്തെ ശോധനവരുത്തി അതിനെ നിർമ്മലമാക്കിത്തീർക്കുവാനുള്ള വിധികളെ പ്രതിപാദിക്കുന്നതാകുന്നു ഈ സ്ഥാനം. വമനവിരേചനങ്ങൾക്കുള്ള മദനാദി വിശിഷ്ടഔഷധങ്ങൾചേർത്ത് 600 യോഗങ്ങളെയാണു് ഈ സ്ഥാനത്തിലെ 12 അദ്ധ്യായങ്ങളിൽകൂടെ മുഖ്യമായി വിവരിക്കുന്നതു്. ഔഷധപരിമാണപരിഭാഷ മുതലായി മറ്റു് അനേകം വിഷയങ്ങളേയും പ്രതിപാദിക്കുന്നുണ്ടു് ഇന്നിന്ന അദ്ധ്യായങ്ങളിൽ ഇന്നിന്ന വിഷയങ്ങളാണെന്നുള്ള വിവരം വിഷയാനുക്രമണികകൊണ്ടു് അറിയാവുന്നതാകയാൽ അതിനെ പുനരാവർത്തനം ചെയ്യുന്നില്ല.

ആകസ്മികമായി വന്നുചേർന്നതായ പല പ്രതിബന്ധങ്ങൾനിമിത്തം ഈ സ്ഥാനം സമയത്തു പുറപ്പെടുവിക്കുവാനും പ്രതിസ്ഥാനം അവതാരിക എഴുതിത്തരാമെന്നു് ഏററിരുന്ന ഞങ്ങളുടെ ഗുരുനാഥൻ **പുന്നശ്ശേരിനമ്പി നീലകണ്ഠശർമ്മാ**വവർകളെക്കൊണ്ടു് ആയതു് എഴുതിച്ചുവാങ്ങുവാനും സാധിച്ചില്ലെങ്കിലും ഈ ന്യൂനതകളെ ഗ്രന്ഥാവസാനസ്ഥാനമായ അടുത്തു പ്രസിദ്ധപ്പെടുത്തുന്ന സിദ്ധിസ്ഥാനാവസാനത്തിൽ പരിഹരിച്ചുകൊള്ളാമെന്നു മാത്രം പറഞ്ഞുകൊണ്ടു് ഈ മുഖവുരയെ തൽകാലം സമർപ്പിച്ചുകൊള്ളുന്നു.

1097 മിഥുനം 20-ാംനു
ഭാരതവിലാസം അച്ചുകൂടം
തൃശ്ശിവപേരൂർ

എന്നു്,
പണ്ഡിത സി. കെ. വാസുദേവശർമ്മാ.

വിഷയാനുക്രമണിക.

(കല്പസ്ഥാനം.)

വിഷയം. ഭാഗം.

അദ്ധ്യായം ൧.

മദനകല്പം ൧-൨൦
ആത്രേയോപദേശം ൧
വമനവിരേചകസ്വഭാവം ൨
വമനവിരേചനൌഷധസ്വഭാവം ,,
വമനൌഷധങ്ങളുടേയും വിരേചനൌഷധങ്ങളുടേയും ഗുണഭേദങ്ങൾ ൩
കല്പൌഷധങ്ങളിൽ ഇന്നിന്നവ വമനൌഷധങ്ങളെന്നും ഇന്നിന്നവ വിരേചനൌഷധങ്ങളെന്നം മററുമുള്ള വിഭാഗം ൪
ജാംഗലാദിദേശസ്വഭാവം ൫
വിശിഷ്ടൌഷധലക്ഷണം ൬
ഔഷധത്തിന്റെ ഇന്നിന്ന ഭാഗം ഇന്നിന്ന കാലത്തിൽ ഇന്ന പ്രകാരം സ്വീകരിക്കേണമെന്ന വിധി ൮
ഔഷധംസൂക്ഷിക്കേണ്ടുംപ്രകാരം ൯
ഇന്നിന്നതരം ദോഷകോപംസംഭവിച്ചാൽ ഇന്നിന്നതരം ഔഷധം ശീലിപ്പിക്കേണമെന്ന് ൰
മലങ്കാരയ്ക്കയുടെ ഗുണവും അതു ശുദ്ധിചെയ്തു സംഗ്രഹിക്കേണ്ടും പ്രകാരവും ,,
വമനൌഷധപ്രയോഗവിധി ൧൧
ഔഷധംശീലിക്കുമ്പോൾ ജപിക്കേണ്ടും മന്ത്രം ൧൩.
വമനത്തിലെ ഹീനയോഗത്തിൽ ചെയ്യേണ്ടത് ൧൪
മധുസൈന്ധവോപയോഗവിധി ,,
വമനയോഗങ്ങൾ ,,
അദ്ധ്യായവിവരണം ൧൯

അദ്ധ്യായം ൨.

ജീമൂതകല്പം ൨൧-൨൪
ജീമൂതത്തിന്റെ ഗ്രാഹ്യാംശങ്ങളും പര്യായങ്ങളും ൨൧
ജീമൂതശുദ്ധിക്രമാദികൾ ,,
അനുലോമപ്രതിലോമങ്ങളായ ദോഷകോപത്തിലെ ഉപയോഗക്രമാദികൾ ൨൨
ജീമൂതസാദ്ധ്യവമനയോഗങ്ങൾ ,,
അദ്ധ്യായവിവരണം ൨൩

അദ്ധ്യായം ൩.

ഇക്ഷ്വാകുകല്പം ൨൪-൨൯
ഇക്ഷ്വാകുപര്യായങ്ങൾ ൨൭
പ്രയോഗവിധി ,,
45 വമനയോഗങ്ങൾ ,,
അദ്ധ്യായവിവരണം ൨൮

വിഷയം. ഭാഗം.

അദ്ധ്യായം ൪.

ധാമാൎഗ്ഗവകല്പം ൨൯_൩൩
ധാമാൎഗ്ഗവപൎയ്യായങ്ങൾ ൨൯
ഇതു് ഇന്നിന്നതരം രോഗത്തിൽ പ്രശസ്തമെന്നു്. ൩൦
60 തരം ധാമാൎഗ്ഗവയോഗങ്ങൾ ,,
അദ്ധ്യായവിവരണം ൩൩

അദ്ധ്യായം ൫.

വത്സകകല്പം ൩൩_൩൬
വത്സകപൎയ്യായം ൩൪
വത്സകത്തിലെ സ്ത്രീപുരുഷവിഭാഗം ,,
കുടജസാദ്ധ്യരോഗവിഭാഗം ,,
18 തരം കുടജയോഗങ്ങൾ ,,
അദ്ധ്യായവിവരണം ൩൬

അദ്ധ്യായം ൬.

കൃതവേധനകല്പം ൩൬_൩൯
കൃതവേധനപൎയ്യായങ്ങൾ ൩൬
ഗുണസ്വഭാവം ൩൭
കൃതവേധനം ചേൎത്ത 60 തരം വമനയോഗങ്ങൾ ,,
അദ്ധ്യായവിവരണം ൩൮

അദ്ധ്യായം ൭.

ശ്യാമാത്രിവൃൽകല്പം ൩൯_൫൫
ത്രിവൃത്തിൻെറ പ്രഭാവം ൪൦
,, പൎയ്യായങ്ങൾ ,,
ഗുണകൎമ്മങ്ങൾ ,,
ശ്യാമാത്രിവൃത്തുകളിലെ ആകൃതിഭേദം ൪൧
ഔഷധഗ്രഹണവിധി ൪൨
വിരേചനൌഷധസേവനവിധി ,,
വിരേചനയോഗങ്ങൾ ൪൩
കല്യാണകഗുളം ൪൮
അദ്ധ്യായവിവരണം ൫൫

അദ്ധ്യായം ൮.

ചതുരംഗുലകല്പം ൫൬_൬൦
കൊന്നയുടെ പൎയ്യായങ്ങൾ ൫൬
ഫലഗ്രഹണാദിവിധി ൫൭
ഇന്നിന്ന പ്രായമായവൎക്കു് ചതുരംഗുലത്തിൻെറ ഇന്നിന്ന ഭാഗം കൊടുക്കാമെന്നവിവരണം ,,
കൊന്നക്കായ ശുദ്ധിചെയ്തു സൂക്ഷിക്കേണ്ടും ക്രമം ,,
ചതുരംഗുലയോഗങ്ങൾ ,,
അദ്ധ്യായവിവരണം ൫൯

അദ്ധ്യായം ൯.

തില്വകകല്പം ൬൦_൬൩
തില്വകപൎയ്യായങ്ങൾ ൬൦
അതിലെ ഗ്രാഹ്യാംശം ,,
അതിൻെറ ഭാവനാവിധി ,,
16 തരം തില്വകയോഗങ്ങൾ ൬൧
അദ്ധ്യായവിവരണം ൬൩

അദ്ധ്യായം ൧൦.

സുധാകല്പം ൬൪_൬൮
സുധയുടെ ഗുണങ്ങൾ ൬൪

വിഷയം. ഭാഗം.
നൃധ ഉപയോഗിക്കാവുന്നവ
തടെ വിഭാഗം ,,
കള്ളിയുടെ വകഭേദങ്ങളും പ
ര്യായങ്ങളും പ്രായഭേദവും ൯൩
കള്ളിപ്പാലെടുക്കവാനും അ
തു ശുദ്ധിചെയ്യാനുമുള്ള വിധി ,,
൧൦ തരം നൃധായോഗങ്ങൾ ൯൯
അദ്ധ്യായവിവരണം ൯൭

~~~

അദ്ധ്യായം ൧൫.

സപ്തലാശംഖിനീകല്പം ൯൮-൧൦൫
സപ്തലയുടേയും ശംഖിനിയുടേ
യും പര്യായങ്ങളും ഗുണങ്ങ
ളും പ്രയോഗാനുവിഭാഗ
ങ്ങളും ൯൮
ഇവകളുടെ ഉപയോഗക്രമം ൯൯
൫൦ തരം വിരേചനയോഗങ്ങൾ ,,
അദ്ധ്യായവിവരണം ൧൦൫

അദ്ധ്യായം ൧൬.

ദന്തീദ്രവന്തീകല്പം ൧൦൬-൧൨൦
ദന്തീദ്രവന്തികളുടെ പര്യായങ്ങ
ളും ആകൃതിഭേദങ്ങളും ൧൦൬
ഔഷധഗ്രഹണസമ്പ്രദായവും
ശുദ്ധിക്രമവും മററും ൧൦൭
ചില ഉദരരോഗങ്ങളിൽ എത്ര
ത്തരം ശീലിപ്പിക്കാമെന്ന് ൧൦൮
൪൮ തരം വിരേചനയോഗങ്ങൾ ,,
കല്പവിവരണം ൧൧൦
ഈ സ്ഥാനത്തിൽ പറഞ്ഞ
൬൦൦ യോഗങ്ങളിൽ ഇത്ര യോ
ഗങ്ങൾ വമനത്തിനുള്ളവയും ഇ
ത്ര വിരേകത്തിനുള്ളവയുമെന്ന് ൧൧൫
ശോധനൌഷധപ്രഭാവം ,,
സംയോജിതദ്രവ്യസ്വഭാവം ,,
കല്പൌഷധങ്ങൾക്ക വീണ്ടും കൂ
ട്ടവാനുള്ള കൌശലം ൧൧൬
ഭാവനസ്വഭാവം ൧൧൭
ഓരേ അദ്ധ്യായത്തിലുമുള്ള യോ
ഗങ്ങളുടെ ആകത്തുക ,,
തീക്ഷ്ണാദിരേകലക്ഷണം ൧൧൮
മദ്ധ്യം മൃദു എന്ന വിരേകസ്വ
ഭാവം ൧൧൯
വ്യാദ്ധ്യാദിഭേദം ൧൧൯
പ്രമനൌഷധസേവനാദിക്രമം ,,
ദോഷപാകസ്വഭാവം ൧൧൯
ദുർബ്ബലാദികൾക്ക് ഔഷധം കൊ
ടുക്കേണ്ടും ക്രമം ൧൨൦
ദുർബ്ബലാദികളുടെ ദോഷനിഹ
രണസ്വഭാവം ൧൨൦
ഔഷധത്തിന്ന ദോഷാവരണം
വരുന്നതിന്റെ സ്വഭാവം ,,
സ്നേഹിശ്യാദിക്രിയാഭേദം ൧൨൨
രൂക്ഷാദിദോഷകോപ ,, ൧൨൩
നാതിസ്നിശ്യാദിസ്വഭാവം ,,
ഔഷധവിഭ്രംശസ്വഭാവം ൧൨൪
ദ്രവ്യപ്രമാണം മദ്ധ്യബലന്മാ
രെള്ള വിധിയാണെന്ന് ,,
പരിണാമപരിഭാഷ ൧൨൫
ആർദ്രശുഷ്കദ്രവ്യഭേദം ൧൨൬
സ്നേഹപാകാദികളിലെ ജല
പരിമാണാദികൾ ൧൨൭
സ്നേഹപാകക്രമം ,,
മാനപരിഭാഷയുടെ ദൈപവി
ധ്യം ൧൨൯
അദ്ധ്യായവിവരണം ,,
സ്ഥാനവിവരണം ൨൦൦
~~~

ചരകസംഹിതാ

കല്പസ്ഥാനം.

അദ്ധ്യായം 1. മദനകല്പം.

അഥാതോ മദനകല്പം വ്യാഖ്യാസ്യാമഃ.

ഇതി ഹ സ്മാഹ ഭഗവാനാത്രേയഃ.

അഥ ഖലു വമനവിരേചനാർത്ഥം മദനഫലാദിത്രിവൃതാദീ

വിദ്വാൻ പുന്നശ്ശേരിനമ്പി നീലകണ്ഠശർമ്മാവവർകളുടെ

ഉപദേശസാഹായ്യത്തോടേ എഴുതിയ

വാചസ്പത്യം എന്ന

ഭാഷാവ്യാഖ്യാനം.

അദ്ധ്യായം 1.

സപമായയാ കല്പിതവിശപഭാഗം
പ്രമാതൃകാമോദിതിനന്ദനാകൃതിഃ
ബലേസ്സകാശം മുനിഭിപ്പ്രജൻ വടുഃ
ശ്രീവാമനോ മേസ്തു വിഭൂതിദായീ.

ഇനി—രോഗങ്ങളുടെ നിദാനങ്ങളേയും അതുകൾക്കുള്ള ചികിത്സകളേയും പ്രതിപാദിക്കുന്നതായ ചികിത്സിതസ്ഥാനത്തെ വിവരിച്ചതിന്നുശേഷം ഓരോ ഔഷധങ്ങൾക്കുള്ള പ്രഭാവങ്ങളും അതുകൾ ഇന്നിന്നതുകളോടെല്ലാം ചേർത്തുപയോഗിക്കാമെന്നതിന്റെ സ്വഭാവവും വമനവിരേകാദികളുടെ വിധികളും ഔഷധപരിമാണാദിസ്വഭാവവും മററ പരിമേയവിഷയങ്ങളെ പ്രതിപാദിക്കുന്നതായ കല്പസ്ഥാനത്തെ ആരംഭിക്കുന്നു. അവിടെ, പഞ്ചകർമ്മങ്ങളിൽ പ്രഥമഗണനീയമായ വമനത്തിന്ന് അത്യന്തം പ്രധാനമായതു മദനഫലമാകയാൽ ഒന്നാമതായി മദനകല്പമെന്ന അദ്ധ്യായത്തെ പറയുന്നു.

1—പ്രവചനസമയത്തിൽ ഗുരുവായ ആത്രേയഭഗവാൻ

നാം വമനവിരേചനദ്രവ്യാണാം സുഖോപഭോഗ്യതമൈഃ സഹാന്യൈർദ്രവ്യൈർവ്വിവിധൈഃ സംയോഗാനാം ച ക്രിയാവിധേഃ സുഖോപായസ്യ സമ്യഗ്വകല്പനാർത്ഥം കല്പസ്ഥാനമുപദേക്ഷ്യാമോഽഗ്നിവേശ. 1

തത്ര ദോഷഹരണമൂർദ്ധ്വഭാഗം വമനസംജ്ഞകമധോഭാഗം വിരേചനസംജ്ഞകം. ഉഭയം വാ ശരീരമലവിരേചനാദ്വിരേചനശബ്ദം ലഭതേ. 2

തത്രോഷ്ണതീക്ഷ്ണസൂക്ഷ്മവ്യവായിവികാസീന്യൗഷധാനി സ്വവീര്യേണ ഹൃദയമുപേത്യ ധമനീരനുസൃത്യ സ്ഥൂലാണു

സ്വശിഷ്യനായ അഗ്നിവേശനോട് ഇങ്ങിനെ ഉപദേശിച്ചു: അല്ലയോ അഗ്നിവേശ! ഇതുവരെ നാം ഉപദേശിച്ചതായ ചികിത്സിതസ്ഥാനപര്യന്തമുള്ളതെല്ലാം നല്ലവണ്ണം ധരിച്ചുവല്ലോ. ഇനി വമനവിരേചനങ്ങൾ ശീലിപ്പിക്കുവാൻ വിശിഷ്ടങ്ങളായ മലങ്കാരക്കു മുതലായതുകളുടെയും ത്രികോല്പക്കൊന്ന മുതലായതുകളുടെയും അത്ഥാൽ വമനദ്രവ്യങ്ങളായ മദനാദികളുടെയും വിരേചനദ്രവ്യങ്ങളായ ത്രിവൃതാദികളുടെയും സുഖോപഭോഗ്യങ്ങളായ മററു പലേതരത്തിലുള്ള ദ്രവ്യങ്ങളോടുകൂടെ കൂട്ടിച്ചേക്കുന്ന സമ്പ്രദായവും അതുകൾ ഉപയോഗിക്കേണ്ടുന്ന സമ്പ്രദായവും മററും നിയമപ്പെടുത്തുന്നതായ കല്പസ്ഥാനത്തെ വിശദമായി ഉപദേശിച്ചുതരാം. അതിനെക്കൂടെ മനസ്സിരുത്തി കേട്ടുധരിക്കുകയും വേണം *

2 — വമനവിരേചനങ്ങളിൽ കോപിച്ച ദോഷത്തെ അതിന്റെ സ്ഥാനത്തുനിന്നിളക്കി ഊർദ്ധ്വസ്രോതസ്സിൽക്കൂടെ പുറത്തുകളയുന്നതിന്നു വമനം — ഛർദ്ദിപ്പിക്കുക എന്നും, അതേവിധം കീഴ്പോട്ടു സരിപ്പിക്കുന്നതിന്നു വിരേചനം — വയറിളക്കുക എന്നും പറയും. ശരീരത്തിൽ ദുഷിച്ചുനില്ക്കുന്ന മലങ്ങളെ നല്ലവണ്ണം തുടച്ചുകളയുന്നതായ ഈ പറഞ്ഞ വമനവിരേചനങ്ങളെ രണ്ടിനേയും വിരേചനമെന്നു പറയുന്നതിന്നും വിരോധമില്ല. അപ്പോൾ വമനത്തെയും വിരേചനമെന്നു പറയാമെന്നു സാരം *

*3—4— ഈ പറഞ്ഞ വമനവിരേകങ്ങൾക്കുള്ള മദനത്രിവൃതാദി ഔഷധങ്ങൾ ഉഷ്ണം തീക്ഷ്ണം സൂക്ഷ്മം വ്യവായി വികാസി എന്നു

സ്രോതോഭ്യഃ കേവലം ശരീരഗതം ദോഷസംഘാതമാഗ്നേയത്വാദ്വി
ഷ്യന്ദയന്തി തൈക്ഷ്ണ്യാദ്വിച്ഛിന്ദന്തി. ౩

സ വിച്ഛിന്നഃ പരിപ്ലവഃ സ്നേഹഭാവിതേ കായേ സ്നേഹാക്ത
ഭാജനസ്ഥമിവ ക്ഷൌദ്രമസജൻ പ്രവണഭാവാദാമാശയമാഗത്യ ഉ
ദാനപ്രണുന്നോഗ്നിവായ്വാത്മകത്വാദൂർദ്ധ്വഭാഗപ്രഭാവാദൌഷധ

ഗുണവിശേഷങ്ങളോടു കൂടിയവയാകയാൽ അതുകൾ സേവിച്ച് അകത്തുചെന്നാൽ അതുകളുടെ വീര്യം നിമിത്തം അതുകൾ ഹൃദയത്തെ പ്രാപിക്കുകയും ഹൃദയമൂലങ്ങളായ ധമനികളെ വഴിപോലെ വ്യാപിക്കുകയും അവിടെനിന്നു സ്ഥൂലങ്ങളായും അണുക്കളായുമുള്ള സ്രോതസ്സുകളിൽക്കൂടെ ശരീരമെല്ലാം അതിവേഗത്തിൽ വ്യാപിക്കുകയും ആ ഔഷധങ്ങളെല്ലാം ആഗ്നേയങ്ങളാകയാൽ അവിടവിടെ ലയിച്ചുകിടക്കുന്ന ദോഷസംഘാതത്തെ അവിടങ്ങളിൽ നിന്നു സ്രവിപ്പിക്കുകയും ഔഷധതൈക്ഷ്ണ്യം നിമിത്തം അതുകൾക്കു വിച്ഛേദം വരികയും ചെയ്യും. അതേവിധം വിച്ഛിന്നമായ ദോഷസംഘാതം സ്നേഹസ്വേദങ്ങൾ ശീലിപ്പിക്കുകയാൽ അത്യന്തം സ്നിഗ്ദ്ധമായ ശരീരത്തിൽ, മിഴക്കു പുരട്ടിയ പാത്രത്തിൽ തേനാക്കിയാൽ ആ പാത്രത്തിൽ തേൻ പററിനില്ലാതിരിക്കുന്നതുപോലെ ലേശം പോലും ശരീരത്തിൽ തടഞ്ഞുനില്ലാതെ വിധേയമായിത്തീരുകയാൽ അതാതുസ്ഥാനത്തിൽനിന്നു സ്രവിച്ച് ആമാശയത്തിൽ വന്നുകൂടുകയും ചെയ്യും. അപ്പോൾ ആമാശയസ്ഥനായ ഉദാനവായു അതിനെ പുറത്തു തള്ളുകയും, ആ ദോഷത്തെ അതാതുസ്ഥാനങ്ങളിൽ നിന്ന് ഇളക്കിമാറിച്ച് ആമാശയത്തിലെത്തിക്കുകയും അതോടുചേർന്നു നില്ക്കുകയും ചെയ്യുന്ന ഔഷധം അഗ്നിവായുഗുണപ്രധാനവും മേല്പോട്ടു തള്ളുന്ന പ്രഭാവത്തോടുകൂടിയതുമാകയാൽ ഉദാനവായുവിന്റെ പ്രേരണ നേരെ മേല്പോട്ടായിത്തീരുകയാൽ ആ ദോഷം ആസ്യമാർഗ്ഗത്തിൽക്കൂടെ പുറത്തുചാടും. അതിനെയാണ് വമനമെന്നു പറയുന്നത്. ഇതേവിധം ലയിച്ചുകിടക്കുന്ന ദോഷങ്ങൾക്കു വിഷ്യന്ദശൈഥില്യങ്ങൾ വരുത്തി കോഷ്ഠത്തെ പ്രാപിപ്പിക്കുന്ന ഔഷധം ആപ്യപാർത്ഥിവഗുണങ്ങളോടുകൂടിയതായിരുന്നു എങ്കിൽ അതിന്റെ പ്രഭാവം അധോഗാമിത്വമാകയാൽ ആ ദോഷപ്രവൃത്തി അധോഭാഗത്തിലേക്കായിരിക്കും. ഇതിനെയാണ് വിരേകമെന്നു പറയു

സ്യാദുഭയഗുണമിത്യുച്യതേ. സലിലപൃഥിവ്യാത്മകത്വാദധോഭാഗപ്രഭാവാ
ച്ചൌഷധസ്യാധഃ പ്രവൃത്തതേ. ഉഭയതശ്ചോഭയഗുണത്വാദിതി
ലക്ഷണോദ്ദേശഃ. 4

തത്ര ഫലജീമൂതകേക്ഷ്വാകുധാമാർഗ്ഗവകുടജകൃതവേധനാനാം,
ശ്യാമാത്രിവൃച്ചതുരംഗുലതില്വകസുധാസപ്തലാശംഖിനീ ദന്തീദ്രവ
ന്തീനാം,ച നാനാവിധദേശകാലസംഭവാസ്വാദരസവീര്യ്യവിപാക
പ്രഭാവഗ്രഹണാനാം, ദേഹദോഷപ്രകൃതിവയോബലാഗ്നി ഭക്തി
സാത്മ്യരോഗാവസ്ഥാദീനാം നാനാത്മകത്വാച്ച, വിചിത്രഗന്ധ
വർണ്ണരസസ്പർശാനാമ്പയോഗസുഖാർത്ഥമസംഖ്യേയസംയോഗാനാമ
പി സതാം ദ്രവ്യാണാം വികല്പമാൎഗ്ഗോപദേശാൎത്ഥം ഷഡ്വിരേചന
യോഗശതാനി വ്യാഖ്യാസ്യാമഃ. 5

താനി തു ദ്രവ്യാണി ദേശകാലഗുണഭാജനസംപദ്വീര്യ്യബ

ന്നത്. ഔഷധത്തിന്നു വമനവിരേചനങ്ങൾ രണ്ടും ചെയ്യുവാനു
ള്ള ഗുണങ്ങളുണ്ടെങ്കിൽ അതു വമനവിരേകങ്ങളെ ചെയ്യിക്കുമെ
ന്നും ഗ്രഹിക്കണം. ഇതാണ് വമനവിരേകങ്ങളുടെ ലക്ഷണോദ്ദേശ
മെന്നും ധരിക്കണം.

5—അങ്ങിനെയുള്ള വമനവിരേചനദ്രവ്യങ്ങളിൽ. (വമനദ്ര
വ്യങ്ങൾ) മലങ്കാരയ്ക്ക ദേവതാളിക്കായ പേച്ചുരക്കായ വരിപ്പീച്ചി
ങ്ങ കുടകപ്പാലയരി കാട്ടുപീരയ്ക്ക (തുളക്കാപ്പീരം) ഇതുകളും, വിരേച
നദ്രവ്യങ്ങൾ നാല്ക്കോല്പക്കൊന്ന ത്രികോല്പക്കൊന്ന വൻകൊന്ന ക
മ്മട്ടി കള്ളി ചമ്മലന്തം ശംഖപുഷ്പം (ക്ഷീരിവള്ളി എന്നും പക്ഷം)
നാഗദന്തി നീർവ്വാളം ഇതുകളുമാകുന്നു. ഇതുകൾക്ക്, ജാംഗലാദി ഭാ
രോ ദേശങ്ങളിലുണ്ടാവുക ശിശിരഗ്രീഷ്മാദികാലത്തിൽ സംഗ്രഹി
ക്കുക ഉല്പത്തിസ്ഥാനഭേദം സ്വാദുഭേദം രസവീര്യ്യവിപാക പ്രഭാവ
ഭേദം ഇതുകൾ നിമിത്തവും, രോഗിയുടെ ദേഹസ്വഭാവം ദോഷകോ
പഭേദം വാതികാദി പ്രകൃതിഭേദം ബാല്യയൌവനാദിവയോഭേദം
ശരീരബലസ്വഭാവം ജാരാഗ്നിസ്വഭാവം ഭുക്തിസാത്മ്യസ്വഭാവം
രോഗാവസ്ഥ മുതലായതുകളുടെ വ്യത്യാസം നിമിത്തവും, ഓരോന്നു
തക്കും ഉപയോഗസുഖങ്ങളായ ഗന്ധവൎണ്ണരസസ്പൎശസൌകൎയ്യം
നിമിത്തവും സംയോഗവിധികൾ അനേകപ്രകാരത്തിലായിരിക്കു

ചാധാനാൽ ക്രിയാസമൎത്ഥതമാനി ഭേവന്തി. 6

ത്രിവിധഃ ഖലു ദേശോ ജാംഗലോനൂപഃ സാധാരണശ്ചേതി. തത്ര ജാംഗലഃ പൎയ്യാകാശഭൂയിഷ്ഠഃ തരുഭിരപി കദരഖദിരാസനാശ്വകൎണ്ണധവതിനിശസല്ലകീസാലസോമവല്കബദരീതിന്ദുകാശ്വത്ഥവടാമലകീവനഗഹനഃ അനേകശമീകകുഭശിംശപാപ്രായഃ സ്ഥിരശുഷ്കപവനബലവിധൂയമാനപ്രനൃത്യത്തരുണവിടപഃ പ്രതതമൃഗതൃഷ്ണാകൂപാപഗൂഢതനുഖരപരുഷസികതാശൎക്കരാബഹുലഃ ലാവതിത്തിരിചകോരാനുപ്രചിതഭൂമിഭാഗോ വാതപിത്തബഹുലസ്ഥിരകഠിനമനുഷ്യപ്രായോ ജ്ഞേയഃ ജാംഗലോ ജ്ഞേയഃ. 7

മെങ്കിലും ഈ പറഞ്ഞ വമനവിരേകദ്രവ്യങ്ങളുടെ ഉപയോഗസമ്പ്രദായത്തിലെ വികല്പമാൎഗ്ഗത്തെ ഉപദേശിക്കുവാൻ വേണ്ടി അനന്തരതരം വിരേചന (വമനവിരേക) യോഗങ്ങളെ ക്രമത്തിൽ വിവരിച്ചുപദേശിച്ചു തരികയും ചെയ്യാം *

6 — മുൻപറഞ്ഞ ഫലാദികൾ ദേശം കാലം ഗുണം ഭാജനം സമ്പത്തി മുതലായ ബലങ്ങളോട്ക്കൂടുകയാൽ വമനാദിക്രിയകളിൽ സമൎത്ഥങ്ങളായി — നിരുപദ്രവകാരികളായിത്തീരുകയും ചെയ്യും. ദേശാദിസ്വഭാവത്തെ അനുപദംതന്നെ വിവരിക്കുകയും ചെയ്യാം *

7—9-ജാംഗലാദിദേശസ്വഭാവത്തെ വിവരിക്കുന്നു:—ദേശം — ഭൂമിഭാഗം ജാംഗലം, അനൂപം, സാധാരണമെന്നു മൂന്നുതരമാകുന്നു. അതിൽ ജാംഗലം, ആകാശംപോലെ പരപ്പുള്ളതും വെൺകരിങ്ങാലി കരിങ്ങാലി വേങ്ങ മരുത് ഞമ തൊട്ടകാര ഈന്ത് പെരുമരം തോമരായം ലന്ത പനച്ചി അരയാൽ പേരാൽ നെല്ലി ഇതുകൾ ഇടതിങ്ങി നിറഞ്ഞതും വഞ്ചി നീൎമ്മരുത് ഇരുമുള്ള് ഇതുകൾ ധാരാളമായിട്ടുള്ളതും ഇടവിടാതെ ശുഷ്കമായി വീശുന്ന കാററനിമിത്തം ഇളകിക്കൊണ്ടിരിക്കുന്ന മരക്കൊമ്പുകളോടുകൂടിയതും മൃഗതൃഷ്ണകളുള്ളതും ആഴമുള്ള കിണറുകളോടുകൂടിയതും തനുക്കളും കൎക്കശങ്ങളും ഖരങ്ങളുമായ മണലും ഉരുളൻകല്ലും ധാരാളമുള്ളതും വെള്ളിപ്പക്ഷി തിത്തിരിപ്പുള്ള് ചകോരം പ്പൻനിതുകൾ ധാരാളമായി ഭൂമിയിൽ ഇറങ്ങി സഞ്ചരിക്കുന്നതും വാതപിത്തപ്രകൃതികളും ശരീരത്തിന്നും മനസ്സിന്നും സ്ഥൈൎയ്യവും കാഠിന്യവും കലശലായി

അഥാനൂപോ ഹിന്താലതമാലനാളികേരകദളീവനഗഹനഃ സരിത്സമുദ്രപര്യന്തപ്രായഃ ശിശിരപവനബഹുലോ വഞ്ജുളവാനീരോപശോഭിതതീരാഭിസ്സരിദ്ഭിരുപഗതഭൂമിഭാഗഃ ക്ഷിതിധരനികുഞ്ജോപശോഭിതോ മന്ദപവനാനുവീജിതഃ ക്ഷിതിരുഹഗഹനോ നൈകവനരാജീപുഷ്പിതവനഗഹനഭൂമിഭാഗഃ സ്നിഗ്ദ്ധതരുപ്രതാനോപഗൂഢഹംസചക്രവാകബലാകാനന്ദീമുഖപുണ്ഡരീകകാദംബമദ്ഗുഭൃംഗരാജശതപത്രമത്തകോകിലാനുനാദിതതരുവിടപഃ സുകുമാരപുരുഷഃ പവനകഫപ്രായോ ജ്ഞേയഃ. 8

അനയോരേവ ദ്വയോർദ്ദേശയോർവ്വീരുദ്വനസ്പതിവാനസ്പത്യ

ട്ടുള്ളവരുമായ മനുഷ്യരുള്ളതുമാകുന്നു. ഈ പറഞ്ഞ ഗുണങ്ങളോടുകൂടിയ ദേശത്തെ ജാംഗലമെന്നറിയേണമെന്നു സാരം. ആനൂപപ്രദേശസ്വഭാവത്തെ വിവരിക്കുന്നു: ഈന്തപ്പന പച്ചിലമരം തെങ്ങ് വാഴക്കൂട്ടം ഇതുകൾ നിറഞ്ഞിരിക്കുന്നതും നദികൾ ധാരാളമുള്ളതും സമുദ്രതീരപ്രദേശവും തണുത്ത കാററ് അധികമുള്ളതും ഇരുകരയിലും അശോകവും ആററുവഞ്ചിയും ധാരാളമുള്ള നദികൾ അവിടവിടെ പ്രവഹിച്ചുകൊണ്ടിരിക്കുന്നതും പർവ്വതഗുഹകളെക്കൊണ്ടു ശോഭിച്ചതും വായു മന്ദമായി വീശിക്കൊണ്ടിരിക്കുന്നതും വൃക്ഷങ്ങൾ ധാരാളമായിട്ടുള്ളതും അനേകതരത്തിലുള്ള വൃക്ഷങ്ങളോടുകൂടിയ വനം പൂത്തുനില്ക്കുന്ന സമയം അത്യന്തമായ കൌതുകത്തെ ഉണ്ടാക്കുന്നതും സ്നിഗ്ദ്ധങ്ങളായ തരുക്കളോടും ലതകളോടും കൂടിയതും അരയന്നം ചക്രവാകം വെള്ളിപ്പക്ഷി പാത്ത പുണ്ഡരീകം കാരന്നം നീർക്കാക്ക കുട്ടമച്ചുത്താൻപക്ഷി പെരുന്തത്ത (മയിലെന്നും പക്ഷം) കുയില് ഇതുകൾ സന്തോഷത്തോടെ വിഹരിച്ചുകൊണ്ടിരിക്കുന്ന വൃക്ഷങ്ങളോടുകൂടിയതുമായ ദേശവിഭാഗം ആനൂപമാകുന്നു. ആനൂപദേശവാസികളായ മനുഷ്യർ അത്യന്തസുകുമാരന്മാരും വാതകഫപ്രകൃതികളുമായിരിക്കുമെന്നും ഗ്രഹിക്കണം. ഈ പറഞ്ഞ ജാംഗലാനൂപദേശസ്വഭാവങ്ങൾ ഇടകലർന്നും രണ്ടുദേശത്തിലുമുള്ള വീരുത്തുകളും വനസ്പതികളും വാനസ്പത്യങ്ങളും പക്ഷികളും മൃഗങ്ങളും ഇടകലർന്നു താമസിച്ചു വരുന്നതുമായ ദേശം സാധാരണദേശമാകുന്നു. സാധാരണദേശവാസികളായ ജനങ്ങൾ ശരീരത്തിന്നു നല്ല സ്ഥൈര്യമുള്ളവരും സുകുമാരന്മാരും

ശകുനിമൃഗഗണയുതഃ സ്ഥിരസുകുമാരവർണ്ണസംഹനനോപപന്നസാ
ധാരണഗുണയുക്തപൂരുഷഃ സാധാരണോ ജ്ഞേയഃ. 9

തത്ര സാധാരണേ ജാംഗലേ വാ ദേശേ കാലം ശിശിരാതപ
പവനസലിലസേവിതേ സമേ ശുചൌ പ്രദക്ഷിണേ ശ്മശാന
ചൈത്യദേവയജനാഗാരശ്വഭ്രാരാമവൽമീകോഷരവിരഹിതേ കുശ
രോഹിഷാസ്തീർണ്ണേ സ്നിഗ്ദ്ധകൃഷ്ണസുവർണ്ണവർണ്ണമധുരമൃത്തികേ മൃദാവ
ഫാലകൃഷ്ടേഽനുപഹതേഽന്യൈർബ്ബലവത്തരൈർദ്രുമൈരൌഷധയോ ജാ
താഃ പ്രശസ്യന്തേ. 10

തത്ര യാനി കാലജാതാനി ഉപഗതസമ്പൂർണ്ണപ്രമാണരസവീ
ര്യ്യഗന്ധാനികാലാതപാഗ്നിസലിലപവനജന്തുഭിരനുപഹതഗന്ധവ

വർണ്ണപ്രസാദമുള്ളവരും സംഹനനഗാത്രന്മാരും സാധാരണ ഗുണയുക്തന്മാരുമായിരിക്കും. 'വാനസ്പത്യഃ ഫലൈഃ പുഷ്പാത്തൈരപുഷ്പാദ്വനസ്പതിഃ । ഓഷധ്യഃ ഫലപാകാന്താഃ സ്യുരവന്ധ്യഃ ഫലേഗ്രഹിഃ' എന്ന് അമരം *

10 — ഈ പറഞ്ഞ മൂന്നുതരം ദേശങ്ങളിൽ ജാംഗലദേശത്തിലോ സാധാരണ ദേശത്തിലോ അതാതുകാലം സംഭവിക്കേണ്ടതായ കാലത്തുണ്ടായതായ മഞ്ഞ് വെയില് കാറ്റ് മഴ ഇതുകളെല്ലാം നിബാധമായിക്കൊള്ളുന്നതും, നിരപ്പുള്ളതും വൃത്തിയുള്ളതും പ്രദക്ഷിണമായിട്ടുള്ളതും — തെക്കും പടിഞ്ഞാറും ഭാഗങ്ങൾ ഉയർന്നും കിഴക്കേ ഭാഗം നല്ലവണ്ണം താണും ഉള്ളതും, ശ്മശാനം ചൈത്യവൃക്ഷം ദേവതാഗാരങ്ങൾ പൊട്ടക്കുഴി ആരാമം പുററ് ഉവർമണ്ണ് ഇതുകളില്ലാത്തതും കുശയും നാന്മുകപ്പുല്ലുമുള്ളതും സ്നിഗ്ദ്ധതയുള്ളതും കൃഷ്ണവർണ്ണമോ സുവർണ്ണവർണ്ണമോ ആയ സ്വാദുള്ള മണ്ണുള്ളതും മററ സസ്യാദികളുണ്ടാക്കുവാനായി കിളച്ചു മറിച്ചതോ ഉഴുതതോ അല്ലാത്തതും മററു വലിയ വൃക്ഷങ്ങളുടെ കാനലില്ലാത്തതുമായ സ്ഥലത്തുണ്ടായ ഔഷധങ്ങളാണ് ഔഷധത്തിന്ന സ്വീകരിക്കുവാൻ വിശേഷമായിട്ടുള്ളത് *

11 — മുൻപറഞ്ഞ ഗുണത്തോടുകൂടിയ ദേശത്തിൽ അതാതുകാലം ഉണ്ടാവേണ്ടുന്ന കാലത്തുണ്ടായവയും വേണ്ടേടത്തോളം വളച്ച്

ന്നരസസ്പർശപ്രഭാവാണി പ്രത്യഗ്രാണ്യുദീച്യാം ദിശി സ്ഥിതാനി തേഷാം ശാഖാപലാശമചിരപ്രരൂഢം വർഷാവസന്തയോർഗ്രാഹ്യം ഗ്രീഷ്മേ മൂലാനി ശിശിരേ വാ ശീർണ്ണപ്രരൂഢപർണ്ണാനാം ശരദി ത്വക്കന്ദക്ഷീരാണി ഹേമന്തേ സാരാണി പുഷ്പഫലമിതി മംഗളാചാരഃ കല്യാണവൃത്തഃ ശുചിഃ ശുക്ലവാസാഃ സംപൂജ്യ ദേവതാമശ്വിനൗ ഗോബ്രാഹ്മണാംശ്ച കൃതോപവാസഃ പ്രാങ്മുഖ ഉദങ്മുഖോ വാ ഗൃഹ്ണീയാൽ. 11

ചെന്നവയും രസവീര്യഗന്ധങ്ങൾ തികഞ്ഞവയും കാലപ്പഴക്കത്താൽ ദ്രവിച്ചുപോയതോ വെയിൽകൊണ്ടു വാടിയതോ തീക്കേറിയതോ മലവെള്ളംവന്നു മുങ്ങി ചീഞ്ഞതോ കാററുകൊണ്ടു പറിഞ്ഞുവീണതോ പുഴക്കുത്തുള്ളതോ അല്ലാത്തവയും അതാതിന്റെ ഗന്ധത്തിന്നും നിറത്തിന്നും രസത്തിന്നും സ്പർശത്തിന്നും പ്രഭാവത്തിന്നും മാററം സംഭവിക്കാത്തവയും അതാതിന്നു വേണ്ടതിലധികം പഴക്കം ചെല്ലാത്തവയും—പുതിയവയും ജനാവാസസ്ഥാനത്തിന്റെ വടക്കുഭാഗത്തുണ്ടായവയുമായ ഔഷധങ്ങളാണ് ഔഷധത്തിന്നു സ്വീകരിക്കേണ്ടത്. അങ്ങിനെയുള്ളതുകളുടെ കൊമ്പുകളും ഇലകളും വർഷക്കാലത്തും വസന്തകാലത്തും എടുത്തു സംഗ്രഹിക്കണം. എന്നാൽ അതുകൾ ഇളയതുകളായിരിക്കുകയും വേണം. ഏതെങ്കിലും ഒന്നിന്റെ സർവ്വാംശങ്ങളും ഗ്രാഹ്യങ്ങളാണെന്നു വന്നാൽ വർഷാവസന്തകാലങ്ങളിൽ അതുകളുടെ ശാഖാപലാശങ്ങളെ സ്വീകരിക്കേണമെന്നും അർത്ഥം ഗ്രഹിക്കാം. അതേവിധം ഗ്രീഷ്മകാലത്തിൽ വേരും ശിശിരത്തിൽ ഉണങ്ങിയ അല്ലെങ്കിൽ മൂപ്പുചെന്ന കൊമ്പുകളും ഇലകളും ശരൽകാലത്തിൽ തോലും കിഴങ്ങും കറയും സംഗ്രഹിക്കാം. ഹേമന്തകാലത്തിൽ കാതലും പൂക്കളും കായകളും എടുത്തുപയോഗിക്കുകയും ചെയ്യാം. ഇങ്ങിനെയുള്ള കാലങ്ങളിൽ അതാത് ഔഷധങ്ങളെ സ്വീകരിക്കുവാൻ വിചാരിക്കുന്നവൻ സ്നാനനിത്യകർമ്മദേവതാർച്ചനാദി മംഗളാചാരങ്ങളെ ചെയ്യുവനും സച്ചരിതനും ശരീരശുദ്ധിയുള്ളവനും—ആശൗചാദിരഹിതനും അലക്കിയ വെള്ളവസ്ത്രം ധരിച്ചവനുമായിരിക്കണം. അവൻ ഔഷധഗ്രഹണത്തിന്നായി ഔഷധമൂലത്തിൽ അധിവസിക്കുന്ന വസുപ്രദ എന്ന അധിവാസദേവതയേയും അശ്വിനീദേവകളേയും

ഗൃഹീത്വാ ചാനുരൂപഗുണവദ്ഭാജനേ സംസ്ഥാപ്യാഗാരേഷു പ്രാഗുദക്ദ്വാരേഷു നിവാതപ്രവാതൈകദേശേഷു നിത്യപുഷ്പോപഹാരബലികൎമ്മവത്സ്വഗ്നിസലിലോപസ്വേദധൂമരജോമൂഷികചതുഷ്പദാമനഭിഗമനീയാനി സ്വവച്ഛന്നാനി ശിക്യേഷ്വാസജ്യ സ്ഥാപയേൽ. തത്താനി ച യഥാദോഷം പ്രയുഞ്ജീത. 12

വിധിപ്രകാരം പൂജിച്ചതിന്നുശേഷം ബ്രാഹ്മണൎക്ക ദക്ഷിണാദികൾ ചെയ്തു് അവരുടെ ആശീൎവ്വാദവുംവാങ്ങി ഉപവാസമായി (ഔഷധഗ്രഹണത്തിന്നുമുമ്പെ യാതൊന്നും ഭക്ഷിക്കരുതെന്നും വിവക്ഷ) കിഴക്കോട്ടോ വടക്കോട്ടോ തിരിഞ്ഞുനിന്നുകൊണ്ടു് കന്ദാദിപ്രവാളാന്തങ്ങളായ ഏതുതരം ഔഷധത്തെയും സ്വീകരിക്കണം. 'ധന്വസാധാരണേ ദേശേ സമേ സന്മൃത്തികേ ശുചൌ । ശ്മശാനചൈത്യായതനശ്വഭ്രവല്മീകവൎജ്ജിതേ । ശുചൌ പ്രദക്ഷിണജലേ കുശരോഹിഷസംസ്തൃതേ । അഫാലകൃഷ്ടേനാക്രാന്തേ പാദപൈൎബ്ബലവത്തരൈഃ । ശസ്യതേ ഭേഷജം ജാതം യുക്തം വൎണ്ണരസാദിഭിഃ । ജന്തുജുഷ്ടം ദവാദഗ്ദ്ധമവിദഗ്ദ്ധം ച വൈകൃതൈഃ । ഭൂതൈശ്ഛായാതപാംബ്വാദ്യൈൎയ്യഥാകാലം ച സേവിതം । അവഗാഢമഹാമൂലമുദീചീം ദിശമാശ്രിതം' എന്നും 'അഥ കല്യാണചരിതഃ ശ്രാദ്ധഃ ശുചിരുപോഷിതഃ । ഗൃഹ്ണീയാദൌഷധം സുസ്ഥം സ്ഥിതം കാലേ ച കല്പയേൽ' എന്നു വാഗ്ഭടാചാൎയ്യനും പറയുന്നു*

12 — മുൻപറഞ്ഞ ഗുണങ്ങളോടുകൂടിയ ഔഷധം വേണ്ടുവിധം സ്വീകരിച്ചാൽ അതിനെ, അതാതിന്നു് അനുരൂപമായ ഗുണത്തോടുകൂടിയ പാത്രത്തിലാക്കി (അടച്ചു്) ഗൃഹത്തിൽ കിഴക്കോട്ടോ വടക്കോട്ടോ രണ്ടുഭാഗത്തേക്കുമോ വാതിലുകളുള്ളതും (ദക്ഷിണപശ്ചിമദ്വാരമായിരിക്കരുതെന്നു സാരം) കാററുതട്ടാത്തതായ സ്ഥലമുള്ളതും പതിവായി പുഷ്പാഞ്ജലിയും വൈശ്വദേവാദിരൂപബലികൎമ്മങ്ങളും ചെയ്തുവരുന്നതും തീയ്യ് വെള്ളം ആവി പുക പൊടി മൂഷികൻ മാൎജ്ജാരൻ ശ്വാക്കൾ പശ്വാദികൾ മുതലായ നാല്ക്കാലികൾ ഇത്യാദികൾക്കു് അഗമ്യവും വെട്ടപ്പുള്ളതുമായ അറയിൽ ഉറിയിലാക്കി കെട്ടിത്തൂക്കുകയും വേണം. അതേവിധം സൂക്ഷിച്ച ഔഷ

സുരാസൌവീരകതുഷോദകമൈരേയമേദകധാന്യാംബ്ലഫലാംബ്ലദധ്യമ്ലാദിഭിർവ്വാതേ. 13

മൃദ്വീകാമലകമധുകപരൂഷകഫലഫാണിതക്ഷീരാദിഭിഃ പിത്തേ. 14

ശ്ലേഷ്മണി തു മധുമൂത്രകഷായാദിഭിഃ ഭാവിതാനി ആലോഡിതാനി ചേത്യുദ്ദേശഃ. 15

തം വിസ്തരേണ ദ്രവ്യദേഹദോഷസാത്മ്യാദീനി പ്രവിഭജ്യ വ്യാഖ്യാസ്യാമഃ. 16

വമനദ്രവ്യാണാം മദനഫലാനി ശ്രേഷ്ഠതമാന്യാചക്ഷതേ അനപായിത്വാൽ. താനി വസന്തഗ്രീഷ്മയോരന്തരേ പുഷ്യാശ്വയുജ്യാം

ധം ദോഷകോപവ്യത്യാസത്തിനു തക്കവണ്ണം എടുത്തു ശീലിപ്പിക്കുകയും വേണം *

ഇന്നിന്ന ദോഷങ്ങൾ കോപിച്ചാൽ ഇന്നിന്നതരം ഔഷധം ശീലിപ്പിക്കേണമെന്നുപറയുന്നു:— 13-15— വാതകോപത്തിൽ വമനവിരേചനങ്ങൾക്കുള്ള ഔഷധങ്ങൾ, സുര സൌവീരകം അരിക്കാടി മൈരേയമദ്യം മേദകമദ്യം വെപ്പുകാടി ഫലങ്ങൾ പിഴിഞ്ഞ നീര് പുളിച്ചതൈര് മുതലായതിൽ ചേർത്തു കൊടുക്കണം, പിത്തകോപമാണെങ്കിൽ, മുന്തിരിങ്ങാപ്പഴം നെല്ലിക്ക ഇരട്ടിമധുരം ചിററീന്തൽകായ നീർകണ്ടിശ്ശർക്കര പാൽ മുതലായതുകളിലാണ് ചേർത്തു സേവിക്കേണ്ടത്. കഫകോപത്തിൽ, തേൻ ഗോമൂത്രം ഔഷധങ്ങളിട്ടുവെച്ച കഷായം മുതലായവയിൽ കലക്കിയും സേവിക്കണം * 16— ഈ പറഞ്ഞ വിധിയെത്തന്നെ അതാതു ദ്രവ്യങ്ങളുടേയും ദേഹപ്രകൃതികളുടേയും ദോഷകോപവ്യത്യാസത്തിന്റേയും സാത്മ്യസ്വഭാവത്തിന്റേയും അവസ്ഥപോലെ ശീലിപ്പിക്കുകയും വേണം. ആ വക വിധികളെ അതാതുകൾക്ക് അനുസരിച്ചുവിധം വിശദമായി വിസ്തരിച്ചുപദേശിച്ചു തരികയും ചെയ്യാം *

17— ഛർദ്ദിപ്പിക്കുവാനുള്ള ഔഷധങ്ങൾ വളരെ ഉണ്ടെങ്കിലും അതിലെല്ലാംവെച്ച് അത്യന്തം ശ്രേഷ്ഠമായിട്ടുള്ളതു മലങ്കാരക്കായാകുന്നു. അതെന്തുകൊണ്ടെന്നാൽ— വമനദ്രവ്യങ്ങൾ പ്രായേണ അപായകരങ്ങളാണ്. ഇതിന് ആ ദോഷമില്ല. അതാണ് ഇതു മ

മൃഗശിരസാ വാ ഗൃഹ്ണീയാന്മൈത്രേ മുഹൂൎത്തകരണേ ച. യാനി പക്വാനി ഹരിതാനി പാണ്ഡൂന്യക്രിമീണ്യകൃശാന്യഹ്രസ്വാന്യജഗ്ധാനി താനി പ്രഗൃഹ്യ കുശപുടേ ബദ്ധ്വാ ഗോമയേനാലിപ്യ യവതുഷമാഷശാലികുലത്ഥമുദ്ഗപൂൎണ്ണേ ഭാജനേന്യതമേ നിദധ്യാദഷ്ടരാത്രം. അത ഊൎദ്ധ്വം മൃദുഭൂതാനി താനി മധുരിഷ്ടഗന്ധാനി ഉദ്ധൃത്യ ശോഷയേത്. സുശുഷ്കാണാം ഫലാനാം പിപ്പലീരുദ്ധരേൽ. താസാം ഘൃതദധിമധുപലലവിമൃദിതാനാം പുനഃശുഷ്കാണാം താസാം നവക

റെറല്ലാററിലും ശ്രേഷ്ഠമെന്നു പറയുവാനുള്ള കാരണമെന്നു സാരം.

ആ മലങ്കാരയ്ക്കു വസന്തകാലത്തിലോ ഗ്രീഷ്മകാലത്തിലോ പൂയം അശ്വതി മകീരം എന്ന നാളുകളുള്ളദിവസം ശുഭകരണവുംകൂടിവന്നാൽ അന്നു മൈത്രമെന്ന മുഹൂൎത്തസമയത്തിൽ മുൻപറഞ്ഞ വിധിപ്രകാരം സംഗ്രഹിക്കണം. അങ്ങിനെ അറുത്തെടുക്കുന്നത്, പഴുത്തവയും പച്ചനിറമോ പാണ്ഡുവൎണ്ണമോ ഉള്ളവയും പാകാധിക്യം നിമിത്തം ക്രിമി ബാധിച്ചിട്ടില്ലാത്തവയും ചുങ്ങാത്തവയും പുഷ്ടിയുള്ളവയും ജന്തുക്കൾ കൊത്തിപ്പൊളിക്കാത്തവയുമായിരിക്കണം. ഇവിടെ 'അദഗ്ദ്ധാനി' എന്നും പാഠംകാണുന്നു. ആ പാഠത്തിൽ ദാവാനലാദികൾ തട്ടി വെന്തുപോകാത്തവയെന്നും ഗ്രഹിക്കണം. അതുകൾ അറുത്തെടുത്താൽ ഉടച്ചു വെടുപ്പുവരുത്തി കുശപ്പുല്ലുകൊണ്ടു പൊതിഞ്ഞുകെട്ടി പുറമെ ചാണകംതേച്ച് യവം ഉമി ഉഴുന്ന് ചെന്നെല്ല് മുതിര കാട്ടുപയറ് ഇതുകളിൽ ഏതിലെങ്കിലും ഒന്നിൽ എട്ടുദിവസം കുഴിച്ചിടണം. ഇങ്ങിനെ എട്ടുദിവസം കഴിയുമ്പോഴക്കും ആ മലങ്കാരയ്ക്കു് നല്ല മാൎദ്ദവവും തേനുപോലെയുള്ള സൌരഭ്യവുമുണ്ടാകും. അപ്പോൾ അതെടുത്തു കെട്ടഴിച്ചു വെയിലത്തിട്ട് ഉണക്കണം. അങ്ങിനെ കായ നല്ലവണ്ണം ഉണങ്ങിയാൽ ആ കായകൾ കീറി അതിൻെറ പിപ്പലികളെല്ലാം വേറിട്ടെടുക്കണം. മലങ്കാരയ്ക്കയുടെ വിത്തിനെ ഫലപിപ്പലി എന്നാണ് പറയുക എന്നും ഗ്രഹിക്കണം. ആ ഫലപിപ്പലികളെ നെയ്യോ തൈരോ തേനോ മാംസമോ കൂട്ടി തിരുമ്മി പിന്നെയും നല്ലവണ്ണം ഉണക്കി, ഒരു പുതുക്കൊട്ടത്തിൽ മണലിട്ടു ഉടച്ചു വെടുപ്പുവരുത്തി പൊടിയെല്ലാം കളഞ്ഞ് അതിൻെറ കഴുത്തുവരെ ഫലപിപ്പലിനിറച്ചു നല്ലവണ്ണം

ലശം സുപ്രമൃഷ്ടവാലുകമരജസ്കമാകണ്ഠം പൂരയിത്വാ സ്വവച്ഛന്നം
സ്വനുഗുപ്തം ശിക്യേ ആസജ്യ സ്ഥാപയേൽ. 17

അഥ ഛർദനീയമാതുരം ദ്വ്യഹം ത്ര്യഹം വാ സ്നേഹസ്വേദോ
പപന്നഞ്ച ഛർദ്ദയേദിതി. 18

ഗ്രാമ്യാനൂപൗദകമാംസരസക്ഷീരദധിമാഷതിലശാകാദിഭിഃ
സമുൽക്ലേശിതശ്ലേഷ്മാണം വ്യുഷിതം ജീർണ്ണാഹാരം പൂർവ്വാഹ്ണേ കൃത
ബലിഹോമമങ്ഗളപ്രായശ്ചിത്തം നിരന്നമനതിസ്നിഗ്ദ്ധം യവാഗൂ
ഘൃതമാത്രാഞ്ച പീതവന്തം, താസാം ഫലപിപ്പലീനാമന്തർനഖമു

അടച്ചു വായ്കെട്ടി ഉറിയിലാക്കി മുൻ വിവരിച്ചവിധമുള്ള അറയിൽ കെട്ടിത്തൂക്കണം. ഇതാണ് ഫലപിപ്പലീസംഗ്രഹണവിധി *

18— ഇങ്ങിനെ ഫലപിപ്പലികളെ സംഗ്രഹിച്ചുവെച്ചതിനുശേഷം ഒരു രോഗിയെ ഛർദ്ദിപ്പിക്കേണ്ടതായിവന്നാൽ വാമ്യനായ അവനെ രണ്ടോ മൂന്നോ പ്രാവശ്യം (സമ്യഗ്യോഗം വരുന്നതുവരെ) സ്നേഹസ്വേദങ്ങളെ ശീലിപ്പിച്ചതിനുശേഷം അടുത്തു വിവരിക്കുന്ന വിധിപ്രകാരം ഛർദ്ദിപ്പിക്കണം. *

19-22— വാമ്യനും സ്നേഹസ്വേദങ്ങളെ ശീലിച്ചവനുമായ രോഗിയെ ഗ്രാമ്യങ്ങളോ ആനൂപങ്ങളോ ഔദകങ്ങളോ ആയ മാംസങ്ങൾ അതേവിധമുള്ള മാംസംകൊണ്ടുണ്ടാക്കിയ മാംസരസം പാല് തൈര് ഉഴുന്ന് എള്ള് ഇലക്കറികൾ ഇതുകൾ യഥായോഗ്യം ശീലിപ്പിച്ചു കഫത്തിന് ഉൽക്ലേശം വരുത്തുകയും ഛർദ്ദിക്കുന്ന ദിവസം, തലേദിവസം കഴിച്ച ആഹാരം നല്ലവണ്ണം ദഹിച്ചിരിക്കുകയും ചെയ്തവനായ രോഗിയെക്കൊണ്ടു രാവിലെ നിത്യനൈമിത്തികാനുഷ്ഠാനങ്ങളേയും മംഗലാവഹമായ വിഘ്നേശപൂജാദികളും ഭൂതബലികളും പ്രായശ്ചിത്തദാനങ്ങളും ചെയ്യിച്ചതിനുശേഷം വററ ലേശംപോലുമില്ലാത്തതും വളരെ സ്നേഹദ്രവ്യംചേർക്കാത്തതുമായ കഞ്ഞിത്തെളിയിൽ നെയ്ചേർത്തു സേവിപ്പിക്കണം. പിന്നെ നഖം കൈപ്പടത്തിൽ തട്ടത്തക്കവിധം വിരലുകൾ മടക്കിയാൽ ആ മുഷ്ടിയിൽ എത്രമാത്രം മുൻപറഞ്ഞ ഫലപിപ്പലി കൊള്ളുമോ അത്രമാത്രമെടുത്ത്, അല്ലെങ്കിൽ എത്രമാത്രം ഫലപിപ്പലി കൊണ്ടാണോ അവനു വമനത്തിന്റെ സമ്യഗ്യോഗം സംഭവിക്കു

ഷ്ടിം യാവദ്വാ സാധു മന്ഥേന ജർജ്ജരീകൃത്യ യഷ്ടിമധുകകഷായേണ
കോവിദാരകർബ്ബുദാരനീപവിദുലബിംബീശണപുഷ്പീസദാപുഷ്പീപ്ര
ത്യക്പുഷ്പീകഷായാണാമന്യതമേന വാ രാത്രിമുഷിതം വിമൃദ്യ പൂതം
മധുസൈന്ധവയുക്തം സുഖോഷ്ണം കൃത്വാ പൂർണ്ണം ശരാവം മന്ത്രേ
ണാനേനാഭിമന്ത്രയേൽ. 19

ഓം. ബ്രഹ്മദക്ഷാശ്വിരുദ്രേന്ദ്രഭൂചന്ദ്രാർക്കാനിലാനലാഃ
ഋഷയസ്സൌഷധിഗ്രാമാ ഭൂതസംഘാശ്ച പാന്തു തേ. 20
രസായനമിവർഷീണാം ദേവാനാമമൃതം യഥാ
സുധേവോത്തമനാഗാനാം ഭൈഷജ്യമിദമസ്തു തേ. 21

ഇത്യേവമഭിമന്ത്ര്യോദങ്മുഖമാതുരം പായയേൽ. ശ്ലേഷ്മജ്വരഗുല്മ
പ്രതിശ്യായവന്തം വിശേഷേണ പുനരാപിത്താഗമനാത്തേന സാ
ധു വമതി. 22

ഹീനവേഗസ്തു പിപ്പല്യാമലകസർഷപകല്ലലവണോഷ്ണോദ

ക എന്നു വൈദ്യൻ തീർച്ചപ്പെടുത്തുന്നതായാൽ അത്രമാത്രമെടുത്തു ചത
ച്ച്, ഇരട്ടിമധുരക്കഷായത്തിലോ, മലയകത്തിത്തൊലി നറുവരി
ത്തൊലി കടമ്പിൻതൊലി വഞ്ഞിത്തൊലി കോവക്കിഴങ്ങ് കില്ലു
കില്ലപ്പൻ എരുക്ക് വലിയ കടലാടി ഇതുകളിൽ ഏതെങ്കിലും മരു
ന്നിട്ടുവെച്ച കഷായത്തിലോ തലേദിവസം ഇട്ടുവെച്ച പിറേറദിവ
സം എടുത്തു തിരുമ്മിപിഴിഞ്ഞരിച്ചു തേനും ഇന്തുപ്പും ചേർത്തു
ചൂടുപിടിപ്പിച്ച് ഒരു ചരാത്തിൽ നിറച്ച് 'ഓം ബ്രഹ്മദക്ഷാശ്വി'
ഇത്യാദിയായ രണ്ടുമന്ത്രം മന്ത്രദേവതമാരെ മനസ്സുകൊണ്ട് അനു
സന്ധാനം ചെയ്തുകൊണ്ടു ജപിച്ചതിന്നുശേഷം ഛർദ്ദിപ്പിക്കേണ്ടവ
നെ കിഴക്കു തിരിച്ചിരുത്തി സേവിപ്പിക്കണം. ഇതാണ് വമനൌ
ഷധസേവനക്രമം. ഈ പറഞ്ഞ വിധിപ്രകാരം സേവിപ്പിച്ചാൽ
കഫജ്വരം ഗുന്മൻ പീനസം ഇതുകളുള്ളവക്കു കഫവും കഫത്തോടു
ചേർന്നിരിക്കുന്ന മററു ദോഷങ്ങളും നല്ലവണ്ണം ഛർദ്ദിച്ചുപോവുകയും
പിത്തം ഛർദ്ദിച്ചുതുടങ്ങുമ്പോൾ താനേ ഛർദ്ദി ശമിക്കുകയും ചെയ്യും *
23— ഈ പറഞ്ഞ വിധിപ്രകാരം ഔഷധം സേവിപ്പിച്ചിട്ടും നല്ല
വണ്ണം ഛർദ്ദിച്ചുപോകുന്നില്ലെങ്കിൽ തിപ്പലി നെല്ലിക്ക കടുക് ഇവ

കൈഃ പുനഃ പ്രവർത്തയേൽ ആപിത്തദർശനാദിത്ര്യയം സർവ്വേഷ്വേന യോഗവിധിഃ. 23

സർവ്വേഷു തു മധുസൈന്ധവം കഫവിലായനച്ഛേദാർത്ഥം വമനേഷു വിദധ്യാൽ. ന ചോഷ്ണവിരോധോ മധുനഃ വമനയോഗയുക്തസ്യാവിപാകപ്രത്യാഗമനാദ്ദോഷഹരണാച്ച. 24

ഫലപിപ്പലീനാം ദ്വൌ ദ്വൌ ഭാഗൌ കോവിദാരാദികഷായേണ ത്രിസ്സപ്തകൃത്വോ ഭാവയേൽ. തേന രസേന തൃതീയം ഭാഗം

അരച്ച് ഇന്തുപ്പുംകൂട്ടി കാഞ്ഞവെള്ളത്തിൽ കലക്കി കൂടക്കൂടെ ധാരാളമായി കുടിപ്പിക്കുക എന്നാൽ ഛർദ്ദിക്കും. പിത്തം ഛർദ്ദിച്ചുതുടങ്ങിയാൽ ഔഷധം കൊടുക്കുന്നതു നിർത്തുകയും വേണം. ഇതാണ് ഛർദ്ദിപ്പിക്കുവാനുള്ള വിധി *

24 — അവിടവിടെ കെട്ടിനില്ക്കുന്ന കഫം അതാതു സ്ഥാനങ്ങളിൽനിന്നു സ്രവിക്കുവാനും ഒന്നിച്ചു കൂടിനില്ക്കുന്ന കഫം മുറിഞ്ഞു പോരുവാനുമായി എല്ലാത്തരം വമനയോഗങ്ങളിലും തേനും ഇന്തുപ്പും ചേർക്കണം. ചിലയോഗങ്ങളിൽ ഇതുകൾ ചേർക്കുവാൻ പറഞ്ഞു കാണുന്നില്ലെങ്കിലും ചേർത്തുകൊള്ളേണമെന്നു സാരം. 'ഉഷ്ണമുഷ്ണാർത്തമുഷ്ണേ ച' ഇത്യാദി വചനങ്ങളാൽ തേൻ ഒരിക്കലും ചൂടുള്ള സാധനങ്ങളോടുകൂടെ ഉപയോഗിച്ചുപോകരുതെന്നു വിധിച്ചിട്ടുണ്ടെങ്കിലും ചൂടുപിടിപ്പിച്ച വമനദ്രവ്യത്തോടുകൂടെ തേൻചേർത്തു സേവിക്കുന്നതിന്നു യാതൊരു വിരോധവുമില്ല. അതെന്തെന്നാൽ വമനദ്രവ്യത്തിൽചേർത്ത തേൻ അകത്തു ചെന്നാൽ അതിന്ന് അവിടെ വെച്ചു ജാരാഗ്നിപാകം സംഭവിക്കുകയില്ല, എന്നു മാത്രമല്ല അതു ദുഷിച്ച ദോഷത്തെ നിശ്ശേഷം ഹരിച്ചു കളയുവാൻ കാരണഭൂതമായിത്തീരുകയും ചെയ്യും. അതാണ് 'ന ചോഷ്ണവിരോധോ മധുനഃ' എന്നു പ്രത്യേകം വിധിച്ചിരിക്കുന്നതെന്നും ഗ്രഹിക്കണം *

25 — ഇപ്രകാരം വമനസാമാന്യവിധിയെ വിവരിച്ചതിന്നു ശേഷം ഇനി വമനത്തിന്നുള്ള പ്രത്യേകയോഗങ്ങളേയും വിവരിക്കുന്നു:— ഫലപിപ്പലി ഈ രണ്ടുഭാഗം മുൻ-19—ാം ഗദ്യത്തിൽ പറഞ്ഞ കോവിദാരാദികളുടെ കഷായത്തിൽ ൨൧ പ്രാവശ്യം ഭാവനം ചെയ്തുണക്കുക. ആ ഭാവനം ചെയ്യുവാനുണ്ടാക്കിയ കഷായത്തിൽ

പിഷ്ട്വാ ഹരീതകീഭിർവ്വിഭീതകൈർവ്വാ തുല്യം വത്സരേൽ. താംസ്താമേകാ ദശ വാ പൂർവ്വോക്താനാം കഷായാണാമന്യതമസ്യാഞ്ജലിമാത്രേണ വിമൃദ്യ ബലവൽശ്ലേഷ്മപ്രസേകഗ്രന്ഥിജ്വരോദരാരുചിഷു പായയേദിതി സമാനം പൂർവ്വേണ. 25

ഫലപിപ്പലീക്ഷീരം തേന വാ ക്ഷീരയവാഗൂമധോഭാഗേ രക്തപിത്തേ ഹൃദ്ദാഹേ ച തൃഷിതസ്യ വാ ദ്വേ ഉത്താരകം കഫച്ഛർദ്ദിസ്തമകപ്രസേകേഷു തസ്യൈവ പയസഃ ശീതസ്യ സന്താനികാഞ്ജലിം പിത്തേ പ്രകുപിതേ ഉരഃകണ്ഠഹൃദയേ ച തനുകഫോപദിഗ്ദ്ധേതി സമാനം പൂർവ്വേണ. 26

ഭാവനംചെയ്ത മൂന്നുഭാഗം ഫലപിപ്പലിയും ഒരു ഭാഗത്തിന്റെ പകുതി കടുക്കയും കടുക്കയോളം താന്നിക്കയുംകൂടെ അരച്ചുകലക്കി മുൻപറഞ്ഞ വിധിപ്രകാരമുണ്ടാക്കിയ കഷായത്തിൽ 19—ാം ഗദ്യത്തിൽ പറഞ്ഞമാതിരി ഫലപിപ്പലി ചതച്ചിട്ട് ഉണ്ടാക്കിയ രസം ഒരഞ്ജലിയും മുൻപറഞ്ഞ അരച്ചുകലക്കിയ കഷായവുംകൂട്ടി യോജിപ്പിച്ച മധുസൈന്ധവങ്ങളുംചേർത്തു കൊടുത്താൽ കഫകോപാധിക്യംനിമിത്തം സംഭവിച്ച പ്രസേകം മുഴ പനി മഹോദരം അരോചകം ഇതുകളുള്ളവൎക്കെല്ലാം വേണ്ടതുപോലെ വമനം സംഭവിക്കും. ഇവിടെയും ഔഷധപ്രമാണാദികളിലെ വിധിയെല്ലാം മുൻപറഞ്ഞതുപോലെ തന്നെയാകുന്നു. അതാണ് 'ഇതി സമാനം പൂർവ്വേണ' എന്നു പറഞ്ഞിരിക്കുന്നത് *

26—ഫലപിപ്പലിയിട്ടു കറുക്കിയ പാലോ ആ പാൽചേർത്തുണ്ടാക്കിയ പാൽകഞ്ഞിയോ സേവിപ്പിച്ചാൽ അധോഗമമായ രക്തപിത്തമുള്ളവന്നു വമനം സംഭവിക്കും. ഹൃദ്ദാഹമുള്ളവന്നും ദാഹമുള്ളവന്നും വമനത്തിന്ന് ഇതു നല്ലതാകുന്നു. കഫച്ഛർദ്ദി തമകശ്വാസം പ്രസേകം ഇതുകളുള്ളവൎക്ക് ആ പാൽ ഉറവീഴ്ത്തിയുണ്ടാക്കിയ തൈരിന്റെ പാടകൊടുക്കണം. പിത്തകോപമുള്ളവന്നും ഉരസ്സിലും കണ്ഠത്തിലും ഹൃദയത്തിലും അല്പമായ കഫോപദേഹത്തോടുകൂടിയവനുമായവന്നു വമനത്തിന്ന് ആ പാലുകാച്ചി പുകയിട്ട് പാടകെട്ടി വാങ്ങി ആറിയാൽ ആ പാട അഞ്ജലിമാത്രം സേവിക്കുന്നതു നല്ലതാകുന്നു *

27—ഫലപിപ്പലികളിട്ടു കറുക്കിയ പാൽ ഉറവീഴ്ത്തി കട

ഫലപിപ്പലീശൃതക്ഷീരാന്നവനീതമുൽപന്നം മധുകാദികല്ക്കകഷായസിദ്ധം കഫാഭിഭൂതാഗ്നിം വിശുഷ്കദേഹം ച മാത്രയാ പായയേദിതി സമാനം പൂർവ്വേണ. 27

ഫലപിപ്പലീനാം ഫലാദികഷായേണ ത്രിസ്സപ്തകൃത്വഃ പരിഭാവിതേന പുഷ്കരജഃ പ്രകാശേന ചൂർണ്ണേന സരസി ബൃഹത്സരോരുഹം സായാഹ്നാവചൂർണ്ണയേൽ. തദ്രാത്രിപ്യുഷിതം പ്രഭാതേ പുനരവചൂർണ്ണിതമുദ്ധൃത്യ ഹരിദ്രാകൃസരക്ഷീരയവാഗൂനാമന്യതമം സൈസന്ധവഗുളഫാണിതയുക്തമാകണ്ഠം പീതവന്തമഗ്ര്യാംപയേത്സുകുമാരമുൽക്ലിഷ്ടപിത്തകഫമൌഷധദ്വേഷിണമിതി സമാനം പൂർവ്വേണ. 28

ഞെടുത്ത വെണ്ണനെയ്യ് മധുകാദികളുടെ കഷായത്തിൽ അതുകൾ തന്നെ കല്ക്കമാക്കി കാച്ചി മുൻപറഞ്ഞ വിധിപ്രകാരം മാത്രയ്ക്കു തക്കവണ്ണം കാച്ചി ശീലിച്ചാൽ കഫകോപം നിമിത്തം അഗ്നിമാന്ദ്യം സംഭവിച്ചവനും ശരീരത്തിന്നു ശോഷം സംഭവിച്ചവനും വേണ്ടതുപോലെ വമനം വരും *

28—മുൻപറഞ്ഞ പ്രകാരം സംഗ്രഹിച്ച ഫലതിപ്പലി ഫലാദികഷായത്തിൽ ഇരിപത്തി ഏഴുപ്രാവശ്യം ഭാവനം ചെയ്തുണക്കി പൊടിച്ച ശീലപ്പൊടിയിട്ട്, താമരപ്പൊയ്കയിൽ വിരിഞ്ഞുനില്ക്കുന്ന വലിയ താമരപ്പൂവ്വിൽ ആ പൊടി സായാഹ്നസമയത്തിൽ—താമരപ്പൂവ്വ കൂമ്പുന്നതിന്നുമുമ്പെ വിതറുക. രാത്രി ഭക്ഷണം കഴിക്കാത്തവനായ ആതുരനെ—വമനാർഹനെ പ്രഭാതത്തിൽ മഞ്ഞൾ ചേർത്ത എള്ളുചേർച്ചോറോ പാലോ കഞ്ഞിയോ ഇന്തുപ്പും നീക്കണ്ടി ശർക്കരയും ചേർത്ത് ആകണ്ഠം കഴിപ്പിച്ചതിന്നുശേഷം, ആ പൂവ്വ് സൂര്യരശ്മിതട്ടി വിടരുന്ന സമയം—അതിലെ ഔഷധം കാററുകൊണ്ടു പോകുന്നതിന്നു മുമ്പെ അറുത്തു കൊണ്ടുവന്നു മണക്കുവാൻ കൊടുക്കുക. എന്നാൽ നല്ലവണ്ണം ഛർദ്ദിക്കും. മററു വിധികളെല്ലാം മുൻപറഞ്ഞതു തന്നെയാകുന്നു. ഈ വിധി സുകുമാരന്മാരും കഫപിത്തങ്ങൾക്ക് ഉൽക്ലേശം വന്നവരും യാതൊരൌഷധവും സേവിക്കാൻ വയ്യാത്തവരുമായിട്ടുള്ളവൎക്കുള്ളതാണെന്നും ധരിക്കണം.

ഫലപിപ്പലീനാം ഭല്ലാതകവിധിപരിസ്രുതം സ്വരസം പക്വം ഫാണിതമാതന്തുലീഭാവാല്ലേഹയേൽ. 29

താപശുഷ്കം വാ ചൂൎണ്ണീകൃതം ജീമൂതാദികഷായേണ പിത്തേ കഫസ്ഥാനഗതേ പായയേദിതി സമാനം പൂൎവ്വേണ. 30

ഫലപിപ്പലീചൂൎണ്ണാനി പൂൎവ്വവൽ കോവിദാരാദീനാം ഷണ്ണാമന്യതമകഷായസ്രുതാനി വൎത്തിക്രിയാഃ കോവിദാരാദികഷായോപസജ്ജനാഃ പേയാ ഇതി സമാനം പൂൎവ്വേണ. 31

ഫലപിപ്പലീഷ്വാരഗ്വധകുടജസ്വാദ്വകണ്ടകപാഠാപാടലിശാൎങ്ഗേഷ്ടാമൂൎവ്വാസപ്തപൎണ്ണനക്തമാലപിചുമൎദ്ദപടോലസുഷവീഗുളൂചീസോമവല്കദ്വീപികാനാം പിപ്പലീപിപ്പലീമൂലഹസ്തിപിപ്പലീചിത്രക

---

29 — 30 — ചേക്കരു വെച്ചുറന്നമാതിരിയിൽ ഫലപിപ്പലി വെച്ചൂറി ആ സ്വരസത്തിൽ നീക്കണ്ടിശ്ശൎക്കരയുംചേൎത്തു കുറുക്കി നൂലിഴയുന്നതുവരെ കുറുക്കി ലേഹമാക്കുക. അല്ലെങ്കിൽ വെയിലത്തു വെച്ചു കുറുക്കി വററിച്ച് ഉണക്കി പൊടിക്കുക. ഈ ലേഹമോ പൊടിയോ മുൻപറഞ്ഞ ജീമൂതാദി കഷായത്തിൽ കലക്കി മുൻപറഞ്ഞ വിധിപ്രകാരം സേവിച്ചാൽ കഫത്തിന്റെ സ്ഥാനത്തെ പ്രാപിച്ചു കോപിച്ച പിത്തകോപമുള്ളവൎക്കു വേണ്ടുടത്തോളം വമനം സംഭവിക്കും *

31 — ഫലപിപ്പലികൾ പൊടിച്ചപൊടി മുൻപറഞ്ഞ (19-ാം ഗദ്യത്തിൽ പറഞ്ഞ) കോവിദാരാദികളിൽ കോവിദാരം മുതൽക്കുള്ള ആറു മരുന്നുകളിൽ ഒന്നിന്റെ കഷായത്തിൽ കലക്കി ഭാവനം ചെയ്തു് അതിൽതന്നെ അരച്ചു ഗുളികയാക്കി കോവിദാരാദികളുടെ കഷായത്തിൽ കലക്കി മുൻപറഞ്ഞ വിധിപ്രകാരം സേവിച്ചാലും സുഖമായി വമനം വരും *

32 — കണിക്കൊന്നത്തൊലി കുടകപ്പാലയരി ഞെരിഞ്ഞിൽ പാടക്കിഴങ്ങ് പൂപ്പാതിരിവേര് വലിയ ഉങ്ങ് പെരുങ്കുരുമ്പ ഏഴിലമ്പാലത്തൊലി ഉങ്ങിൻതൊലി വേപ്പിൻതൊലി പടോലവള്ളി പുല്ലാനി ചിററമൃത് സോമവല്ലം മയിലോഗിക തിപ്പലി കാട്ടുതിപ്പലിവേര് അത്തിത്തിപ്പലി കൊടുവേലിക്കിഴങ്ങ് ചുക്ക് ഇതുകളിൽ

ശൃംഗവേരാണാം ചാന്യതമകഷായാണാമന്യതമസിദ്ധോ ലേഹഋ തിസമാനംപൂൎവ്വേണ. 32

ഫലപിപ്പലീഷേചലാംഹരേണുകാശതപുഷ്പാകുസ്തും ബൃതകര കുഷ്ഠതചാകാരകമതുവകഗുഗ്ഗുലുവാലുകശ്രീവേഷ്ടകപരിപേലവാമാം സീശൈലേയകസൈ്ഥണേയകസരളപാരാവതപദ്യശോകരോഹി ണീനാം വിംശതേരന്യതരസ്യ കഷായേണ സാധിതോൽകാരികാക ല്കേന യഥാ മോദകോ വാ മോദകകല്കേന യഥാ ദോഷരോഗവിഭ ക്തി പ്രയോജ്യാ ഇതി സമാനം പൂൎവ്വേണ. 33

ഫലപിപ്പലീസ്വരസകഷായപരിഭാവിതാനി തിലശാലിത ണ്ഡുലപിഷ്ടാനി തൽകഷായോപസൎജ്ജനാനി ശഷ്കുലീകല്കേന വാ പൂപാ ഇതി സാമാനം പൂൎവ്വേണ. 34

ഏതേനൈവ ച കല്കേന സുമുഖസുരസകുഠേരകഗണ്ഡീരക കാലമാലക പൎണ്ണാസകക്ഷവകഫണിജ്ജകശൃംഗവേരഗൃഞ്ജനഭൂസ്തൃ

ഏതെങ്കിലും ഒരു മരുന്നു കഷായംവെച്ച് അതിൽ ശുദ്ധിചെയ്ത മലങ്കാരയ്ക്കാക്കുരു പൊടിച്ചുചേൎത്തു വിധിപ്രകാരമുണ്ടാക്കിയ ലേഹം വമനദ്രവ്യസേവനവിധിപ്രകാരം സേവിച്ചാലും വമനം സംഭ വിക്കും *

33—ഏലത്തരി അരേണുകം ശതകുപ്പ കൊത്തംപാലയരി ത കരം കൊട്ടം ഇലമങ്ങത്തൊലി അടവിക്കച്ചോലം കൎപ്പൂരത്തുളസി യിലി ഗുൽഗുലു ഏലാവാലുകം (വെള്ളരി എന്നും പക്ഷം) തിരുവട്ട പ്പശ കഴിമുത്തങ്ങ മാഞ്ചി ചേലേയം തുണിയാങ്കം ചരളം ഈത്ത പ്പഴം അശോകത്തൊലി കടുകരോഹിണി ഈ ഇരുപതു മരുന്നുക ളിൽ ഏതെങ്കിലും ഒന്നു കഷായംവെച്ച് ആ കഷായത്തിൽ മലങ്കാ രയ്ക്കാക്കുരു അരച്ചുരുട്ടി കൊഴക്കട്ടയുണ്ടാക്കി കഴിക്കുകയോ, ആ ക ഷായത്തിൽ ഭാവനചെയ്തു ഫലപ്പിപ്പലീചൂൎണ്ണംകൊണ്ടു മോദകമു ണ്ടാക്കി കഴിക്കുകയോ ദോഷകോപത്തിന്നനുസരിച്ചവിധം മോദകം തന്നെയോ മുൻപറഞ്ഞ വിധിപ്രകാരം ശീലിപ്പിക്കുന്നതും വമന ത്തിന്നു നല്ലതാകുന്നു *

34—ഫലപിപ്പലിയുടെ സ്വരസത്തിലോ (സ്വരസവിധിപ്ര

ണകകാസമദ്ദ്രൂഗരാജാനാമിക്ഷുബാലികേക്ഷ്വകാണ്ഡക്ഷൂണാംചാ
ന്യതമസ്യ കഷായേണ കാരയേൽ. 35

തഥാ ബദരഖാണ്ഡവരാഗലേഹമോദകോല്ലാരികാതൎപ്പണപാ
നകാ മാംസരസയൂഷമദ്യാനി മദനഫലപാചിതാനി തേനോപസം
സൃജ്യ യഥാദോഷരോഗവിഭക്തിഭ്യാത്തൈസ്സാധു വമനന്തിതി. 36

തത്ര ശ്ലോകാഃ

മദനഃ കരഹാടശ്ച രാഠഃപിണ്ഡീതകഃ ഫലം
ശ്വസനശ്ചേതി പൎയ്യായൈരുച്യതേ തസ്യ കല്പനാ. 37

കാരമുണ്ടാക്കിയ കഷായത്തിലോ) കഷായത്തിലോ ഭോനം ചെയ്യു
എള്ളും ചെന്നെല്ലരിയുംകൂടെ അരച്ചു മലങ്കാരസ്സാക്കരുകഷായ
ത്തിൽ കുഴച്ചു മുറക്കോ അപ്പമോ ഉണ്ടാക്കി പൂൎവ്വകല്പപ്രകാരം സേ
വിക്കുന്നതും വമനയോഗം തന്നെയാകുന്നു * 35—ഈ പറഞ്ഞ ക
ല്പപ്രകാരംതന്നെ, കാട്ടുതുളസി ചെറുതുളസി പട്ടകരണ (വെള്ളതു
ളസി എന്നുംപക്ഷം) മാങ്ങനാറി കൃഷ്ണതുളസി തുളസി വലിയക
ടലാടി മണിക്കഞ്ഞകം ഇഞ്ചി മുരിങ്ങ പൂതണക്കപ്പുല്ല് പൊന്നാന്ത
കര കഞ്ഞുണ്ണി കരുവിക്കരുമ്പ് കഷായക്കരിമ്പ് വെള്ളക്കരിമ്പ്
ഇതുകളിൽ ഏതിന്റെ എങ്കിലും കഷായത്തിൽ ഫലപിപ്പലീചൂ
ൎണ്ണം കുഴച്ച് അപ്പമോ മുറക്കോ ഉണ്ടാക്കി ശീലിക്കുന്നതു ന
ല്ലതാണ് *

36—ബദരാമ്ലം ഖാണ്ഡവം രാഗം ലേഹം മോദകം ഉൽകാരി
ക മലർപ്പൊടി തൎപ്പണം പാനകം മാംസരസം യൂഷം മദ്യം ഇതി
ലെല്ലാം മലങ്കാരക്ക അയ്ക്കാൽ ഫലപിപ്പലി ഇട്ടു പാകംചെയ്തു ദോ
ഷകോപസ്വഭാവത്തിന്നും രോഗസ്വഭാവത്തിന്നും അനുസരിച്ചവി
ധം ശീലിപ്പിക്കുന്നതും ഛൎദ്ദിപ്പിക്കുവാൻ നല്ലതാകുമെന്നും ഗ്രഹി
ക്കണം *

അദ്ധ്യായവിവരണം.

37—40—മദനകല്പമെന്ന ഈ അദ്ധ്യായത്തിൽ പ്രധാനമാ
യ മലങ്കാരസ്സായ മദനം, കരഹാടം, രാഠം, പിണ്ഡീതകം, ഫലം,
ശ്വസനം എന്ന പങ്ങളുകൊണ്ടെല്ലാം പറയുമെന്നും അത് മധു

നവ യോഗാഃ കഷായേഷു വത്തിരഷ്ടൌ പയോമുഖേ
പഞ്ച ഫാണിതചൂർണ്ണേ ദ്വൌ പ്രലേയേ വത്തിക്രിയാസു ഷൾ. 38
വിംശതിർവിംശതിർല്ലേഹമോദകോല്ക്കാരികാസു ച
ശഷ്കുലീപൂപയോശ്ചോക്താ യോഗാഷ്ഷോഡശ ഷോഡശ. 39
* ദശാന്യേ ഷാണ്ഡവാദ്യേഷു ത്രയസ്ത്രിംശദിദം ശതം
യോഗാനാം വിധിവദ്ദിഷ്ടം ഫലകല്പേ മഹർഷിണാ. 40

ഇതി ചരകസംഹിതായാം

കല്പസ്ഥാനേ

മദനകല്പോ നാമ പ്രഥമോദ്ധ്യായഃ.

കാദി കഷായങ്ങളിൽചേർത്ത് ഒമ്പതുതരവും എട്ടുതരം വത്തിയായും പാലിൽചേർത്ത് അഞ്ചുപ്രകാരവും ഫാണിതചൂർണ്ണത്തിൽ ചേർത്തു നാററി രണ്ടുതരവും ഗുളികയാക്കി ആറുതരവും ലേഹമായും മോദകമായും ഉൽകാരികായും ഇരുപതീതരവും ശഷ്കുലിയായും അപൂപമായും പതിനാറീതരമായും ഷാണ്ഡവാദികളിൽ ചേർത്തു പതിമൂന്നുതരവും ഉപയോഗിക്കാമെന്നു പറഞ്ഞിരിക്കുന്നു. ഇതേവിധം ൧൩൩ വമനയോഗങ്ങളെ വിവരിക്കുന്നതായ ഈ മദനകല്പാദ്ധ്യായത്തിൽ പറഞ്ഞ വമനയോഗങ്ങളെ ദോഷകോപാദ്യവസ്ഥപോലെശീലിപ്പിക്കുന്നതായാൽ വമനത്തിന്റെ സമ്യഗ്യോഗം ഭവിക്കുമെന്നും ആത്രേയഭഗവാൻ ഉപദേശിക്കുന്നു *

ഇതി ചരകസംഹിതവ്യാഖ്യാനേ

വാചസ്പത്യേ

കല്പസ്ഥാനേ പ്രഥമോദ്ധ്യായഃ (1)

അദ്ധ്യായം 2. ജീമൂതകല്പഃ.

അഥാതോ ജീമൂതകല്പം വ്യാഖ്യാസ്യാമഃ.
ഇതി ഹ സ്മാഹ ഭഗവാനാത്രേയഃ.

കല്പം ജീമൂതകസ്യേമം ഫലപുഷ്പാശ്രയം ശൃണു
ഖരാംഗരി ച വേണീ ച തഥാ സ്യാദ്ദേവതാഡകഃ. 1
ജീമൂതകം ത്രിദോഷഘ്നം യഥാസ്വൌഷധകല്പിതം
പ്രയോക്തവ്യം ജ്വരശ്വാസഹിക്കാദ്യേഷ്വാമയേഷു ച. 2
യഥോക്തഗുണയുക്താനാം ദേശജാനാം യഥാവിധി
പയഃ പുഷ്പേഷു നിർവൃത്തം ഫലേ പേയാ ശൃതം തഥാ. 3

അദ്ധ്യായം 2.

1_2—അല്ലയോ അഗ്നിവേശ ഇനി 'ഫലജീമൂതകേഷ്വാകു' ഇത്യാദി വചനപ്രകാരം ക്രമാഗതമായ ദേവതാളിയുടെ കല്പത്തെയും ഉപദേശിക്കാം. അതിന്റെ കായയും പൂവ്വും ഔഷധത്തിന്നു സ്വീകരിക്കാവുന്നതുകളാകുന്നു. അതിനെ ഖരാംഗരി, വേണി, ദേവതാഡകം, ജീമൂതകമെന്നെല്ലാം പറയും. അത് അതാതുതരം ഔഷധങ്ങളോടു ചേർത്തുപയോഗിച്ചാൽ ത്രിദോഷഹരമായിരിക്കുകയും ചെയ്യും *

3—മദനകല്പത്തിൽ പറഞ്ഞപ്രകാരമുള്ള ഗുണങ്ങളോടുകൂടിയ ദേശങ്ങളിലുണ്ടായവയും ഗുണയുക്തങ്ങളുമായ ദേവതാളിപ്പൂക്കളേയും ദേവതാളിക്കായകളേയും മുൻപറഞ്ഞ വിധിപ്രകാരം എടുത്തു സംഗ്രഹിക്കണം. അങ്ങിനെ എടുത്തു സംഗ്രഹിച്ച പുഷ്പങ്ങൾകൊണ്ടു പാൽകാച്ചിയും കായകൊണ്ടുണ്ടാക്കിയ കഷായജലത്തിൽ കഞ്ഞിവെച്ചും പാൽകാച്ചിയും ഉപയോഗിക്കാം. അതുകൾ ഇന്നിന്നവിധം വേണമെന്നതിനെ അനന്തരംതന്നെ വിവരിക്കുന്നുമുണ്ട് *

പ്രോമനേ ക്ഷീരസന്താനം ദധ്യുത്തരമനുലോമനേ
ശൃതേ പയസി ദധ്യഗ്രം ജാതം ഹരിതപാണ്ഡുകേ. 4
ജീർണ്ണാനാം ച സുശുഷ്കാണാം ന്യസ്താനാം ഭാജനേ ശുചൌ
ചൂർണ്ണസ്യ പയസാ ശുക്തിം വാതപിത്താർദ്ദിതഃ പിബേൽ. 5
ആസുത്യ ച സുരാമണ്ഡേ മൃദിതാം പ്രസൃതം പിബേൽ
കഫജേ രോചകേ കാസേ പാണ്ഡുരോഗേ സയക്ഷ്മണി. 6
ദ്വേ വാപോത്ഥ്യാഥ വാ ത്രീണി ഗുളൂച്യാമലകസ്യ വാ
കോവിദാരാദികാനാം വാ നിംബസ്യ കുടജസ്യ വാ. 7

4—ദോഷങ്ങൾക്ക പ്രാതിലോമ്യം വന്നിട്ടില്ലെങ്കിൽ വിധി പ്രകാരം സംഗ്രഹിച്ചതായ ദേവതാളിപ്പൂവിട്ടുകാച്ചിയ പാലിന്റെ പാട കൊടുത്തു ഛർദ്ദിപ്പിക്കണം. പ്രതിലോമമായ ദോഷത്തെ അനുലോമപ്പെടുത്തുവാൻ തൈരിന്റെ പാടസേവിക്കുകയും വേണം. പാണ്ഡുരോഗം നിമിത്തം ശരീരത്തിന്ന ഹരിതവർണ്ണം ബാധിച്ചിട്ടുള്ളവനെ, ദേവതാളിപ്പൂവിട്ടു കാച്ചിയ പാൽ ഉറവീഴ്ത്തി ഉണ്ടാക്കിയ തൈർ പുളിച്ചാൽ അതു സേവിപ്പിക്കണം * 5—വാതപിത്തരോഗങ്ങളുള്ളവൎക്ക വമനംവരുത്തുവാൻ വേണ്ടേടത്തോളം മൂപ്പുചെന്നതായ ദേവതാളിപ്പൂവു സംഗ്രഹിച്ച് ഉണക്കിപ്പൊടിച്ച പൊടി അരപ്പലം ഒരു സ്ഫടികപ്പാത്രത്തിലാക്കി പാലുംവീഴ്ത്തി പൊടി അതിൽ ഇളക്കിച്ചേൎത്തു സേവിക്കുക * 6—കഫജമായ അരോചകം കാസ പാണ്ഡുരോഗം രാജയക്ഷ്മാവ് എന്ന രോഗങ്ങൾ ഉള്ളവൎക്ക വമനംവരുത്തുവാൻ ദേവതാളിപ്പൂവ് സുര എന്ന മദ്യത്തിന്റെ തെളിയിൽ ഒരുദിവസം ഇട്ടുവെച്ച പിറ്റേദിവസം രാവിലെ തിരുമ്പിപ്പിഴിഞ്ഞു സേവിക്കണം *

7-8—ചിററമൃതുകഷായം നെല്ലിക്കാകഷായം മുൻപറഞ്ഞ കോവിദാരാദികഷായം വേപ്പിൻതൊലികഷായം കുടകപ്പാലയരി കഷായം ഇതുകളിൽ ഏതിലെങ്കിലും രണ്ടോമൂന്നോ ദേവതാളിപ്പൂവിട്ടുവെച്ച തിരുമ്പിപ്പിഴിഞ്ഞു സേവിച്ചാലും വമനം സംഭവിക്കും.

കഷായമഷ്ടാസു തം കൃത്വാ തേനൈവ വിധിനാ പിബേൽ
അഥവാരഗ്വധാദീനാം സപ്താനാം പൂർവ്വവൽ പിബേൽ. 8
ഏതൈകൈകശഃ കഷായേണ പിത്തശ്ലേഷ്മജ്വരാർദ്ദിതഃ
വൽസകഃ ഫലവൽത്ത്യാഷ്ടൌ കോലമാത്രാസ്തു താ മതാഃ. 9
ജീമൂതകസ്യ വാ കല്കം ചൂർണ്ണം വാ ശിശിരാംബുനാ
ജ്വരേ പിത്തഭേവ വാതദ്വേഷ്ടു ശ്ലേഷ്മണി ചാന്ദനം. 10
ജീവകർഷഭകക്ഷുണ്ണാം ശതാവര്യ്യാ രസേന വാ.
പിത്തശ്ലേഷ്മജ്വരേ ദദ്യാൽപാതപിത്തജ്വരേഥവാ. 11
തഥാ ജീമൂതകക്ഷീരാൽ സമുല്പന്നം പചേൽ ഘൃതം
ഫലാദീനാം കഷായേണ ശ്രേഷ്ഠം തദ്വമനം മതം. 12

൮—ാം അദ്ധ്യായം സൂത്രസ്ഥാനത്തിൽ പറഞ്ഞ ആരഗ്വധാദി മുപ്പത്തങ്ങളായ ൭ ഔഷധങ്ങൾ മുൻപറഞ്ഞപ്രകാരം കഷായംവെച്ചു ദേവദാളിപ്പൂവ്വ്വചേൎത്തു സേവിച്ചാൽ പിത്തശ്ലേഷ്മജ്വരമുള്ളവന്നു നല്ലവണ്ണം വമനം സംഭവിക്കും *

9-10 — മുൻപറഞ്ഞ ആരഗ്വധാദി സപ്തവൎഗ്ഗചൂൎണ്ണത്തോട്ടു എട്ടു മരുന്നുകൾ ഓരോന്നും കഷായംവെച്ച് അതിൽ ഏതിലെങ്കിലും ദേവതാളിക്കായ അരച്ചു ലന്തക്കുരുപ്രമാണം ഗുളികയാക്കി ഉണ്ടാക്കിയ എട്ടുതരംഗുളികകളോ ദേവതാളിക്കായ അരച്ചകല്ക്കമോ അതു പൊടിച്ചപൊടിയോ ശിശിരജലത്തിൽ — ചന്ദനം കലക്കിയ വെള്ളത്തിൽ കലക്കി സേവിച്ചാൽ പിത്തജ്വരമുള്ളവൎക്കും കഫകോപത്തോടുകൂടിയ വാതകോപമുള്ളവൎക്കും വേണ്ടതുപോലെ വമനം സാധിക്കും *

11 — ജീവകം ഇടവകം കരിമ്പിൻവേർ ശതാവരിക്കിഴങ്ങ് ഇതുകളുടെ രസത്തിൽ മുൻപറഞ്ഞ ഗുളിക സേവിച്ചാൽ പിത്തകഫജ്വരമുള്ളവൎക്ക വളരെ നല്ലതാകുന്നു *

12 — മുൻപറഞ്ഞ ജീമൂതക്ഷീരം ഉറൊഴിച്ചിട്ടിയ തൈരുകടഞ്ഞെടുത്ത നെയ്യ് മുന്നാദ്ധ്യായത്തിൽ പറഞ്ഞ ഫലാദികഷായത്തിൽകൂട്ടി കാച്ചി സേവിച്ചാൽ ഏതുതരം രോഗികൾക്കും വമനത്തിന്നു വളരെ നല്ലതാകുന്നു *

തത്ര ശ്ലോകൌ.

ഷൾ ക്ഷീരേ മദിരാമണ്ഡേ പ്യേകോ ദ്വാദശ ചാപരേ
സപ്ത ചാരഗ്വധാദീനാം കഷായയൂഷെ ച വർത്തിഷു. 13
ജീവകാദിഷു ചത്വാരോ ഘൃതത്വൈകം പ്രകീർത്തിതം
കല്പേ ജിമൂതകാനാഞ്ച യോഗാസ്ത്രിംശന്നവാധികാഃ. 14

ഇതി ചരകസംഹിതായാം
കല്പസ്ഥാനേ
ജീമൂതകല്പോ നാമ ദ്വിതീയോദ്ധ്യായഃ.

അദ്ധ്യായം 3. ഇക്ഷ്വാകുകല്പം.

അഥാത ഇക്ഷ്വാകുകല്പം വ്യാഖ്യാസ്യാമഃ
ഇതി ഹ സ്മാഹ ഭഗവാനാത്രേയഃ.
സിദ്ധം വക്ഷ്യാമ്യഥേക്ഷ്വാകുതല്പം എഷാം പ്രശസ്യതേ

അദ്ധ്യായവിവരണം.

13–14__ജീമൂതകകല്പമെന്ന ഈ അദ്ധ്യായത്തിൽ ആത്രേയഭഗവാൻ ദേവതാളി പാലിൽചേർത്ത് ആറതരത്തിലും സുരാമണ്ഡത്തിൽചേർത്ത് ഒരുതരവും ഇളച്ച്യാദികളുടെ കഷായത്തിൽ ചേർത്തു പന്ത്രണ്ടുതരവും ആരഗ്വാധാദികളുടെ കഷായത്തിൽചേർത്ത് ഏഴുതരവും എട്ടുതരം ഗുളികകളും ജീവകാദികളിൽ നാലുതരവുംകൂടി മപ്പത്തുയോഗങ്ങൾ വിസ്തരിച്ചുപദേശിക്കപ്പെട്ടിരിക്കുന്നു.*

ഇതി ചരകസംഹിതാവ്യാഖ്യാനേ
വാചസ്പത്യേ
കല്പസ്ഥാനേ ദ്വിതീയോദ്ധ്യായഃ (2).

അദ്ധ്യായം 3.

1–ഇനി ക്രമപ്രാപ്തമായ—'ഫലജീമൂതകേക്ഷ്വാകു' എന്ന ക്രമമനുസരിച്ച് വിവരിക്കേണ്ടതായ ഇക്ഷ്വാകുവിന്റെ—പേച്ചുര

പഞ്ചചത്വാരിംശദുക്താ യോഗാ അസ്മിൻ മഹർഷിണാ. 1
ലംബാ കടുകാലാബു തുംബീ ബിംബഫലാ തഥാ
ഇക്ഷ്വാകുഃ ഫലിനീ ചൈവ പ്രോച്യതേ തസ്യ കല്പനാ. 2
കാസശ്വാസവിഷച്ഛർദ്ദിജ്വരാർത്തേ കഫകർശിതേ
പ്രതാമ്യതി നരേ ചൈവ വമനാർത്ഥം തദിഷ്യതേ. 3
അപുഷ്പസ്യ പ്രവാളാനാം മുഷ്ടിം പ്രാദേശസമ്മിതാം
ക്ഷീരപ്രസ്ഥേ ശൃതം ദദ്യാത് പിത്തോദ്രിക്തേ കഫജ്വരേ. 4
പുഷ്പാദിഷു ച ചത്വാരഃ ക്ഷീരേ ജീമൂതകേ തഥാ
യോഗാ ഹരിതപാണ്ഡൂനാം സുരാമണ്ഡേന പഞ്ചമഃ. 5

യുടെ കൈകണ്ടതായ കല്പത്തെ വിവരിക്കാം. അതേവിധമുള്ള ഇക്ഷ്വാകുകല്പങ്ങളിൽ സുപ്രസിദ്ധങ്ങളായ നാല്പത്തിഅഞ്ചുയോഗങ്ങളെയാണ് ആത്രേയ ഭഗവാൻ പ്രശസ്യങ്ങളായി പറയുന്നത്. അവകളെ ഇവിടെ വിവരിക്കുകയും ചെയ്യാം *

2—ഈ പേച്ചുരയെ ലംബ, കടുക, അലാബു, (കടുകാലാബു എന്ന് ഒററപ്പദമായും) തുംബി, ബിംബഫല, ഇക്ഷ്വാകു, ഫലിനി എന്നെല്ലാം പറയും. അതിൻെറ കല്പത്തെ അനുപദം വിശദമായി ഉപദേശിച്ചു തരികയും ചെയ്യാം * 3—കുര ശ്വാസംമുതൽ ഇളുകളുള്ളവർ വിഷം ബാധിച്ചവർ ഛർദ്ദിയുള്ളവർ പനിനിമിത്തം ക്ഷീണിച്ചവർ കഫകോപംനിമിത്തം കർശിതന്മാർ തളന്നവർ ഇവർക്കെല്ലാം വമനം വരുത്തുവാൻ പേച്ചുരയാണ് അധികം നല്ലതെന്നും ധരിക്കണം *

4—അതിൻെറ പ്രയോഗവിധികളെ വിവരിക്കുന്നു:—പൂവു് പുറപ്പെടാത്തതായ പേച്ചുരയുടെ ഒരുപിടി തളിര് നുള്ളിയെടുത്തു് അരിഞ്ഞു കിഴികെട്ടി ഒരിടങ്ങഴി പാലിലിട്ടു് (വെള്ളവുംചേർത്തു്)കുറുക്കി സേവിച്ചാൽ പിത്തകോപത്തോടുകൂടിയ കഫജ്വരമുള്ളവന്നു നല്ലവണ്ണം വമനം സംഭവിക്കും * 5—ജീമൂതകല്പത്തിൽ പറഞ്ഞ മാതിരി ഇതിൻെറ പുഷ്പംകൊണ്ടും പാൽചേർത്തു നാലുയോഗവും സുരാമണ്ഡത്തിൽചേർത്ത് ഒന്നുവും ഇങ്ങിനെ അഞ്ചുതരത്തിൽ ശീലിപ്പിക്കാം.*

6—പേച്ചുരക്കായ പിഴിഞ്ഞ നീരിൽ മുന്തിരിങ്ങ ചാലിച്ചുകൂട്ടി

ഫലസ്വരസഭാഗഞ്ച ത്രിഗുണക്ഷീരസാധിതം
ഉൽസ്ഥിതേ കഫേ ദദ്യാൽ സ്വരഭേദേ സപീനസേ. 6
ഫലമദ്ധ്യ കഫേ ജീർണ്ണേ സഹിതം ക്ഷീരം യദാ ദധി
ജാതം സ്യാൽ കഫജേ കാസേ ശ്വാസേ വമ്യാഞ്ച താം പിബേൽ.
മസ്തുനാ വാ ഫലാന്മദ്ധ്യം പാണ്ഡുകുഷ്ഠവിഷാർദ്ദിതഃ
തേന തക്രം വിപക്വം വാ സക്ഷൌദ്രലവണം പിബേൽ. 8
അജാക്ഷീരേണ ബീജാനി ഭാവയേൽ പായയേത ച
വിഷഗുല്മോദരഗ്രന്ഥിഗണ്ഡേഷു ശ്ലീപദേഷു ച. 9
ഗുണ്ഠ്യാൽ ഫലരജോഭിഃ ശ്ലക്ഷ്ണൈഃ പുഷ്പൈരവചൂർണ്ണിതം
മർദ്ദിതം മാല്യമാഘ്രായ ഗന്ധസമ്പൽസുഖോചിതഃ. 10

ഭാവനചെയ്തു എന്ന വെച്ചാൽ കറക്കി സേവിച്ചാൽ നെഞ്ചിൽ കഫം കെട്ടിനില്ക്കുന്നവർക്കും സ്വരഭേദമുള്ളവർക്കും പീനസമുള്ളവർക്കും വേണ്ടതുപോലെ വമനം സംഭവിക്കും * 7 — പേച്ചുരക്കായ നീരുകലർത്ത പാൽ തൈരാക്കി സേവിച്ചാൽ ഘൃതമദ്ധ്യമായി ജീർണ്ണമായ കഫംകൊണ്ടുകൂടിയവർ കഫകാസികൾ ശ്വാസരോഗികൾ ഛർദ്ദിയുള്ളവർ ഇവർക്കെല്ലാം വേണ്ടതുപോലെ വമനം ഭവിക്കും * 8 — പാണ്ഡുരോഗം കുഷ്ഠം വിഷബാധ ഇതുകളുള്ളവർക്ക് വമനത്തിന്ന്. തൈർവെള്ള നീരിൽ പകുതി മൂപ്പായ പേച്ചുരക്കായ അരച്ചുകലക്കി സേവിക്കണം. അതേവിധമുള്ള പേച്ചുരക്കായയിട്ടു കാച്ചിയ മോരിൽ തേനും ഇന്തുപ്പും ചേർത്തു സേവിക്കുന്നതും ഇവർക്കു വമനത്തിന്നു നല്ലതാകുന്നു *

9 — പേച്ചുരക്കുരു ആട്ടിൻപാലിൽ ഭാവനം ചെയ്തുണക്കി അരച്ച് ആട്ടിൻപാലിൽതന്നെ കലക്കി സേവിച്ചാൽ വിഷം ഗുന്മൻ ഉദരം മുഴ ഗണ്ഡമാല പെരിക്കാൽ ഇതുകളുള്ളവർക്കെല്ലാം നല്ലപോലെ വമനം സംഭവിക്കയും ചെയ്യും *

10 — പേച്ചുരക്കായുടെ നീര് ഉണക്കിപ്പൊടിച്ച പൊടി വിതറിയ പുഷ്പംകൊണ്ടു കെട്ടിയുണ്ടാക്കിയ മാല നാറിയാൽ ഗന്ധസമ്പൽസുഖോചിതന്മാരായവന്ന — സുകുമാരനും കഫത്തിന്ന് ഉൽക്ലേശം വന്നവനും ഔഷധം സേവിക്കുവാൻ വയ്യാത്തവനുമായവന്ന നല്ലവണ്ണം വമനം സംഭവിക്കും *

ഭക്ഷയേൽ ഫലമദ്ധ്യം വാ ഗുഡേന പലലേന ച
ഇക്ഷ്വാകുഫലതൈലം വാ സിദ്ധം വാ പൂർവ്വവൽ ഘൃതം. 11
പഞ്ചാശദ്ദശവൃദ്ധാനി ഫലാദീനാം യഥോത്തരം
പിബേദ്വിമൃദ്യ ബീജാനി കഷായേഷ്വനുതം പൃഥക്. 12
യഷ്ട്യാഹ്വകോവിദാരാദ്യൈർമ്മുഷ്ടിമന്തർന്നഖം പിബേൽ
കഷായൈഃ കോവിദാരാദ്യൈർമ്മാത്രാശ്ച ഫലവൽ സ്മൃതാഃ. 13
വില്വമൂലകഷായേണ തുംബീബീജാഞ്ജലിം പിബേൽ
പൂതസ്യാസ്യ ത്രയോ ഭാഗാശ്ചത്വാരഃ ഫാണിതസ്യ തു. 14
സംസൃതം ബീജഭാഗഞ്ച പിഷ്ടമർദ്ധാംശികാസ്തഥാ
മഹാജാലിനിജീമൂതകൃതവേധനവത്സകാൻ. 15
തം ലേഹം സാധയേദ്ദർവ്വ്യാ ഘട്ടയേന്മൃദുനാഗ്നിനാ

11—പകതി മൂപ്പായ പേച്ചുരക്കായ ശർക്കരയോ മാംസമോ ചേത്തു കഴിക്കുന്നതും നല്ലതാണ്. മദനകല്പത്തിൽ നെയ്യു കാച്ചുവാൻ പറഞ്ഞപ്രകാരം മലങ്കാരയ്ക്കയുടെ സ്ഥാനത്തു പേച്ചുരക്കായ ചേത്തു എണ്ണയോ നെയ്യോ കാച്ചി സേവിക്കുന്നതും സുഖവമനകാരിയാകുന്നു *

12—മുൻപറഞ്ഞ ഫലാദികളുടെ കഷായത്തിൽ ഏതിലെങ്കിലും പേച്ചുരക്കായ ചതച്ചിട്ടുവെച്ചു സേവിക്കുന്നതും വമനത്തിന്നു നല്ലതാകുന്നു. ഇങ്ങിനെ ചതച്ചിടുവാൻ പത്തോ ഇരുപതോ മുപ്പതോ നാല്പതോ അമ്പതോ ദോഷകോപവ്യത്യാസംപോലെ പതിപ്പത്തു കുരു വർദ്ധിപ്പിക്കാം. എന്നാൽ അതിന്റെ പരമമാത്ര അമ്പതാണെന്നും ധരിക്കണം *

13—മലങ്കാരക്കാകല്പത്തിൽ പറഞ്ഞതുപോലെ പേച്ചുരക്കുരുവിന്റെ ഒരു അന്തർന്നഖമുഷ്ടി ൧-ാം അദ്ധ്യായം ൧൯-ാം ഗദ്യത്തിൽ പറഞ്ഞ യഷ്ട്യാഹ്വ-കോവിദാരാദി ഔഷധങ്ങളിൽ ഏതെങ്കിലും കഷായംവെച്ച് അതിൽ പറയുന്ന വിധിപ്രകാരം സേവിക്കുകയോ കോവിദാരാദികളുടെ കഷായങ്ങളിൽ അരച്ചു ഗുളികയാക്കി സേവിക്കുകയോ ചെയ്യുന്നതും നല്ലതാകുന്നു *

14—17—കൂവളത്തിൻ വേരുകൊണ്ടുവെച്ച മൂന്നാഴി കഷായത്തിൽ നാലുപലം പേച്ചുരക്കുരു അരച്ചുകലക്കി നാലുപലം ശ

യാവൽ സ്യാത്സ്വസ്ഥമതോദര പതിതഞ്ച ന ശീര്യതേ. 16
തം ലിഹ്യാന്മാത്രയാ ലേഹം മന്ഥഞ്ചാപി പിബേന്നരഃ
കല്പ ഏഷോഗ്നിമന്ഥാദൌ ചതുഷ്ഷ്വപി ഹ്യുച്യതേ. 17
സക്തുഭിർവ്വാ പിബേന്മന്ഥം തുംബീസ്വരസഭാവിതൈഃ
കഫജേ ജ്വരേ കാസേ കണ്ഠരോഗേഷ്വരോചകേ. 18
ഗുല്മേ മേഹേ പ്രസേകേ ച കല്പം മാംസരസൈഃ പിബേൽ
നരഃ സാധു വമത്യേവം ന ച ദൌർബ്ബല്യമശ്നുതേ 19

തത്ര ശ്ലോകാഃ

പയസ്യേഷ്ടൌ സുരാമണ്ഡമസ്തുതക്രേഷു ച ത്രയഃ

ക്കരയും നാഴി നെയ്യുംകൂട്ടി ചടച്ചിവേര് ചേർത്തരിച്ചായ ത്തള്ളപ്പീരക്കായ കൂടകപ്പാലയരി ഇതുകൾ പേച്ചുരക്കായയുടെ പകുതി ഭാഗം വീതം അരച്ചുകലക്കി അടിയിൽ പിടിക്കാതെ സൂക്ഷിച്ചിളക്കി മൃദ്വഗ്നിയിൽ പാകംചെയ്യാൽ അത്തു തേൻപോലെ ഇഴഞ്ഞു കാണുകയും വെള്ളത്തിൽ വീണാൽ അലിഞ്ഞു ചേരാതെ കട്ടിയായി കിടക്കുകയും ചെയ്യുന്ന പാകത്തിൽ വാങ്ങി ഭരണിയിലാക്കി സൂക്ഷിക്കുക. ഈ വില്വാദിലേഹം മാത്രയ്ക്കുതക്കവണ്ണം സേവിക്കുകയും അരിപ്പൊടി കലക്കി അനുപാനമായി കഴിക്കുകയും ചെയ്യാൽ നല്ലവണ്ണം വമനം സംഭവിക്കും. ഇതേവിധം മഹൽപഞ്ചമൂലത്തിലെ മുഞ്ഞവേര് മുതലായ മററ നാലുമരുന്നുകളും കൂവളത്തിൻവേരിന്റെ സ്ഥാനത്തു കഷായംവെച്ചും ലേഹമുണ്ടാക്കാം * 18—19—

മുൻപറഞ്ഞ മന്ഥം പേച്ചുരക്കായ ഇടിച്ചു പിഴിഞ്ഞനീരിൽ ഭാവനംചെയ്ത മലർപ്പൊടികൊണ്ടുണ്ടാക്കി സേവിച്ചാൽ കഫകോപജമായ ഏതു രോഗത്തിന്നും നല്ലതാകുന്നു. പനി കുര കണ്ഠരോഗം അരോചകം ഗുന്മം പ്രമേഹം വായിൽ വെള്ളംവരിക എന്ന രോഗമുള്ളവക്ക് ഈ കല്പം — ഔഷധപാനവിധി മാംസരസത്തിൽചേർത്തു കഴിക്കുകയാണ് ചെയ്യേണ്ടത്. അങ്ങിനെ ചെയ്യാൽ അവനു വേവേണ്ടടത്തോളം വിരേകം—വമനം വരികയും ലേശംപോലും ബലക്ഷയം വരാതിരിക്കുകയും ചെയ്യും *

അദ്ധ്യായവിവരണം.

20—22—പ്രജാനുഗ്രഹതല്പരനായ ആത്രേയഭഗവാൻ ലോ

ശ്രേഷ്ഠം സചിലം തൈലം വർദ്ധമാനാസ്വഥേഷു ച. 20
ക്ലൃതമേകം കഷായേഷ്വഷ്ടൗ നവാന്യേ മധുകാദിഷു
അഷ്ടൌ വർത്തിക്രിയാ ലേഹാഃ പഞ്ച മാംസരസസ്തഥാ. 21
യോഗാ ഇക്ഷ്വാകുകല്പേ തേ ചത്വാരിംശച്ച പഞ്ച ച
ഉക്താ മഹർഷിണാ സമ്യക് പ്രജാനാം ഹിതകാമ്യയാ. 22

ഇതി ചരകസംഹിതായാം
കല്പസ്ഥാനേ
ഇക്ഷ്വാകുകല്പോ നാമ തൃതീയോഽദ്ധ്യായഃ.

അദ്ധ്യായം 4. ധാമാർഗ്ഗവകല്പം.

അഥാതോ ധാമാർഗ്ഗവകല്പം വ്യാഖ്യാസ്യാമഃ.
ഇതി ഹ സ്മാഹ ഭഗവാനാത്രേയഃ.
കർക്കോടകീ കട്ഫലാ മഹാജാലിനിരേവ ച।

കഫിതത്തിന്നുവേണ്ടി ഇക്ഷ്വാകുകല്പമെന്ന ഈ അദ്ധ്യായത്തിൽ ഇക്ഷ്വാകു, പാൽചേർത്ത് ഏട്ടുതരം, സുരാമണ്ഡത്തിലും തൈർവെള്ളത്തിലും മോരിലും ചേർത്തു പ്രത്യേകം ഓരോതരവും, നാററികളവോ നം അളുതനാന മാംസം ചേർത്തും ഓരോതരവും, തൈലം കാച്ചിശി ലിക്കവാനും ബീജവർദ്ധമാനക്രമത്തിലും ... ത്തിലും കൂടി ആറുതരവും പൊടിക്കാച്ചലും പ്രകാരവും മധുകാദി കഷായങ്ങളിൽ ചേർത്ത് ഒമ്പതുതരവും ഏട്ടുതരം ഗുളികകളും അഞ്ചുതരം ലേഹങ്ങളുംമന്നവും മാംസരസവുംകൂടെ ആകെ ൪൫ യോഗങ്ങളെ വിസ്തരിച്ചു പദേശിക്കപ്പെട്ടിരിക്കുന്നു ॥

ഇതി ചരകസംഹിതാവ്യാഖ്യായാം
വാചസ്പത്യേ
കല്പസ്ഥാനേ തൃതീയോഽദ്ധ്യായഃ (3).

അദ്ധ്യായം 4.

1—ഇനി ഒന്നാമദ്ധ്യായത്തിൽ 'ഫലജീമൂതകേക്ഷ്വാകുധാമാർഗ്ഗവ' എന്നു പറഞ്ഞ പരിഭാഷയെ അനുസരിച്ചു ധാമാർഗ്ഗവത്തി

ധാമാർഗ്ഗവശ്ച പഥ്യായാ രാജകോശാതകീ തഥാ ॥ 1
ഗരേ ഗുല്മോദരേ കാസേ വാതശ്ലേഷ്മാമയേ സ്ഥിതേ
കഫേ ച കണ്ഠവക്ത്രസ്ഥേ കഫസഞ്ചയജേഷു ച. 2
രോഗേഷ്വേഷു പ്രയോജ്യാഃ സ്യുഃ സ്ഥിരത്വശ്ച ഗുരവശ്ച യേ. .
ഫലം പുഷ്പം പ്രവാളഞ്ച വിധിനാ തസ്യ സംഹരേൽ. 3
പ്രവാളരസം ശുഷ്കം കൃത്വാ ഗുളികാഃ പൃഥക്
കോവിദാരാദിഭിഃ പേയാഃ കഷായൈർമ്മധുകസ്യ ച. 4

ടീക—വരിപ്പീച്ചിങ്ങയുടെ കല്പത്തെ വിവരിക്കുന്നു. ഈ വിഷയത്തിൽ ധാമാർഗ്ഗവത്തെ കർക്കോടകി, കടുഫല, മഹാജാലിനി, ധാമാർഗ്ഗവം, രാജകോശാതകി എന്ന പര്യായശബ്ദങ്ങളെക്കൊണ്ടെല്ലാം പറയുമെന്ന് ആചാര്യൻ ഒന്നാമതായി പ്രതിജ്ഞചെയ്യുന്നു *

2—3— ഈ ധാമാർഗ്ഗവം കൈവിഷം, ഗുന്മൻ, മഹോദരം, കാസ, വാതകഫാദിജമായ ഏതെങ്കിലും രോഗം, കഫം കണ്ഠവക്ത്രസ്ഥാനങ്ങളിൽ സ്ഥിതിചെയ്യുക, കേവലകഫസഞ്ചയം നിമിത്തം സംഭവിച്ച രോഗം ഇതുകളിലെല്ലാം വമനംവരുത്തുവാനുപയോഗിക്കാം. അനേകകാലമായി അനുവർത്തിച്ചുനില്ക്കുന്ന രോഗങ്ങളിലും സ്ഥിരങ്ങളായ രോഗങ്ങളിലും ഇതു ശീലിക്കുന്നതു നല്ലതാകുന്നു. എന്നാൽ ഇതിന്റെ കായ പൂവ്വ് തളിര് ഇതുകളെല്ലാം ഔഷധത്തിന്നു ഉപയോഗിക്കേണ്ടുന്നവയാകയാൽ അതുകളെ മുൻപറഞ്ഞ വിധിപ്രകാരം സംഗ്രഹിക്കുകയും വേണം *

4—വരിപ്പീച്ചിലിന്റെ തളിര് ഇടിച്ചുപിഴിഞ്ഞ ചാറ് ഉണക്കി കോവിദാരാദികൾ ഏതെങ്കിലും കഷായംവെച്ച് അതിൽ ചേർത്തരച്ചു ഗുളികയാക്കി കോവിദാരാദികളിൽ പറഞ്ഞ മരുന്നുകളോ ഇരട്ടിമധുരമോ ചേർത്തുസേവിച്ചാൽ വമനം സംഭവിക്കും* 5—പൂവ്വു മുതലായതുകൾ പാലിൽ ചേർത്തു മുൻപറഞ്ഞ കല്പപ്രകാരം നാലുതരവും സുര എന്ന മദ്യത്തിൽ ചേർത്ത് ഒരുതരവും സേവിക്കുന്നതും വമനത്തിന്നു നല്ലതാകുന്നു. ജീർണ്ണശുഷ്കങ്ങളായ വരിപ്പീച്ചിങ്ങയുടെ പ്രത്യേകകല്പത്തെ ഇനി വിശദമായി ഉപദേശിച്ചു തരികയും ചെയ്യാം *

പുഷ്പാദിഷു പയോയോഗാശ്ചത്വാരഃ പഞ്ചമീ സുരാ
പൂർവ്വവജ്ജീർണ്ണശുഷ്കാണാമതഃ കല്പഃ പ്രവക്ഷ്യതേ. 5
മധുകസ്യ കഷായേണ ബീജം കുടജോദ്ഭവം പലം
സഗുഡം വ്യുഷിതം രാത്രിം കോവിദാരാദിഭിസ്തഥാ. 6
ദദ്യാഷ്ഠീല്യുദരാർത്തേഭ്യോ യേ ചാപ്യന്യേ കഫാമയാഃ
ഏഭ്യോഽഥവാ വാ യുക്തം ഛർദ്ദിഹൃദ്രോഗശാന്തയേ. 7
ചൂർണ്ണൈർവ്വാപ്യുൽപലാദീനി ഭാവിതാനി പ്രസൂനശഃ
രസക്ഷീരയവാഗ്വാദിതൃപ്ത്വാ ഘ്രാതം വമേൽ സുഖം 8
ചൂർണ്ണീകൃതസ്യ വർത്തിം വാ കൃത്വാ വേദരസംമിതാം
വിനീയാഞ്ജലിമാത്രേ തു പിബേദ്ഗോശകൃതോ രസേ. 9
പൃഷതക്ഷകരംഗാശ്വഗജോഷ്ട്രാശ്വതരസ്യ ച
ശ്വദംഷ്ട്രിഖരപദ്ഗാനാം ചൈവ പേയം ശകൃദ്രസേ. 10

6—7—മുള്ളുകൊണ്ടു തുളച്ച് അതിലെ വിത്തെല്ലാം കളഞ്ഞ വരിപ്പീച്ചിങ്ങ ഇരട്ടിമധുരക്കഷായത്തിലോ കോവിദാരാദികളുടെ കഷായത്തിലോ ഇട്ടുവെച്ച പിറേറദിവസം ശക്കരയും ചേൎത്തുകൊടുത്താൽ ഗുന്മനം മഹോദരവുമുള്ളവക്ക വളരെ നല്ലതാകുന്നു. അതേ വിധം മററ കഫരോഗങ്ങളുള്ളവക്കും ഗുണപ്രദമാണ്. ഇതുതന്നെ അന്നത്തോടുചേൎത്തു ഭക്ഷിച്ചാൽ ഛർദ്ദിഹൃദ്രോഗങ്ങൾ ശമിക്കുകയും ചെയ്യും *

8—വരിപ്പീച്ചിങ്ങ ഉണക്കിപ്പൊടിച്ച പൊടി ൧-ാം അദ്ധ്യായം ൨൨-ാം ശ്ലോകത്തിൽ പറഞ്ഞപ്രകാരം വിരിഞ്ഞുവരില്ലുന്ന ഉല്പലാദി പുഷ്പങ്ങളിൽ വിതറി പിറേറദിവസം അതു മണത്തതു്, മാംസരസം പാല് കഞ്ഞി മുതലായ ഭക്ഷ്യങ്ങൾ ധാരാളമായി കഴിച്ചുവന്ന നരന്നു കൊടുത്താലും നല്ലവണ്ണം വമനം സംഭവിക്കും *

9—10—ഉണക്കിയ വരിപ്പീച്ചിങ്ങ പൊടിച്ച് അരച്ചു ലന്തക്കുരുപ്രമാണം ഉരുളകളുരുട്ടി നാഴി പശുവിൻചാണകനീരിൽ കലക്കി സേവിക്കുന്നതും വമനത്തിന്നുനല്ലതാകുന്നു. ഇതേവിധം കാള കരടി കുതിര ആന ഒട്ടകം വെട്ടിക്കുതിര (കോവർകഴുത) നായ് പന്നി കഴുത വാൻമാൻ ഇവകളുടെ ശകൃദ്രസത്തിലും സേവിക്കാം *

ജീവകർഷഭകൌ വീരാമാത്മഗുപ്താം ശതാവരീം
കാകോളീം ശ്രാവണീം മേദാം മഹാമേദാം മധൂലികാം. 11
ഋദ്ധിവൃദ്ധിസഹിതേഷ്വേഷു ചൂർണ്ണം സഹ ധാമാർഗ്ഗവേണ തു
ശർക്കരാമധുസംയുക്തം ലേഹം ച്ഛർദ്ദ്യാഹരകാസിനാം. 12
സുഖോഷ്ണകാന്നപാനാശ്ച സ്യുഃ പിത്തോഷ്മസഹിതേ കഫേ
ധന്വനസ്യ ക്വാഥേന കല്കസ്തസ്യ വിഷാപഹഃ. 13
ജാത്യാഃ സുമനസ്യാഃ വാ ജന്യാഃ ശ്രാവകസ്യ വാ
വൃക്ഷാദന്യാ മഹാവൃക്ഷ സഹാദേവാ തസ്യ ച. 14
ബിംബ്യാഃ പുനർന്നവായാ വാ കാസമർദ്ദസ്യ വാ പൃഥക്
ഏതേഷാം ക്വാഥം ഏതേ വാ കഷായേ പരിഭാവ്യ തു. 15
തൃപ്തം ശമിതം സർപ്പിഃ സാധിതം വാ ഫലാദിഭിഃ
ഏതൽ മനോവികാരേഷു വിരേചനമുത്തമം. 16

11—13—ജീവകം ഇടവകം കൊല്ലാക്കിഴങ്ങ് നായ്ക്കുരണ പ്പരിപ്പ് ശതാവരിക്കിഴങ്ങ് കാകോളി ശ്രാവണി മേദ മഹാമേദ വളളിപ്പാലയും (ചെറുകുരുന്നു എന്നും പക്ഷം) ഇതുകളിൽ ഓരോന്നും പൊടിച്ച ധാമാർഗ്ഗവപ്പൊടിയും ചേർത്ത്, പഞ്ചസാരയും തേനും കൂട്ടി കഴിച്ച ലേഹമാക്കി സേവിക്കുകയും സുഖോഷ്ണമായ ജലം അന്നപാനമായി കഴിക്കുകയും ചെയ്താൽ ഛർദ്ദി കാസം കഫ പിത്തോഷ്മസംഹിതമായ കഫകോപം ഇതുകളുള്ളവർക്കെല്ലാം വളരെ നല്ലതാകുന്നു. കൈതപ്പാലയിലും ഇരുമ്പനലരിയുംകൂടെ കഷായം വെച്ചാറിയതിൽ ധാമാർഗ്ഗവകല്ക്കം കലക്കിസേവിച്ചാൽ വിഷം ബാധിച്ചവർക്ക് വഴിപോലെ വമനം സംഭവിക്കുകയും വിഷശമനം ശമിക്കുകയും ചെയ്യും *

14—16—പിച്ചകത്തില (ജാതിക്ക എന്നും പക്ഷം) ജാതിപത്രിക വരട്ടുമഞ്ഞൾ ചെറുചീപ്പ് ചെറുകുറിഞ്ഞി മഹാവൃക്ഷ അരയാൽ (ദേവതാളി എന്നും പക്ഷം) വലിയ ചെറുവഴുതിനിങ്ങ പൊന്നാരി കര ഇതുകളിൽ ഏതെങ്കിലും കഷായം വെച്ച് അതിൽ ഒന്നോ രണ്ടോ വസ്തിപ്പിച്ചതിൽ തിരുമ്മിപ്പിഴിഞ്ഞുകൂട്ടി അതിൽ പാൽ കാച്ചി ആ പാൽ ഉറവീഴ്ത്തി തൈരാക്കി കടഞ്ഞെടുത്ത നെയ്യ്, മുൻപറഞ്ഞ ഫലാദികൾ കല്ക്കമാക്കി കാച്ചി വിധിപ്രകാരം സേവിച്ചാൽ ഉന്മാദാപസ്മാരാദി മനോവികാരങ്ങളുള്ളവർക്ക് വമനത്തിന്ന വളരെ നല്ലതാകുന്നു *

തത്ര ശ്ലോകൌ.

പല്ലവേന ച ചത്വാരഃ ക്ഷീര ഏകഃ സുരാസവേ
കഷായൈർദ്വിംശതിഃ കല്കൈസ്ത്രയഃ ഷട് ച ശകൃദ്രസേ. 17
അന്ന ഏകസ്തഥാ ശ്രേയേ ദ്വേ ലേഹാസ്തഥാ ഘൃതേ
കല്പേ ധാമാർഗ്ഗവസ്യോക്താഃ ഷഷ്ടിര്യോഗാ മഹർഷിണാ. 18
ഇതി ചരകസംഹിതായാം
കല്പസ്ഥാനേ
ധാമാർഗ്ഗവകല്പോ നാമ ചതുർത്ഥോദ്ധ്യായഃ.

അദ്ധ്യായം 5. വത്സകകല്പം.

അഥാതോ വത്സകകല്പം വ്യാഖ്യാസ്യാമഃ.
ഇതി ഹ സ്മാഹ ഭഗവാനാത്രേയഃ.
അഥ വത്സകനാമാനി ഭേദം സ്ത്രീപുംസയോസ്തഥാ
കല്പം ചാസ്യ പ്രവക്ഷ്യാമി വിസ്തരേണ യഥാതഥം. 1

അദ്ധ്യായവിവരണം.

17–18— തളിരുചേർത്തു നാലും പാലിലും സുരാസവത്തി ലും ഓരോന്നും കഷായകല്ക്കങ്ങളിൽ അരച്ചുകലക്കി ഇരുപതും ശ കൃദ്രസത്തിൽ ചേർത്തുണ്ടും അന്നത്തിൽ ഒന്നും നാററിനോക്കുവാൻ ഒ ന്നും ലേഹമായും ഘൃതമായും ചേർപ്പത്തുത്തരവുംകൂടി ഈ ധാമാർഗ്ഗവ കല്പമെന്ന അദ്ധ്യായത്തിൽ ആത്രേയഭഗവാൻ വരിപ്പിച്ചിൽ ചേർത്തുപയോഗിക്കേണ്ടതുകളായ ൬൦ വമനയോഗങ്ങളെ വിശദ മായി ഉപദേശിച്ചിരിക്കുന്നു *

ഇതി ചരകസംഹിതാവ്യാഖ്യാനേ
വാചസ്പത്യേ
കല്പസ്ഥാനേ ചതുർത്ഥോദ്ധ്യായഃ (4).

അദ്ധ്യായം 5.

1— മുൻപറഞ്ഞ പരിഭാഷാവചനപ്രകാരം ക്രമാഗതമായ വത്സകത്തിന്റെ— കുടകപ്പാലയരിയുടെ പേരുകളും, അതിലെ

വത്സകഃ കുടജഃ ശക്രോ വൃക്ഷകോ ഗിരിമല്ലികാ
ബീജാനീന്ദ്രയവാസ്തസ്യ തഥോച്യന്തേ കലിംഗകാഃ. 2
ബൃഹൽഫലഃ ശ്വേതപുഷ്പഃ സ്നിഗ്ദ്ധപത്രഃ പുമാൻ ഭവേൽ
ശ്യാമാ ചാരുണപുഷ്പീ സ്ത്രീ ഫലവൃന്തൈസ്തഥാണുഭിഃ. 3
രക്തപിത്തകഫഘ്നസ്തു സുകുമാരേഷ്വനത്യയഃ
ഹൃദ്രോഗജ്വരവാതാസൃഗ്വീസർപ്പാദിഷു ശസ്യതേ. 4

സ്ത്രീപുരുഷഭേദാദിസ്വഭാവം, വത്സകകല്പം ഇതുകളെല്ലാം വഴിക്കുവഴിയായി വിസ്തരിച്ചുപദേശിച്ചതാം. മനസ്സിരുത്തി കേട്ടു ധരിക്കുക *

2— വത്സകം കുടജം ശക്രൻ വൃക്ഷകം ഗിരിമല്ലിക ഇന്ദ്രയവം കലിംഗകമെന്നെല്ലാം പറയും. ഇതിൽ വത്സകാദി ഗിരിമല്ലികാന്തങ്ങളായ നാമങ്ങൾ കുടകപ്പാലയ്ക്കു സാമാന്യമായും അതിന്റെ അവയവങ്ങളായ മൂലാദിബീജപര്യന്തമുള്ളതുകൾക്ക് ഔചിത്യം പോലെയും പറയാം. ഇന്ദ്രയവ— കലിംഗശബ്ദങ്ങൾ കുടകപ്പാലയരിയെ മാത്രം പറയുന്നവയാണെന്നും ഗ്രഹിക്കണം *

3— കുടകപ്പാല രണ്ടുതരത്തിലുണ്ട്. അതിൽ ഒന്നു പുരുഷനും മറ്റേതു സ്ത്രീയുമാകുന്നു. അതുകളുടെ ലക്ഷണത്തെ വിവരിക്കുന്നു:—അധികം നീളമുള്ള കായയുള്ളതും വെളുത്ത പൂവുള്ളതും മിനുപ്പുള്ള ഇലകളോടുകൂടിയതുമായി ഒരുതരം കുടകപ്പാലയുണ്ട്. അതു പുരുഷനാകുന്നു. പച്ചനിറത്തോടുകൂടിയതും അരുണവർണ്ണമായ പൂവുള്ളതും കായയും ഞെട്ടിയും ചെറുതായിട്ടുള്ളതുമായ കുടകപ്പാല സ്ത്രീജാതിയാകുന്നു * 4— ഇതുകളിൽ ബൃഹൽഫലാദിലക്ഷണയുക്തമായ പുരുഷകുടജം രക്തപിത്തത്തെയും കഫത്തെയും ഹനിക്കുന്നതും സുകുമാരന്മാർക്കുകൂടെ ശീലിക്കാവുന്നതും യാതൊരു തകരാറുമില്ലാത്തതുമാകുന്നു. സ്ത്രീകുടജം, ഹൃദ്രോഗം പനി വാതരക്തം വിസർപ്പം മുതലായതുകൾക്കെല്ലാം നല്ലതാകുന്നു. ഇതിലെ ആദിശബ്ദംകൊണ്ടു രക്തകോപജമായ മററ സകല രോഗങ്ങളേയും വിവക്ഷിക്കുകയും ചെയ്യാം *

കാലേ ഫലാനി സംഗൃഹ്യ തയോഃ ശുഷ്കാണി സംക്ഷിപേൽ
തേഷാമന്തർനഖം മുഷ്ടിം ജർജ്ജരീകൃത്യ താപയേൽ. ൫
മധുകസ്യ കഷായേണ കോവിദാരാദിഭിസ്തഥാ
നിശി സ്ഥിതം വിമൃദ്യൈതല്ലവണക്ഷൗദ്രസംയുതം. 6
പിത്തേ തദ്വമനം ശ്രേഷ്ഠം പിത്തശ്ലേഷ്മനിബർഹണം
അഷ്ടാഹം പയസാർക്കേണ തേഷാം ചൂർണ്ണാനി ഭാവയേൽ. 7
ബീജകസ്യ കഷായേണ തതഃ പാണിതലം പിബേൽ
ഫലജീമൂതകേക്ഷ്വാകുജീവന്തീനാം പൃഥൿ തഥാ. 8
സപ്തപാനാം മധൂകാനാം ലവണസ്യാഥവാംബുനാ

5-6½ — പുരുഷകുടജമെന്നും സ്ത്രീകുടജമെന്നും പറഞ്ഞ രണ്ടുതരം കുടകപ്പാലയുടേയും മൂപ്പുചെന്ന കായ അറുത്തെടുത്ത് ഉണക്കി അതിലെ അരിഎടുത്തു സൂക്ഷിക്കുക. അങ്ങിനെയുള്ള കുടകപ്പാലയരി ഒരു അന്തർനഖമുഷ്ടി എടുത്തു ചതച്ച് ഇരട്ടിമധുരക്കഷായത്തിലോ മുൻപറഞ്ഞ കോവിദാരാദികളുടെ കഷായത്തിലോ ഇട്ട് അല്പമൊന്നു ചൂടുപിടിപ്പിച്ചു വാങ്ങി അടച്ച് ഒരു രാത്രി സൂക്ഷിച്ചുവെച്ചു പിറ്റേദിവസം രാവിലെ തിരുമ്മിപ്പിഴിഞ്ഞരിച്ച് ഇന്തുപ്പും തേനും ചേർത്തു മുൻപറഞ്ഞ വിധിപ്രകാരം സേവിച്ചാൽ വമനം സംഭവിക്കും. പിത്തകോപമുള്ളവർക്ക് ഈ വമനം അത്യന്തം ഹിതമാകുന്നു. ഇതു ശീലിച്ചാൽ കോപിച്ചു കഫാശയത്തെ പ്രാപിച്ച പിത്തവും ദുഷ്ടപിത്തസംപർക്കംനിമിത്തം ദുഷിച്ച കഫവും നിശ്ശേഷം വമിച്ചുപോകയും പിത്തകഫങ്ങൾക്കു ശുദ്ധിവരികയും ചെയ്യും *

7-9 — മുൻപറഞ്ഞപ്രകാരം സംഗ്രഹിച്ച കുടകപ്പാലയരി എട്ടുദിവസം എരുക്കിൻപാലിൽ ഇട്ടുവെച്ചുട്ടുണക്കിപ്പൊടിച്ച പൊടി ഒരു പാണിതലപ്രമാണം — ഒരുപലം നീർമ്മാതളക്കഷായത്തിൽ കലക്കി സേവിച്ചാൽ വേണ്ടതുപോലെ വമനം സംഭവിക്കും. ഇങ്ങിനെ ഭാവനചെയ്തുണക്കിപ്പൊടിച്ച കുടകപ്പാലയരിപ്പൊടി സേവിക്കുവാൻ നീർമ്മാതളക്കഷായത്തിന്റെ സ്ഥാനത്ത്, മലങ്കാരയ്ക്കു, ദേവതാളിക്കായ, പേച്ചുര, അടപതിയൻകിഴങ്ങ്, കട്ടക്, ഇരിപ്പക്കാതൽ ഇതുകളുടെ കഷായങ്ങളിലോ ഉപ്പുകലക്കിയ

കൃസരേണാഥവാ യുക്തം വിദധ്യാച്ഛമനം ഭിഷക്. 9

തത്ര ശ്ലോകഃ.

കഷായൈരന്നവ ചൂൎണ്ണൈശ്ച പഞ്ചോക്താസ്സലിലൈസ്ത്രയഃ
ഏകശ്ച കൃസരായാം സ്യാദ്യോഗാസ്ത്വഷ്ടാദശ സ്മൃതാഃ. 10

ഇതി ചരകസംഹിതായാം

കല്പസ്ഥാനേ

വത്സകകല്പോ നാമ പഞ്ചമോദ്ധ്യായഃ.

അദ്ധ്യായം 6. കൃതവേധനകല്പം.

അഥാതഃ കൃതവേധനകല്പം വ്യാഖ്യാസ്യാമഃ

ഇതി ഹ സ്മാഹ ഭഗവാനാത്രേയഃ.

കൃതവേധനനാമാനി കല്പം ചാസ്യ നിബോധത
ക്ഷ്വേഡഃ കോശാതകീ ചോക്തം മൃദംഗഫലമേവ ച. 1

വെള്ളത്തിലോ എൾചോറിലോ ചേൎത്ത കൊടുക്കുന്നതും വമനത്തി ന്നു നല്ലതാകുന്നു *

അദ്ധ്യായവിവരണം.

10— വത്സകകല്പമെന്ന ഈ അദ്ധ്യായത്തിൽ കുടകപ്പാലയരി കഷായങ്ങളിൽ ചേൎത്ത് ഒമ്പതുതരത്തിലും പൊടിയാക്കി അഞ്ചുതരത്തിലും വെള്ളത്തിൽ ചേൎത്ത മൂന്നുതരത്തിലും കൃസരത്തിൽ ചേൎത്ത് ഒരുതരവും ഇങ്ങിനെ പതിനെട്ടുതരത്തിൽ ഉപയോഗിക്കാമെന്നുള്ളതിനെ ആത്രേയഭഗവാൻ വിശദമായി ഉപദേശിച്ചിരിക്കുന്നു.

ഇതി ചരകസംഹിതാവ്യാഖ്യാനേ

വാചസ്പത്യേ

കല്പസ്ഥാനേ പഞ്ചമോദ്ധ്യായഃ (5).

അദ്ധ്യായം 6.

1— ഇനി വമനദ്രവ്യങ്ങളിൽപെട്ട കൃതവേധന— കാട്ടപീ

അത്യന്തകടുതീക്ഷ്ണോഷ്ണം ഗാഢദോഷിഷു ശസ്യതേ ച
കുഷ്ഠപാണ്ഡ്വാമയപ്ലീഹശോഫഗുല്മഗരാദിഷു. 2
ക്ഷീരാദികുസുമാദീനി സുരാ ചൈതേഷു പൂർവ്വവൽ
സുശുഷ്കാണാന്തു ബീജാനാമേകം ദ്വൌ വാ യഥാബലം. 3
കഷായൈർമ്മധുകാദീനാം നവഭിഃ ഫലവൽ പിബേൽ
കഷായയിത്വാ ഫലം തസ്യ പൂതം ലേഹം നിധാപയേൽ 4
കൃതവേധനകല്ക്കാംശം ഫലാദ്യൈർദ്ധാംശസംയുതം
പൃഥക്ചാരഗ്വധാദീനാം ത്രയോദശഭിരാസുതം. 5
ശാല്മലീമൂലവൃന്താനാം പിച്ഛാഭിർദ്ദശഭിസ്തഥാ
വർത്തയഃ ഫലവൽ ഷൾസു ഫലാദീനാം ഘൃതം തഥാ. 6

ച്ചിൽ (ഇതിനെ തുളസ്സപ്പീരമെന്നും പറയും) ഇതിൻെറ പര്യായങ്ങളും അതിൻെറ കല്പവും ക്രമത്തിൽ ഉപദേശിച്ചതരാം. അതുകളെ മനസ്സിരുത്തി കേട്ടു ധരിക്കുക. ക്ഷേപഡം കോശാതകി മൃദംഗഫലമെന്ന ശബ്ദങ്ങളെല്ലാം കൃതവേധനപര്യായങ്ങളാകുന്നു *

2—ഈ കൃതവേധനം അത്യന്തം കടുരസത്തോടുകൂടിയതും തീക്ഷ്ണവും ഉഷ്ണവീര്യവുമാകുന്നു. ഇത് അത്യന്താവഗാഢങ്ങളായ കുഷ്ഠം, പാണ്ഡുരോഗം, പ്ലീഹരോഗം, നീര്, ഗുന്മൻ, കൈവിഷം മുതലായ രോഗങ്ങളുള്ളവർക്ക് വമനത്തിന്ന് ഉപയോഗിക്കാവുന്നതാണ് *

3—പാല്, പൂക്കൾ, സുര എന്ന മദ്യം ഇതുകളിലെല്ലാം മുൻപറഞ്ഞ വിധിപ്രകാരം ചേർത്തു ശീലിക്കാം. ഇതിൻെറ കുരു മുന്നു ഫലപിപ്പലിയെ സംഗ്രഹിക്കുവാൻ പറഞ്ഞമാതിരി സംഗ്രഹിച്ചുവെച്ച് അതിൽനിന്ന് ഒന്നോ രണ്ടോ യാമ്യനായ ആതുരൻെറ ശരീരബലാദ്യവസ്ഥപോലെ എടുത്ത്, 4—മുൻപറഞ്ഞ മധുകാദി ഒമ്പതു മരുന്നുകളിൽ ഏതെങ്കിലും കഷായംവെച്ച് അതിൽ മദനകല്പത്തിൽ പറഞ്ഞവിധം സേവിക്കുകയും വേണം. ഈ കൃതവേധനത്തിൻെറ കഷായം പിഴിഞ്ഞരിച്ചും ലേഹമുണ്ടാക്കാം. 5-10—ആ ലേഹവിധി എങ്ങിനെ എന്നാൽ— വില്വാദികഷായത്തിൽ കൃതവേധനം ഒരു ഭാഗവും മുൻപറഞ്ഞ വമനദ്രവ്യങ്ങളായ ഫലജീമൂതകാദികൾ പകുതിഭാഗവും ചേർത്തു ലേഹമുണ്ടാക്കി ശീലിക്കാം.
7 *

കോശാതകാനി പഞ്ചാശൽ കോവിദാരരസേ പചേൽ
തം കഷായം ഫലാദീനാം കല്ക്കൈഃസ്നേഹം പുനഃ പചേൽ. 7
ക്ഷേഡസ്യ തത്ര ഭാഗാഃ സ്യുശ്ശേഷാണ്യംശികാനി ച
കഷായൈഃ കോവിദാരാദ്യൈരേവം പക്ത്വാ പചേൽ പൃഥക്. 8
കഷായേഷു ഫലാദീനാമാനൂപം പിശിതം പൃഥക്
കോശാതകീഫലം പക്ത്വാ തദ്രസം ലവണൈഃ പിബേൽ. 9
ഫലാദി പിപ്പലീതുല്യം തദ്വൽ ക്ഷേഡരസം പിബേൽ
ക്ഷേഡം കഫേ പിബേത്സിദ്ധം മിശ്രമിക്ഷുരസേന ച. 10

തത്ര ശ്ലോകൌ.

ക്ഷീരേ ദ്വൌ ദ്വൌ സുരാ ഏകൈകാ കഫാദൌ വിംശതിസ്തഥാ

ഇതു മുൻപറഞ്ഞ ആരഗ്വധാദി എന്ന മരുന്നുകൾ കഷായംവെച്ചു തിൽ ചാലിച്ചിട്ട് ആസവമാക്കി സേവിക്കാം. പൂളവേര് ശല്ലകീവൃന്തം മുതലായ പത്തുതരം കൊഴുപ്പുള്ള പദാർത്ഥങ്ങളിൽ ചേർത്തും സേവിക്കാം. ഫലപിപ്പലികൊണ്ടു ഗുളികയുണ്ടാക്കുവാൻ പറഞ്ഞ വിധം ആ തരം ഗുളികകളിലും ഫലാദികളും ചേർത്തു നെയ്യുകാച്ചിയുംശീലിക്കാം. ൫൦ കോശാതകീബീജങ്ങൾ കോവിദാരരസത്തിൽ പാകംചെയ്ത് ആ കഷായത്തിൽ ഫലാദികളുടെ കല്ക്കംചേർത്തു സ്നേഹമുണ്ടാക്കി ശീലിക്കാം. ആ സ്നേഹത്തിൽ കൃതവേധനം നാലുഭാഗവും ബാക്കിയുള്ളതുകൾ പകുതിഭാഗവും അരച്ചുകലക്കുകയും വേണം. ഇതേ വിധം കോവിദാരാദികളുടെ കഷായങ്ങളിലും, ദ്രവ്യത്താൽ സ്നേഹമുണ്ടാക്കാം. ഫലാദി വമനദ്രവ്യങ്ങൾ കഷായംവെച്ച് അതുകളിൽ ആനൂപമാംസവും ഇളന്താപ്പിരക്കായും കൂടെ പാകംചെയ്ത് ആ മാംസരസം ഉപ്പുംചേർത്തു സേവിക്കുന്നതും വമനത്തിനു നല്ലതാകുന്നു. ഫലപിപ്പലി മുതലായ മററ വമനദ്രവ്യങ്ങളെല്ലാംകൂടെ ഒരുഭാഗം കൃതവേധനം ഒരുഭാഗം രണ്ടുംകൂടെ കഷായംവെച്ച് ആ രസം സേവിക്കുന്നതും വമനത്തിനു നല്ലതാകുന്നു. ഇളന്താപ്പിരക്ക കഷായംവെച്ച് അതിൽ സമംകരിമ്പിൻനീരും ചേർത്തു സേവിച്ചാലും നല്ലവണ്ണം വമനം സംഭവിക്കും.

അദ്ധ്യായവിവരണം.

11_12—കൃതവേധനകല്പമെന്ന ഈ അദ്ധ്യായത്തിൽ പ

ദശ പിച്ഛം ഘൃതതൈലൈകം ഷൾ ച വൎത്തിക്രിയാഃ ശ്രുതാഃ. 11
ലേഹേഷ്ടൗ സപ്ത മാംസേ ച യോഗ ഇക്ഷുരസേ പരഃ
കൃതവേധനകല്പേസ്മിൻ ഷഷ്ടിര്യോഗാഃ പ്രകീൎത്തിതാഃ. 12

ഇതി ചരകസംഹിതായാം
കല്പസ്ഥാനേ
കൃതവേധനകല്പോ നാമ ഷഷ്ഠോദ്ധ്യായഃ.

അദ്ധ്യായം 7. ശ്യാമാത്രിവൃൽകല്പം.

അഥാതഃ ശ്യാമാത്രിവൃൽകല്പം വ്യാഖ്യാസ്യാമഃ.
ഇതി ഹ സ്മാഹ ഭഗവാനാത്രേയഃ.

വിരേചനേ ത്രിവൃന്മൂലം ശ്രേഷ്ഠമാഹുൎമ്മനീഷിണഃ

ലിൽ ഇരുപത്തിരണ്ടും (നാലും) സുരയിൽ ഒന്നും കഷായത്തിൽ ഇരുപത്തിരണ്ടും പിഞ്ചരകളിൽ പത്തും നെയ്യിൽ ഒന്നും ഗുളികയാക്കി ആറും ലേഹത്തിൽ എട്ടും മാംസരസത്തിൽ ഏഴും കരിമ്പിൻനീരിൽ ഒന്നുംകൂടെ ആകെ ൬൦ വമനയോഗങ്ങൾ വിശദമായി ശ്രീആത്രേയഭഗവാൻ ഉപദേശിച്ചിരിക്കുന്നു *

ഇതി ചരകസംഹിതാവ്യാഖ്യാനേ
വാചസ്പത്യേ
കല്പസ്ഥാനേ ഷഷ്ഠോദ്ധ്യായഃ (൬).

അദ്ധ്യായം 7.

വമനകല്പങ്ങളെ വിവരിച്ചതിന്നുശേഷം ഇനി വിരേചനകല്പങ്ങളെ വിവരിക്കുന്നു. അതിൽ ആദ്യമായി ശ്യാമാത്രിവൃത്തുക്കളുടെ കല്പത്തെ ഒന്നാം അദ്ധ്യായത്തിൽ പറഞ്ഞ ക്രമത്തെ അനുസരിച്ച വിവരിക്കുന്നു. എന്നാൽ ശ്യാമാ — നാല്ക്കോല്പക്കൊന്ന എന്നും ത്രിവൃത്ത് — ത്രികോല്പക്കൊന്ന എന്നും പറയുന്ന രണ്ടുതരം

തസ്യാസ്സംജ്ഞാ ഗുണാഃ കർമ്മഭേദഃ കല്പശ്ച വക്ഷ്യതേ. 1
ത്രിഭണ്ഡീ ത്രിവൃതാ ചൈവ ശ്യാമാ കൂടരണാ തഥാ
സർവ്വാനുഭൂതിഃ സുവഹാ ശരണ്യഃ പര്യായവാചകൈഃ. 2
കഷായം മധുരാ രൂക്ഷാ വിപാകേ കടുകാ ച സാ
കഫപിത്തപ്രശമനീ രൌക്ഷ്യാച്ചാനിലകോപനീ. 3
സേദാനീമൌഷധൈര്യുക്താ വാതപിത്തകഫാപഹൈഃ
കല്പേ വൈശിഷ്ട്യമാസാദ്യ സർവ്വരോഗഹരാ ഭവേൽ. 4

ഔഷധവും ഒന്നിൽ നിന്നുതന്നെ ഉണ്ടാകുന്നതും ലക്ഷണാദികളേക്കൊണ്ടും പ്രഭാവംകൊണ്ടും അല്പാല്പഭേദഗതികളുള്ളതുകളായിത്തീരുകയാൽ രണ്ടായി വ്യവഹരിച്ചുവരികയുമാകയാൽ അതുകളുടെ കല്പത്തെ ഒന്നായി ഒരദ്ധ്യായത്തിൽതന്നെ പറയുന്നതാണെന്നും ഗ്രഹിക്കണം.

1—വിരേചനദ്രവ്യങ്ങൾ പലതരത്തിലുമുണ്ടെങ്കിലും അതുകളിലെല്ലാം അത്യുത്തമമായിട്ടുള്ളതു ത്രിവൃത്താണെന്നാകുന്നു സകലവൈദ്യശ്രേഷ്ഠന്മാരും ഒരുപോലെ അഭിപ്രായപ്പെടുന്നത്. അതിനാൽ വിരേചനദ്രവ്യങ്ങളെ പ്രതിപാദിക്കുന്നതിൽ പ്രഥമഗണനീയമായ ത്രിവൃത്തിന്റെ പര്യായനാമങ്ങൾ ഗുണങ്ങൾ കർമ്മം ആകൃതിഭേദം കല്പം ഇതുകളെ വിശദമായി ഉപദേശിച്ചുതരികയും ചെയ്യാം *.

2—ത്രിഭണ്ഡി ത്രിവൃതാ ശ്യാമാ കൂടരണ സർവ്വാനുഭൂതി സുവഹ എന്നതുകളെല്ലാം ത്രിവൃത്തിന്റെ പര്യായനാമങ്ങളാണെന്നും ധരിക്കണം *

3-4—ഗുണകർമ്മങ്ങളെ വിവരിക്കുന്നു:—ഇതു കഷായമധുരരസങ്ങളുള്ളതും രൂക്ഷവും വിപാകത്തിൽ എരുവുരസമായിത്തീരുന്നതും കഫപിത്തങ്ങളെ ശമിപ്പിക്കുന്നതും രൂക്ഷമാകയാൽ വാതത്തെ കോപിപ്പിക്കുന്നതുമാകുന്നു. എങ്കിലും ഈ ത്രിവൃത്തുതന്നെ വാതപിത്തകഫകോപജങ്ങളായ രോഗങ്ങളെ നശിപ്പിക്കുന്ന ഔഷധങ്ങളോടു ചേരുന്നതായാൽ കല്പവിധിയിൽ അതിന്റെ വൈ

മൂലന്തു ദ്വിവിധം തസ്യാഃ ശ്യാമം ചാരുണമേവ ച
അരുണാഭം വരതരം വിരേകി മൂലം യദരുണപ്രഭം.
സുകുമാരേ ശിശൗ വൃദ്ധേ മൃദുകോഷ്ഠേ ച തച്ഛുഭം
മോഹായ ദാശുകാരിത്വാച്ഛ്യാമം കണ്ഠം ക്ഷിണോത്യപി.
തൈക്ഷ്ണ്യാൽ കഷതി ഹൃൽകണ്ഠമാശു ദോഷം ഹരത്യപി
ശസ്യതേ ബഹുദോഷാണാം ക്രൂരകോഷ്ഠാശ്ച യേ നരാഃ. 7
ഗുണവത്യാം തദ്ഭൂമൗ ജാതം മൂലം സമുദ്ധരേൽ

ശിഷ്ട്യം നിമിത്തം സകല— വാതപിത്തകഫജങ്ങളായ എല്ലാ രോഗങ്ങളേയും നശിപ്പിക്കുന്നതായിത്തീരുകയും ചെയ്യും *

അതിലെ ഭേദത്തെ വിചാരിക്കുന്നു:— 5-7 —ത്രിവൃത്തിൻെറ മൂലം പച്ചനിറത്തിലും അരുണനിറത്തിലും ഇങ്ങിനെ രണ്ടുതരത്തിലുണ്ടാകും. അതിൽ ശ്യാമനിറത്തിലുള്ളതിനെ ശ്യാമാ—നാല്ക്കോല്പക്കൊന്ന എന്നും അരുണവർണ്ണത്തിലുള്ളതിനെ ത്രികോല്പക്കൊന്ന എന്നും പറയുന്നെന്നും ഗ്രഹിക്കണം. ഈ പറഞ്ഞ രണ്ടു തരത്തിൽ അരുണവർണ്ണമായ മൂലം—ത്രികോല്പക്കൊന്നയാണ് അധികം ശ്രേഷ്ഠമായിട്ടുള്ളത്. അത്, സുകുമാരന്മാർ ശിശുക്കൾ വൃദ്ധന്മാർ മൃദുകോഷ്ഠന്മാർ ഇവർക്കെല്ലാം വയറിളക്കുവാനുപയോഗിക്കാവുന്നതാകുന്നു. ഇതിന്ന യാതൊരപായവുമില്ല എന്ന സാരം. ശ്യാമ—നാല്ക്കോല്പക്കൊന്ന ആശുകാരി—അകത്തുചെന്നാൽ പാകം വരുന്നതിന്നുമുമ്പുതന്നെ സ്വവ്യാപാരമായ വിരേകത്തെ ചെയ്യിക്കുന്നതാകയാൽ ദുർബ്ബലനായവന്ന മോഹാലസ്യത്തേയും കണ്ഠത്തിന്ന തളൎച്ചയേയും ഉണ്ടാക്കുന്നതാകുന്നു. അതു അത്യന്തം തീക്ഷ്ണമാകയാൽ സേവിച്ചാൽ ഹൃദയത്തിലും കണ്ഠത്തിലും കലശലായ പിടിച്ചുവലിയുണ്ടാവുമെങ്കിലും ഉറച്ചുനില്ക്കുന്ന ദോഷത്തെ ക്ഷണത്തിൽ അതിൻെറ സ്ഥാനത്തുനിന്നിളക്കി പുറത്തുകളയുകയും ചെയ്യും. അതുനിമിത്തം ശ്യാമാ ദോഷസഞ്ചയത്തിന്ന് ആധിക്യമുള്ളവരും ക്രൂരകോഷ്ഠന്മാരുമായവൎക്ക വിരേകം വരുത്തുവാൻ ഉപയോഗിക്കുകയും ചെയ്യാം *

8-9 — ഈ പറഞ്ഞ ശ്യാമാത്രിവൃത്തുക്കളുടെ മൂലത്തെ ഔഷധഗ്രഹണവിധിപ്രകാരം സംഗ്രഹിക്കാൻ വിചാരിക്കുന്നവർ

ഉപോഷ്യ പ്രയതഃ ശുക്ലേ ശുക്ലവാസാഃ സമാഹിതഃ. 8
ഗംഭീരാനുഗതം ശ്ലക്ഷ്ണം ന തിര്യഗ്ഗാമി സുതഞ്ച യൽ
ഗൃഹീത്വാ വിസൃജേൽ കാഷ്ഠം ത്വചം ശുഷ്കാം നിധാപയേൽ. 9
സ്നിഗ്ദ്ധസ്വിന്നം വിരേച്യസ്തു പേയാമാത്രാശിതഃ സുഖം
അക്ഷമാത്രം തയോഃ പിണ്ഡം വിനീയാമ്ലേന വാ പിബേൽ. 10
ഗോവൃജാമഹിഷീമൂത്രസൗവീരകതുഷോദകൈഃ

തലേദിവസം ഉപവസിച്ച ശുദ്ധനായിട്ട് ശുക്ലപക്ഷത്തിലെ മുൻ ഒന്നാമദ്ധ്യായത്തിൽപറഞ്ഞപ്രകാരമുള്ള മുഹൂർത്തസമയത്തിൽ നിർമ്മലാംബരധാരിയായി ദേവതാരാധനാദികൾ ചെയ്തു സമാഹിതചിത്തനായതിന്നുശേഷം മുൻപറഞ്ഞ ഗുണങ്ങളോടുകൂടിയ ഭൂമിയിലുണ്ടായ ശ്യാമാത്രിവൃത്തുക്കളുടെ മൂലത്തെ പറിച്ചെടുക്കണം. ഇവിടെ 'പ്രയതഃ ശുക്ലേ' എന്നതിൽ 'പ്രയതഃ ശുക്രേ' എന്നും പാഠം കാണുന്നു. ആ പാഠപ്രകാരം ശുക്രമെന്നതിന്നു ജ്യേഷ്ഠമാസമെന്ന് അർത്ഥമാകുന്നു. ആ പാഠവും ഗ്രാഹ്യംതന്നെയാകയാൽ ജ്യേഷ്ഠമാസത്തിലെ വെളുത്തപക്ഷത്തിലെന്ന് അർത്ഥം ഗ്രഹിക്കുന്നത് അധികം നന്നായിരിക്കുമെന്നും തോന്നുന്നു. അങ്ങിനെ പറിച്ചെടുത്താൽ ഔഷധത്തിന്ന സ്വീകരിക്കേണ്ടത് അതുകളുടെ നേരെ കീഴ്പോട്ടുപോയതും മിനുപ്പുള്ളതുമായ വേരാകുന്നു. വിലങ്ങടിച്ചു ഗതിയോടുകൂടിയതും കഴമ്പുള്ളതുമായ വേര് ഔഷധത്തിന്ന സ്വീകരിക്കയുമരുത്, അങ്ങിനെയുള്ള ഗുണയുക്തമായ വേരു പറിച്ചെടുത്തു മുട്ടി പൊളിച്ച് അതിന്റെ ഉള്ളിലെ കാമ്പത്തെ കളഞ്ഞു തൊലി ഉണക്കി സൂക്ഷിക്കുക. അതാണ് വിരേചനത്തിന്നുപയോഗിക്കേണ്ടതെന്നും ഗ്രഹിക്കണം *

10-11.—വിരേച്യനായവനെ സ്നേഹസ്വേദങ്ങളെ ശീലിപ്പിച്ചതിന്നുശേഷം വിരേചിപ്പിക്കേണ്ടതായ ദിവസം മാത്രമുള്ളു തക്കവണ്ണം കഞ്ഞികുടിപ്പിച്ചു മററു യാതൊരു മനഃപീഡകളും കൂടാതിരിക്കുന്നവനെ ദോഷകോപാദ്യവസ്ഥപോലെ ശ്യാമാത്രിവൃത്തുകളിൽ ഉചിതമായതിന്റെ വേരരച്ച് ഒരു താന്നിക്കാപ്രമാണം അമ്ലദ്രവ്യത്തിൽ ചേർത്തു സേവിപ്പിക്കുക. ഇവിടത്തെ അക്ഷശബ്ദത്തിന്ന മൂന്നുകഴഞ്ചെന്നും അർത്ഥം ഗ്രഹിക്കാം. ഇത്, ഗോമൂത്രം കറിയാട്ടിൻമൂത്രം ആട്ടിൻമൂത്രം എരുമമൂത്രം സൗവീരകം തുഷോ

പ്രസന്നയാ ത്രിഫലയാ ശൃതയാ വാ പൃഥക്പിബേൽ. 11
ഏകൈകം സൈന്ധവാദീനാം ഷോഡശാനാം സനാഗരം
ത്രിവൃത്ത്രിഗുണസംയുക്തം ചൂർണ്ണമുഷ്ണാംബുനാ പിബേൽ. 12
പിപ്പലീ പിപ്പലീമൂലം മരിചം ഗജപിപ്പലീ
സരളഃ കിളിമം ഹിംഗു ഭാർങ്ഗീ തേജോവതീ തഥാ. 13
മുസ്തം ഹൈമവതീ പഥ്യാ ചിത്രകോ രജനീ വചാ
സ്വർണ്ണക്ഷീര്യജമോദാ ച ശൃംഗവേരഞ്ച തൈഃ പൃഥക്. 14
ഏകൈകാർദ്ധാംശസംയുക്താം പിബേൽ ഗോമൂത്രസംയുതാം
മധൂകാർദ്ധാംശസംയുക്താം ശർക്കരാംബുയുതാം പിബേൽ. 15
ജീവകർഷഭകൌ മേദാം ശ്രാവണീം കർക്കടാഹ്വയാം
മുൽഗമാഷാഖ്യപർണ്ണ്യൗ ച മഹതീം ശ്രാവണീം തഥാ. 16

ദേകമെന്ന വെപ്പുകാടികൾ മദ്യത്തിന്റെ തെളി ത്രിഫലക്കഷായം ഇതുകളിൽ ഏതിലെങ്കിലും കലക്കിയും സേവിക്കാം *

12—മുമ്പു ചികിത്സിതസ്ഥാനത്തിൽ വിവരിച്ച സൈന്ധവാദി ചൂർണ്ണത്തിലെ ൰൬ മരുന്നുകളിലും സമം ചുക്കും മൂന്നിരട്ടി ത്രികോല്പക്കൊന്നയും ചേർത്ത പൊടി കാഞ്ഞ വെള്ളത്തിൽ കലക്കി സേവിക്കുന്നതു നല്ലതാകുന്നു *

13-15—തിപ്പലി കാട്ടുതിപ്പലിവേര് കാട്ടുമുളക് അത്തിത്തിപ്പലി ചരളം ദേവതാരം കായം ചെറുതേക്കിൻവേര് ചെറുപ്പുന്നയരി മുത്തങ്ങ മലഏരുമ (അരേണുകമെന്നും പക്ഷം) കടുക്ക കൊട്ടുവേലിക്കിഴങ്ങ് വരട്ടുമഞ്ഞൾ വയമ്പ് മഞ്ഞപ്പാലുള്ള കള്ളിവേര് അയമോദകം ചുക്ക് ഇതിൽ ഓരോന്നിലും പകുതിഭാഗം ത്രികോല്പക്കൊന്നയും ചേർത്തു പൊടിച്ച പൊടി ഗോമൂത്രത്തിൽ കലക്കി സേവിക്കുന്നതും ത്രികോല്പക്കൊന്നയുടെ പകുതിഭാഗം ഇരിപ്പക്കാതലും ചേർത്തു പൊടിച്ച പൊടി പഞ്ചസാര കലക്കിയ വെള്ളത്തിൽ ചേർത്തു സേവിക്കുന്നതും വിരേകത്തിന്നു നല്ലതാകുന്നു *

16-17½—ജീവകം ഋഷഭകം മേദ ശ്രാവണി കർക്കടശൃംഗി കാട്ടുപയററിൻവേര് കാട്ടുഴുന്നിൻവേര് മഹാശ്രാവണി കാക്കോളി ക്ഷീരകാക്കോളി കണ്ടകാരിച്ചുണ്ടവേര് ചിററമൃത് പാൽമുതുക്കിൻകിഴ

കാകോളീം ക്ഷീരകാകോളീം ക്ഷുദ്രാം മധുകം തഥാ
ക്ഷീരശുക്ലാം പയസ്യാഞ്ച ശ്വദംഷ്ട്രാം ച വിധിനാ പിബേൽ. 17
വാതപിത്തഹിതാന്യേതാന്യന്യാനി തു കഫാനിലേ
ക്ഷീരമാംസേക്ഷുകാഷ്മര്യദ്രാക്ഷാപീലുരസൈഃ പൃഥക്. 18
സർപ്പിഷാ വാ തയോശ്ചൂർണ്ണമഭയാർദ്ധാംശികം പിബേൽ
ലിഹ്യാദ്വാ മധുസർപ്പിർഭ്യാം സംയുക്തം സാസിതോപലം. 19
അജഗന്ധാ തുഗാക്ഷീരീ വിദാരീ ശർക്കരാ ത്രിവൃൽ
ചൂർണ്ണിതം ക്ഷീരസർപ്പിർഭ്യാം ലീഢ്വാ സാധു വിരിച്യതേ. 20
ധന്വിമാംസജരസൈർഭോജിതോ നരഃ
ശ്യാമാത്രിവൃൽകഷായേണ കല്ക്കേന ച സശർക്കരം. 21
സാധയേദ്വിധിവല്ലേഹം ലിഹ്യാൽ പാണിതലം തതഃ

ങ്ങ് ഒടപതിയാൻകിഴങ്ങ് ഇരട്ടിമധുരം ഇതുകളും മുൻപറഞ്ഞ വിധിപ്രകാരംതന്നെ സേവിക്കാം. ഇതേവരെ പറഞ്ഞ യോഗങ്ങളെല്ലാം വാതപിത്തഹിതങ്ങളാകുന്നു. ഇനി പറയുന്ന യോഗങ്ങൾ കഫവാതഹിതങ്ങളാണെന്നും ഗ്രഹിക്കണം *

18-19 — ശ്യാമാത്രിവൃത്തുകളിൽ ദോഷകോപാദ്യവസ്ഥക്കനുസരിച്ചുവിധം ഏതെങ്കിലും പൊടിച്ച പൊടിയിൽ പകുതിഭാഗം കടുക്കപ്പൊടിയുംചേർത്ത്, പാൽ മാംസരസം കരിമ്പിൻനീര് കുമിഴിൻവേരുകൊണ്ടുവെച്ച കഷായം മുന്തിരിങ്ങാരസം കാപ്പിക്കഷായം നെയ്യ് ഇതിൽ ഏതിലെങ്കിലും ചേർത്തു സേവിക്കയോ, തേനും നെയ്യും കല്ക്കണ്ടവുംചേർത്തു കുഴച്ചു ലേഹമാക്കി സേവിക്കയോ ചെയ്താൽ വേണ്ടതുപോലെ വിരേകം സംഭവിക്കും*

20 — അമുക്കുരപ്പൊടി കൂവപ്പൊടി പാൽമുതുക്കിൻകിഴങ്ങു പൊടിച്ച പൊടി പഞ്ചസാര ത്രികോൽപ്പക്കൊന്നപ്പൊടി ഇവ സമം ഭാഗിച്ചുചേർത്തു തേനും നെയ്യുംകൂട്ടി കുഴച്ചു ലേഹനംചെയ്യുന്നതും നല്ലവണ്ണം വിരേകം വരും *

21-21½ — നീല്പ്പൊല്പക്കൊന്നയോ ത്രികോൽപ്പക്കൊന്നയോ കഷായംവെച്ച് അതുകൊണ്ട് അരച്ചുകലക്കി പഞ്ചസാരയുംചേർത്തു വിധിപ്രകാരം ലേഹമുണ്ടാക്കി ആ ലേഹം. മൂന്നുകഴഞ്ചുവീതം സേ

ധാക്ഷൌദ്രം ശൎക്കരാ പക്ത്വാ കൃഷ്ണാത്വഗ്ഭാജനേ നവേ. 22
ക്ഷിപേച്ഛീതേ ത്രിവൃച്ചൂൎണ്ണം ത്വക്പത്രമരിചൈസ്സഹ
മാത്രയാ ലേഹയേദേതദീശ്വരാണാം വിരേചനം. 23
കുഡബാംശാൻ രസാനിക്ഷുദ്രാക്ഷാപീലുപരൂഷകാൻ
സിതോപലാൽ പലം ക്ഷൌദ്രാൽ കുഡബാൎദ്ധം ച സാധയേൽ. 24
തം ലേഹം യോജയേച്ഛീതം ത്രിവൃച്ചൂൎണ്ണേന ശാസ്ത്രവിൽ
ഏതദുന്നതപിത്താനാമീശ്വരാണാം വിരേചനം 25
ശൎക്കരാമോദകാൻ വൎത്തിഗ്ഗുളികാമാംസസൂപകാൻ

പിച്ചാൽ സന്നിപാതജ്വരം സ്തംഭം ചുട്ടനീറൽ ദാഹം ഇതുകളുള്ള വൎക്ക വേണ്ടതുപോലെ വിരേകം സംഭവിക്കും *

22-23—തേനും തേനോളം പഞ്ചസാരയുംചേൎത്ത് അടുപ്പത്തുവെച്ചു പാകംചെയ്തു ഒരു പുതുക്കലത്തിലാക്കി ആറിയാൽ അതിൽ ത്രികോല്പക്കൊന്നപ്പൊടിയും അതോട്ടു സമം ഇലവങ്ഗത്തൊലി പച്ചില കുരുമുളക് ഇതുകൾ പൊടിച്ച പൊടിയുംകൂട്ടി ഇളക്കി യോജിപ്പിച്ചു ലേഹമാക്കിവെച്ച് അതിൽനിന്നു മാത്രയ്ക്കുതക്കവണ്ണം എടുത്തു സേവിച്ചാൽ വിരേകം സംഭവിക്കും. ഇതു രാജാൎഹമായ വിരേകൌഷധവുമാകുന്നു *

24—25—കരിമ്പിൻനീര് മുന്തിരിങ്ങാനീര് കാപ്പിരസം ചിറ്റീന്തൽകഷായം ഇവ നാഴി വീതം. കല്ക്കണ്ടം പലം ൧. തേൻ ഉരി എല്ലാം ഒന്നിച്ചുചേൎത്തു പാകംചെയ്തു വാങ്ങി ആറിയാൽ അതിൽ യുക്തിക്കതക്കവണ്ണം ത്രികോല്പക്കൊന്നപ്പൊടിയും ചേൎത്തുണ്ടാക്കിയ ലേഹം മാത്രയ്ക്കുതക്കവണ്ണം സേവിച്ചാൽ പിത്തം വൎദ്ധിച്ചവരും ഈശ്വരന്മാരും—ദുസ്സാദ് തൈക്ഷ്ണ്യം മുതലായതു സഹിക്കുവാൻ സാധിക്കാത്തവരായ പ്രഭുക്കന്മാൎക്കും ഉപയോഗിക്കാവുന്നതായ വിരേചനദ്രവ്യമാകയാൽ അവൎക്കെല്ലാം നല്ലപോലെ വിരേകം സംഭവിക്കുകയും ചെയ്യും * 26—പിത്തകോപത്തിന്ന് ആധിക്യമുള്ളവൎക്ക വിരേചനം വരുത്തുവാൻ ഈ പറഞ്ഞ ഔഷധങ്ങൾ കൊണ്ട് ഈ വിധിപ്രകാരം ശൎക്കരാമോദകങ്ങൾ വൎത്തികൾ ഗുളികകൾ മാംസങ്ങൾ അപ്പങ്ങൾ എന്നതുകളുണ്ടാക്കി ശീലിപ്പിക്കുന്നതും നല്ലതാകുന്നു *

27—കഫകോപത്തിന്ന് ആധിക്യമുള്ളവൎക്ക വിരേകം വരു

അനേന വിധിനാ കുര്യാൽ പൈത്തികാനാം വിരേചനം. 26
പിപ്പലീം നാഗരം ക്ഷാരം ശ്യാമാ ത്രിവൃതയാ സഹ
ലേഹയേന്മധുനാ സാർദ്ധം ശ്ലേഷ്മളാനാം വിരേചനം. 27
മാതുളുംഗാഭയാധാത്രീശ്രീപർണ്ണീകോലബാധിമാൽ
സ്വരസാൻ സ്വരസാംസ്തൈലേ സാധയേത്തത്ര ചാവപേൽ. 28
സഹകാരാൽ കപിത്ഥാച്ച സാമ്ല്യമ്ലഞ്ച യൽ ഫലം
പൂർവ്വവൽ ബ്ദ്ധളീഢേ ത്രിവൃച്ചൂർണ്ണേച സാധയേൽ. 29
ത്വക്പത്രകേസരൈരഷ്ടാം ചൂർണ്ണഞ്ച മധുമാത്രയാ
ലേഹോയം കഫപൂർണ്ണാനാമീശ്വരാണാം വിരേചനം. 30
...കാനി രസാന്യേഷാൻ മോദകാൻ രാഗഷാഡവാൻ
അനേന വിധിനാ കുര്യാദ്വിരേകാർത്ഥം കഫാധികേ. 31
ഭാഗശോഭ്യാം സമം നീപം തൈലസ്ത്രിവൃതോർദ്ധ ശർക്കരാ

...വാൻ, തിപ്പലി ചുക്ക് ചവർക്കാരം നാല്ക്കാല്പക്കൊന്ന ത്രികോല്പക്കൊന്ന ഇവ സമം പൊടിച്ച് തേനുംചേർത്തു ലേഹമാക്കി സേവിക്കുകയും വേണം *

28—30—മാതുളനാരങ്ങ കടുക്ക നെല്ലിക്ക കുമിഴിൻകായ ലന്തക്കരു ഉരമാമ്പഴം ഇവ ഇടിച്ചു പിഴിഞ്ഞോ സ്വരസവിധിപ്രകാരം കഷായംവെച്ചോ എടുത്ത സ്വരസത്തിൽ എണ്ണയുംചേർത്ത് അതിൽ തേൻമാമ്പഴം ബ്ലാമ്പഴം ഇതുകളും അമ്ലരസങ്ങളായ മറ്റ് അമ്ലികാദി ഫലങ്ങളുംചേർത്തു മുൻപറഞ്ഞ പ്രകാരം ലേഹമുണ്ടാക്കി അതിൽ ത്രികോല്പക്കൊന്നപ്പൊടിയും ഇലമങ്ങത്തൊലി പച്ചില നാഗപ്പൂവ് ഏലത്തരി ഇവ സമം പൊടിച്ച പൊടിയും തേനും കൂട്ടി ലേഹമാക്കി മാത്രയ്ക്കൊത്തവണ്ണം സേവിച്ചാൽ കഫം കോപിച്ച ജഠരത്തിൽ നിറഞ്ഞിട്ടുള്ളവർക്ക് വേണ്ടതുപോലെ വിരേചനം സംഭവിക്കും. ഇതും രാജവിരേചനം തന്നെയാകുന്നു *
31—കഫാധികനായവന്നു വിരേചനം വരുത്തുവാൻ ഈ പറഞ്ഞ ഔഷധങ്ങൾകൊണ്ടു മേൽപ്രകാരം പാനകം രസം യൂഷം മോദകം രാഗം ഷാഡവമെന്ന പദാർത്ഥങ്ങളുണ്ടാക്കി ശീലിക്കുന്നതും നല്ലതാകുന്നു *

32—33.—ഇലമങ്ങത്തൊലി ഏലത്തരി ഇതുകൾ രണ്ടും കൂട്ടി

ചൂർണ്ണം ഫലരസക്ഷൌദ്രസക്തുഭിസ്സപ്പീണം പിബേൽ. 32
വാതപിത്തകഫോത്ഥേഷു രോഗേഷ്വല്പാനലേഷു ച
നരേഷു സുകുമാരേഷു നിരപായം വിരേചനം, 33
ശക്കരാ ത്രിഫലാ ശ്യാമാ ത്രിവൃന്മാഗധികാ മധു
മോദകസ്സന്നിപാതോദ്ധ്വരക്തപിത്തജ്വരാപഹഃ. 34
ത്രിവൃച്ചൂർണ്ണാമൃതാസ്ഥിസ്രസ്ഥിസ്രശ്ച ത്രിഫലാത്വചഃ
വിളംഗപിപ്പലീക്ഷാരം സമാസ്ഥിസ്രശ്ച ചൂർണ്ണിതാഃ. 35
ലിഹ്യാത്സപ്പിർമ്മധുഭ്യാഞ്ച മോദകം വാ ഗുളേന ച
ഭക്ഷയേന്നിഷ്പരീഹാരമേതച്ഛോധനമുത്തമം 36
ഗുല്മം പ്ലീഹോദരം ശ്വാസം ഹലീമകമരോചകം

യേടത്തോളം ഉല്പമലരി എല്ലാം കൂടിയേടത്തോളം ത്രികോല്പക്കൊന്നയും ചേത്തുപൊടിച്ച് ആ പൊടിയോളം പഞ്ചസാരയുംചേത്തു യോജിപ്പിച്ച് അതിൽനിന്നു മാത്രയ്ക്കുതക്കവണ്ണം എടുത്തു മുൻപറഞ്ഞ മാതുളംഗാദിഫലങ്ങളുടെ രസവും തേനും മലർപൊടിയും ചേത്തു കുഴച്ചു സേവിക്കുക. വാതപിത്തകഫകോപജമായ എതു തരം രോഗമുള്ളവരും അഗ്നിബലം കുറഞ്ഞവരും സ്വതെ സുകുമാരന്മാരും—തീക്ഷ്ണമായ ഔഷധത്തിന്റെ ശക്തിയെ സഹിക്കത്തക്ക ബലമില്ലാത്തവരുമായവക്ക് ഇതു നിരപായമായ വിരേചനദ്രവ്യമാണെന്നും ഗ്രഹിക്കണം *

34—പഞ്ചസാര കടുക്ക നെല്ലിക്ക താന്നിക്ക നാല്പോല്പക്കൊന്ന,ത്രികോല്പക്കൊന്ന തിപ്പലി തേൻ ഇതുകൾകൊണ്ടു വിധിപ്രകാരം മോദകമുണ്ടാക്കി സേവിച്ചാൽ വേണ്ടതുപോലെ വിരേചനം വരികയും സന്നിപാതകോപം ഊൎദ്ധ്വഗരക്തപിത്തം പനി ഇതുകൾ നശിക്കുകയും ചെയ്യും *

35—37-ത്രികോല്പക്കൊന്ന ചിററമൃത് ഇവ മമ്മൂന്നുഭാഗം. കടുക്ക നെല്ലിക്ക താന്നിക്ക ഇവ ഓരോഭാഗം. വിഴാലരി തിപ്പലി ചവൽക്കാരം ഇല മൂന്നുംകൂടി ഒരുഭാഗം എല്ലാം ഒന്നിച്ചുചേത്തു പൊടിച്ചു തേനും നെയ്യുംകൂട്ടി ചാലിച്ചു സേവിക്കുകയോ ശക്കര പാവുകാച്ചി മോദകമുണ്ടാക്കി സേവിക്കുകയോ ചെയ്യാൽ യാതൊരു തകരാറും കൂടാതെ വേണ്ടേടത്തോളം ശോധനയുണ്ടാകും. ഇതു സേവിച്ചു ശോധന വരുത്തിയാൽ ഗുന്മൻ പ്ലീഹോദരം ശ്വാസംമുട്ടൽ

കഫവാതകൃതാംശ്ചാന്യാൻ വ്യാധീനേതദ്വ്യപോഹതി. 37
വിളംഗപിപ്പലീമൂലത്രിഫലാധാന്യചിത്രകാൻ
മരിചേന്ദ്രയവാജാജീപിപ്പലീഹസ്തിപിപ്പലീഃ. 38
ലവണാന്യജമോദാം ച ചൂർണ്ണിതം കാർഷികം പൃഥക്
തിലതൈലത്രിവൃച്ചൂർണ്ണഭാഗൌ ചാഷ്ടപലോന്മിതൌ. 39
ധാത്രീഫലരസപ്രസ്ഥാം സ്ത്രീൻ ഗുളാർദ്ധതുലാം തഥാ
പക്ത്വാ മൃദ്വഗ്നിനാ ഖാദേത് ബദരോദുംബരോപമാൻ 40
ഗുഡാൻ കൃത്വാ ന ചാസ്യ സ്യാദ്വിഹാരാഹാരയന്ത്രണാ
കുഷ്ഠാർശഃകാമിലാശ്മഹൃദ്ഗുല്മോദരഭഗന്ദരാൻ. 41
ഗ്രഹണീപാണ്ഡുരോഗാംശ്ച ഹന്ത്യേഷ പുംസവനാശ്ച തേ
കല്യാണകാ ഇതി ഖ്യാതാഃ സർവ്വേഷ്വൃതുഷു യൌഗികാഃ. 42
ഇതി കല്യാണകഗുളഃ.

ഹലീമകം അരോചകം ഇതുകളും കഫദോഷം നിമിത്തം സംഭവിച്ച മററു രോഗങ്ങളും നല്ലവണ്ണം ശമിക്കകയും ചെയ്യും *

കല്യാണകഗുളം.

37—42—പച്ചനെല്ലിക്ക ഇടിച്ചുപിഴിഞ്ഞ മൂന്നിടങ്ങഴി നീര് അട്ടപ്പത്തുവെച്ചു കുറുക്കി അതിൽ അമ്പതു പലം ശർക്കരയും ഇരുനാഴി എണ്ണയുംചേർത്തു പാവുമുറുകിയാൽ, വിഴാലരി കാട്ടുതിപ്പലിവേര് കടുക്ക നെല്ലിക്ക താന്നിക്ക കൊത്തംപാലയരി കൊടുവേലിക്കിഴങ്ങ് കുരുമുളക് കുടകപ്പാലയരി ജീരകം തിപ്പലി അത്തിത്തിപ്പലി ഇന്തുപ്പു മുതലായ പഞ്ചലവണങ്ങൾ അയമോദകം ഇവ മുമ്മൂന്നുകഴഞ്ചുവീതവും ത്രികോല്പക്കൊന്ന എട്ടുപലവും പൊടിച്ചിട്ടു മൃദ്വഗ്നിയിൽ പാകംചെയ്തു ഇളക്കി യോജിപ്പിച്ചു ലന്തക്കായയോളം വലിപ്പത്തിലോ അത്തിക്കായയോളം വലിപ്പത്തിലോ ഗുളികയാക്കി ഉരുട്ടി സേവിക്കുക. ഇതിൽ മൃദുകോഷ്ഠന്മാൎക്കു ബദരപ്രമാണവും ക്രൂരകോഷ്ഠന്മാൎക്ക് ഉദുംബരപ്രമാണവും മാത്ര എന്നു വിവേകം. കല്യാണകഗുളമെന്ന ഈ ഗുളം സേവിച്ചാൽ വേണ്ടതുപോലെ ശോധനയുണ്ടാകും. ഇതു സേവിക്കുന്ന സമയം വിഹാരാഹാരങ്ങളിൽ യാതൊരു പത്ഥ്യവും ശീലിക്കേണ്ടതില്ല. കുഷ്ഠം മൂലക്കുരു കാമില പ്രമേഹം ഗുന്മൻ മഹോദരം ഭഗന്ദരം ഗ്രഹണി പാണ്ഡുരോഗം ഇതുകളെല്ലാം നശിക്കും. ഇതു പുംസവനവും എതു കാലത്തും ഉപയോഗിക്കാവുന്നതുമാകുന്നു *

വ്യോഷത്വക്പത്രമുസ്തൈലാവിഡംഗാമലകാഭയാഃ
സമഭാഗാ ഭിഷഗ്ദദ്യാദ്ദ്വിഗുണഞ്ച മുക്കൂലകം. 43.
ത്രിവൃതോഽഷ്ടഗുണം ഭാഗം ശർക്കരായാശ്ച ഷൾഗുണം
ചൂർണ്ണിതം ഗുളികാം കൃത്വാ ക്ഷൌദ്രേണ പലസമ്മിതാം. 44
ഭക്ഷയേൽ കല്യമുത്ഥായ ശീതഞ്ചാനുപിബേജ്ജലം
മൂത്രകൃച്ഛ്രേ ജ്വരേ വമ്യാം കാസേ ശോഷേ ഭ്രമേ ക്ഷയേ. 45
താപേ പാണ്ഡ്വാമയേഽല്പേഽഗ്നൌ ശസ്താ നിർയ്യന്ത്രിതാശിനഃ
യോഗഃ സർവ്വവിഷാണാഞ്ച മതഃ ശ്രേഷ്ഠോ വിരേചനേ. 46
ത്രിവൃൽപലം ദ്വിപ്രസൃതം പത്ഥ്യാധാത്ര്യോഃ പൃഥക്ഫലാൽ
ദശൈതാൻ മോദകാൻ കുർയ്യാദീശ്വരാണാം വിരേചനം 47
ത്രിവൃദ്ദന്തീമരീച്യാമാനീലിനീഹസ്തിപിപ്പലീഃ

---

43 — 46 — ചുക്ക് മുളക് തിപ്പലി ഇലവങ്ഗത്തൊലി പച്ചില നാഗപ്പൂവ് ഏലത്തരി വിഴാലരി നെല്ലിക്ക കടുക്ക ഇവ ഓരോ ഭാഗം. ഇവ എല്ലാം കൂടിയതിന്റെ ഇരട്ടി ചെറിയ നാഗത്തിവേര്. എട്ടിരട്ടി ത്രികോല്പക്കൊന്ന എല്ലാംകൂടെ പൊടിച്ച് ആറിരട്ടി ശർക്കര പാവുകാച്ചിയതിലിട്ടിളക്കി തേനും ചേർത്ത് ഓരോപലം തൂക്കത്തിൽ ഗുളികയാക്കിവെച്ച കല്പവിധിപ്രകാരം സേവിച്ച ശീതജലം അനുപാനമായി കഴിച്ചാൽ നല്ലവണ്ണം വിരേകം സംഭവിക്കും. ഇതു ശീലിച്ചാൽ മൂത്രകൃച്ഛ്രം പനി ഛർദ്ദി കുര ശ്വാസംമുട്ടൽ തലതിരിച്ചിൽ ക്ഷയം ചുട്ടുനീറൽ പാണ്ഡുരോഗം അഗ്നിമാന്ദ്യം ഇതുകൾക്കെല്ലാം നല്ലതാകുന്നു. ഇതു സേവിക്കുന്ന കാലത്തും കലശലായ പത്ഥ്യമൊന്നും ആചരിക്കേണ്ടതില്ല. ഇതു വിഷം ബാധിച്ചവൎക്ക വിരേചനം വരുത്തുവാനും നല്ലതാകുന്നു *

47 — ത്രികോല്പക്കൊന്ന പലം ഒന്ന്. കടുക്ക നാലുപലം. കൊത്തംപാലയരി ആവണക്കിൻവേര് ഇവ അരയരപ്പലം എല്ലാം ഒന്നിച്ചുചേർത്തു മോദകമുണ്ടാക്കി ശീലിച്ചാൽ രാജാർഹമായ വിരേചനൌഷധമാകുന്നു *

48 — 51½ — ത്രികോല്പക്കൊന്ന കടുക്ക (മലംഎരുമ എന്നും പക്ഷം) നീലക്കോല്പക്കൊന്ന വട്ടപ്പൂവാളി അത്തിത്തിപ്പലി കാട്ടുതിപ്പലി ചെറുകുരുമുളക് ഇഞ്ചിക്കിഴങ്ങ് അയമോദകം കൊടിത്തൂവ്വവേര് ഇവ

സമൂലാം പിപ്പലീ മസ്തമജമോദാ ദുരാലഭാം. 48
കാർഷികം നാഗരപലം ഗുളസ്യ പലവിംശതിം
ചൂൎണ്ണിതം മോദകാൻ കൃത്വാദുംബരഫലോപമാൻ. 49
ഹിംഗുസൌവൎച്ചലവ്യോഷയവാനീവിഡജീരകൈഃ
വചാജഗന്ധാത്രിഫലാചവ്യചിത്രകധാന്യകൈഃ. 50
മോദകാൻ ഭക്ഷയേച്ചൂൎണ്ണസ്ഥാൻ സതുംബുരുഢാഡിമൈഃ
ത്രികവംക്ഷണഹൃദ്വസ്തികോഷ്ഠാൎശപ്ലീഹശൂലിനാം. 51
ഹിക്കാകാസാരുചിശ്വാസകഫോദാവൎത്തിനാം ശുഭാഃ
ത്രിവൃതാം കൌടജം ബീജം പിപ്പലീം വിശ്വഭേഷജം. 52
ക്ഷൌദ്രദ്രാക്ഷാരസോപേതാം വൎഷാസ്വേതദ്വിരേചനം
ത്രിവൃദ്ദുരാലഭാമുസ്താശൎക്കരോദീച്യചന്ദനം. 53
ദ്രാക്ഷാംബുനാ സയഷ്ട്യാഹ്വം ശീതളം ജലദാത്യയേ
ത്രിവൃതാം ചിത്രകം പാഠാമജാജിം സരളം വചാം
സ്വൎണ്ണക്ഷീരിഞ്ച ഹേമന്തേ പിഷ്ട്വാ തുഷ്ണാംബുനാ പിബേൽ. 54
ശൎക്കരാ ത്രിവൃതാ തുല്യാ ഗ്രീഷ്മകാലേ വിരേചനം
ത്രിവൃത്ത്രായന്തിഹപുഷാം സാതലാം കടുരോഹിണീം. 55
സ്വൎണ്ണക്ഷീരിഞ്ച സഞ്ചൂൎണ്ണ്യ ഗോമൂത്രേ ഭാവയേൽ ത്ര്യഹം

മൂന്നുപലം ചുക്ക് ഒരുപലം എല്ലാംകൂടെ പൊടിച്ച്, ൨൦ പലം ശൎക്കര പാവുകാച്ചി അതിലിട്ട് ഇളക്കി അത്തിക്കായയുടെ വലിപ്പത്തിൽ മോദകമാക്കി ഉരുട്ടി, കായം തുവൎച്ചിലക്കാരം ചുക്ക് മുളക് തിപ്പലി അയമോദകം വിഴാലരി ജീരകം വയമ്പ് ആട്ടനാറിപ്പച്ചവേര് കടുക്ക നെല്ലിക്ക താന്നിക്ക കൊടുവേലിക്കിഴങ്ങ് കൊത്തംപാലയരി തുമ്പൂണലരി ഉറുമാമ്പഴക്കായത്തോട് ഇവ സമം പൊടിച്ചു മുൻപറഞ്ഞ മോദകം പൊതിഞ്ഞു സേവിച്ചാൽ, തണ്ടെല്ലിന്ന വേദന ഒടിപ്രദേശത്തു വേദന നെഞ്ഞത്തുവേദന വസ്തിരോഗം കോഷ്ഠരോഗം മൂലക്കുരു പ്ലീഹരോഗം ശൂലവേദന ഇക്കിട്ടം കാസം അരുചി ശ്വാസംമുട്ടൽ കഫകോപം ഉദാവൎത്തം ഇതുകളുള്ളവൎക്കു്പ്രാം വേണ്ടതുപോലെ വിരേകം വരികയും മുൻപറഞ്ഞ ത്രികശൂലാദിരോഗങ്ങൾ ശമിക്കുകയും ചെയ്യും *

൫൨ _ ൫൬ _ ത്രികോല്പക്കൊന്ന കുടകപ്പാലയരി തിപ്പലി ചുക്ക് ഇവ സമം പൊടിച്ച് തേനും മുന്തിരിങ്ങാനീരും ചേൎത്തു സേവിക്കുക.

ഇതി സർവ്വർത്തുകാ യോഗാഃ സ്നിഗ്ദ്ധാനാം മലഭേഷജം. 56
ദുരാലഭാത്രി വൃച്ഛ്യാമാത്രായന്തീ ഹസ്തിപിപ്പലീ
നീലിനീ ത്രിഫലാ മുസ്തം കടുകാ ച സമൂർച്ഛിതാ. 57
സർപ്പിർമ്മാംസരസോഷ്ണാംബുയുക്തം പാണിതലം തതഃ
പിബേത്സ്വച്ഛതമം ഹ്യേതദ്രൂക്ഷാണാമപി ശസ്യതേ. 58
ത്ര്യൂഷണത്രിഫലാഹിംഗു കാർഷികം ത്രിവൃതാ പലം

ഇതു വർഷാകാലത്തു വിരേചനം വരുത്തുവാൻ ശീലിക്കേണ്ടതാകുന്നു. ത്രികോല്പക്കൊന്ന കൊടിത്തൂവ്വവേര് മുത്തങ്ങാക്കിഴങ്ങ് രാമച്ചം ചന്ദനം ഇരട്ടിമധുരം ഇവ സമം പൊടിച്ച പഞ്ചസാരയും ചേർത്തു മുന്തിരിങ്ങാനീരിൽ ചാലിച്ച ശരൽകാലത്തിൽ വിരേചനം വരുത്തുവാൻ സേവിക്കുകയും വേണം. ത്രികോല്പക്കൊന്ന കൊടുവേലിക്കിഴങ്ങ് പാടക്കിഴങ്ങ് അയമോദകം ചരളം വയമ്പ് മലഎരുമ ഇവ സമം അരച്ച ചൂടുവെള്ളത്തിൽ കലക്കി സേവിക്കുക. ഇതു ഹേമന്തകാലത്തിൽ വിരേചനം വരുത്തുവാനുപയോഗിക്കേണ്ടതാകുന്നു. പഞ്ചസാരയും ത്രികോല്പക്കൊന്നയും സമം ചേർത്തു സേവിക്കുന്നതു ഗ്രീഷ്മകാലത്തിൽ വിരേചനം വരുത്തുവാൻ വളരെ നല്ലതാകുന്നു. ത്രികോല്പക്കൊന്ന ബ്രഹ്മി അടക്കാമണിയൻ ചമ്മലന്ത കടുകരോഹിണി മലഎരുമ ഇവ സമം പൊടിച്ച മൂന്നുദിവസം ഗോമൂത്രത്തിലിട്ടു വെച്ചുണക്കി സൂക്ഷിക്കുക. വേണ്ടതുപോലെ സ്നിഗ്ദ്ധതവരുത്തിയവൎക്ക മലശോധന വരുത്തുവാനും ദോഷകോപം ശമിപ്പിക്കുവാനുമായി ഈ യോഗം ഏതു ഋതുവിലും ഒരുപോലെ ശീലിക്കാവുന്നതാണെന്നും ഗ്രഹിക്കണം *

57—58—കൊടിത്തൂവ്വവേര് ത്രികോല്പക്കൊന്ന നാല്ക്കോല്പക്കൊന്ന കടകപ്പാലയരി അത്തിത്തിപ്പലി വട്ടപ്പൂനാളി കടുക്ക നെല്ലിക്ക താന്നിക്ക മുത്തങ്ങാക്കിഴങ്ങു കടുകരോഹിണി ഇവ സമം പൊടിച്ച് ഒരു പാണിതല (മുന്നുകഴഞ്ചു) പ്രമാണം നെയ്യ്, മാംസരസം, കാഞ്ഞവെള്ളം ഇതിൽ ഏതിലെങ്കിലും (ഘൃതരസോഷ്ണാംബുക്കളിൽ) ചേർത്തു സേവിച്ചാൽ രൂക്ഷന്മാരായവൎക്കുകൂടെ സുഖമായി വിരേചനം സംഭവിക്കും *

59—60—ചുക്ക് മുളക് തിപ്പലി കടുക്ക നെല്ലിക്ക താന്നിക്ക കായം ഇവ ഒന്നുകഴഞ്ച്. ത്രികോല്പക്കൊന്ന പലം ഒന്ന്. ഇവ

ന്നാവച്ചലശ്കഷായേ പലാശ്ചൊല്ലവതസ്സാൽ. 59
തച്ചൂർണ്ണം ശക്കരാതുല്യം മദ്യേനാഃമ്ലേന വാ പിബേൽ
ഗുല്മ പാശ്വാൎത്തിനൽ സിദ്ധം ജീൎണ്ണേ ചാദ്യാദ്രസൗദനം. 60
സപ്തലാം ത്രിഫലാം ദന്തീം ത്രിവൃതാം വ്യോഷസൈന്ധവം
കൃത്വാ ചൂൎണ്ണന്തു സപ്താഹം ഭാവ്യമാമലകീരസേ. 61
തൽപ്രാജ്യം തൎപ്പണേ യൂഷേ പിശിതേ രാഗയുക്തിഷു
ദ്ര്യാംല്ലാ ത്രിവൃതാകല്ക്കസിദ്ധം ഗുല്മഹരം ഘൃതം. 62
മൂലാ ശ്യാമാത്രിവൃതയോഃ പചേദാമലകൈസ്സഹ

ച്ചിലക്കരം ഉന്നരക്കഴഞ്ചു്. ഞെരിഞ്ഞാമ്പുളിക്കിഴങ്ങ് ആറു കഴഞ്ചു ഇവ എല്ലാം പൊടിച്ചു ശിലപ്പൊടിവിട്ടു് ഒന്നിച്ചുചേൎത്ത് എല്ലാം കൂടിയേടത്തോളം പഞ്ചസാരയുംകൂട്ടി യോജിപ്പിച്ചു മദ്യത്തിലോ അമ്ലരസദ്രവ്യത്തിലോ ചേൎത്തുസേവിച്ചാൽ ഗുന്മൻ വാരിഭാഗത്തുവേദന ഇതുകളുള്ളവൎക്കു വിരേകം വരുത്തുവാൻ വളരെ നല്ലതാകുന്നു. ഇതു ജീൎണ്ണമായാൽ — ഇതു സേവിച്ചു വിരേചനത്തിന്റെ സമ്യഗ്യോഗം വന്നാൽ മാംസരസം ചേൎത്തു ഭക്ഷണം കഴിക്കുകയും വേണം. ഇവിടത്തെ രസശബ്ദത്തിന്നു പരിപ്പുചാറെന്നും അൎത്ഥം ഗ്രഹിക്കാവുന്നതാകുന്നു *

61—62—ചമ്മലന്ത കടുക്ക നെല്ലിക്ക താന്നിക്ക നാഗദന്തിവേര് ത്രികോല്പക്കൊന്ന ചുക്ക് മുളക് തിപ്പലി ഇന്തുപ്പ് ഇവ സമം പൊടിച്ചു പച്ചനെല്ലിക്കാനീരിൽ ഏഴുദിവസം ഇട്ടു വെച്ചുണക്കി സൂക്ഷിക്കുക. അതു തൎപ്പണത്തിലോ പരിപ്പുചാറിലോ മാംസരസത്തിലോ രാഗഷാഡവാദികളിലോ ചേൎത്തു സേവിക്കുന്നതും വിരേചനത്തിന്നു നല്ലതാകുന്നു. ലന്തക്കുരുക്കഷായം പച്ചനെല്ലിക്കാനീര് മുതലായ അമ്ലരസദ്രവ്യവും അതോട്ടുതുല്യം നെയ്യുംകൂട്ടി ത്രികോല്പക്കൊന്ന കല്ക്കമായി കാച്ചി അരിച്ചു മാത്രയ്ക്കുതക്കവണ്ണം സേവിച്ചാലും വേണ്ടതുപോലെ വിരേചനം സംഭവിക്കും *

63—64—നാല്ക്കോല്പക്കൊന്ന ത്രികോല്പക്കൊന്ന നെല്ലിക്ക ഇവ സമം വെച്ചുററിയ രസത്തിൽ അതുകൾ തന്നെ കല്ക്കമായി കാച്ചിയ നെയ്യ് ശ്യാമാത്രിവൃത്തുക്കളുടെ കഷായം വെച്ചു് അതിൽ നെ

ജലേ തേനൈവ കല്കേന പക്ത്വാ സപ്പിഃ പിബേന്നരഃ. 63
നിർയ്യൂഹേണ തയോർയ്യുക്ത്യാ സിദ്ധം സപ്പിഃ പിബേത്തഥാ
സാധിതം വാ പയസ്സാഭ്യാം സുഖം തേന വിരിച്യതേ. 64
ത്രിവൃന്മുഷ്ടിംസ്തു സനഖാനഷ്ടൌ ദ്രോണേ ജലേ പചേൽ-
പാദശേഷം കഷായം തം ശീതം ഗുഡതുലായുതം. 65
സ്നിഗ്ദ്ധേ സ്ഥാപ്യം ഘടേ ക്ഷൌദ്രപിപ്പലീഫലചിത്രകൈഃ
പ്രലിപ്തേ വിധിനാ മാസം ജാതം തന്മാത്രയാ പിബേൽ. 66
ഗ്രഹണീപാണ്ഡുരോഗഘ്നം ഗുൽമശ്വയഥുനാശനം.
സുരാം വാ ത്രിവൃതാപാദകല്കാം തൽകഷായസംയുതാം. 67
യവൈഃ ശ്യാമാത്രിവൃൽകഷായസിദ്ധൈഃ കന്മാഷമംശേഃ

ച്ചു ചേൎത്തു യുക്തിപോലെ കാച്ചിയതും ശീലിച്ചാൽ വേണ്ടതുപോലെ ശോധനയുണ്ടാകും. ത്രികോല്പക്കൊന്നയോ നാല്ക്കോല്പക്കൊന്നയോ ചതച്ചിട്ടു കറക്കിയ പാൽ സേവിച്ചാലും സുഖമായി വിരേചനം സംഭവിക്കുമെന്നും ഗ്രഹിക്കണം *

65_66½ — ത്രികോല്പക്കൊന്നയുടെ എട്ടു അന്തർനഖമുഷ്ടി പതിനാറിടങ്ങഴി വെള്ളത്തിൽ കഷായം വെച്ചു നാലൊന്നാക്കി പിഴിഞ്ഞരിച്ചു തണുത്താൽ ഒരു തുലാം ശക്കരയും ചേൎത്തു, നെയ്പുരട്ടി മയങ്ങിയ കുടത്തിൽ തിപ്പലി മലങ്കാരക്കാ കൊടുവേലിക്കിഴങ്ങു ഇവ സമം അരച്ചു തേനിൽ ചാലിച്ചു ആ കുടത്തിന്റെ ഉള്ളിൽ എല്ലാടവും പുരട്ടി ശക്കരചേൎത്ത കഷായം അതിലാക്കി വാച്ചൂട്ടി ഒരു മാസം സൂക്ഷിച്ചുവെച്ചു ആസവമാക്കി അതിൽനിന്ന മാത്രയ്ക്കു തക്കവണ്ണം എടുത്തു സേവിച്ചാൽ ഗ്രഹണി പാണ്ഡുരോഗം ഗുന്മൻ നീരു ഇതുകളെല്ലാവക്കുമെല്ലാം വേണ്ടതുപോലെ വിരേചരികയും ഗ്രഹണ്യാദി രോഗങ്ങളെല്ലാം ശമിക്കുകയും ചെയ്യും*

67 — സുര എന്ന മദ്യത്തിൽ അതിന്റെ നാലിൽ ഒരു ഭാഗം ത്രികോല്പക്കൊന്ന അരച്ചുകലക്കി സമം ത്രികോല്പക്കൊന്നക്കഷായവും ചേൎത്തു സേവിക്കുന്നതും വിരേചനത്തിന്നു നല്ലതാകുന്നു *

68 — നാല്ക്കോല്പക്കൊന്നയും ത്രികോല്പക്കൊന്നയും സമം അരച്ചു കലക്കിയ വെള്ളത്തിൽ യവമിട്ടു അടുപ്പത്തുവെച്ചു യവം വെന്താൽ വാങ്ങി ഊററി അരിച്ചു അതിൽ പട്ടതോര ചതച്ചിട്ടു

ആസുതം ഷഡഹം പശ്ചാജ്ജാതം സൌവീരകം പിബേൽ. 68
ഭൃഷ്ടാൻ മാഷതുഷാൻ ശുദ്ധാന്യവാംശ്ചൂർണ്ണസംയുതാൻ
ആസുതാനംഭസാ തദ്വൽ പിബേജ്ജാതം തുഷോദകം. 69
തഥാ മനേകല്പോക്താൻ ഖാണ്ഡവാദീൻ പൃഥക്ശഃ
ത്രിവൃച്ചൂർണ്ണേന സംയോജ്യ വിരേകാർത്ഥം പ്രയോജയേൽ. 70

തക്ഷേസരാമ്രാതകഖഡാഡിമൈലാ-
സിതോപലാമാക്ഷികമാതുളുംഗൈഃ
മദ്യൈസ്സുഗന്ധൈശ്ച മനോനുകൂലൈ-
ര്യുക്താനി ദേയാനി വിരേചനാനി. 71
ശീതാംബുനാ പീതവതശ്ച തസ്യ
സിഞ്ചേന്മുഖം ഛർദ്ദിവിഘാതഹേതോഃ

ആറുദിവസം കഴിഞ്ഞാൽ ആ ആസവത്തെ എടുത്തു സൌവീരകവും — യവംകൊണ്ടോ ഗോതമ്പുകൊണ്ടോ ഉണ്ടാക്കിയ കാടിയും ചേർത്തു സേവിക്കുന്നതും വിരേചനകാരിയാകുന്നു *

69 — ഉഴുന്നിന്റെ ഉമി വറുത്തതും യവവും ത്രികോല്പക്കൊന്നപ്പൊടിയും സമം ശുദ്ധജലത്തിലിട്ടു വെച്ച് ആറുദിവസം കഴിഞ്ഞാൽ അതിനെ തുഷോദകമെന്നു പറയാം. അതു മാത്രയ്ക്കു തക്കവണ്ണം സേവിക്കുന്നതും വിരേകം വരുവാൻ നല്ലതാകുന്നു * 70 — ഇതുവിധം മുമ്പു മദനകല്പത്തിൽ പറഞ്ഞ ഖാണ്ഡവാദി പതുത്തരത്തിലും ത്രികോല്പക്കൊന്നപ്പൊടിയുംകൂടെ ചേർത്തു സേവിച്ചാൽ അതുകൾ വിരേചനകാരികളായതീരുമെന്നും ഗ്രഹിക്കണം *

71 — വിരേചനദ്രവ്യം സേവിപ്പിക്കുന്നസമയം അതോടുകൂടെ, ഇലമങ്ങത്തൊലി നാഗപ്പൂവ് അമ്പഴമാങ്ങ ഉറുമാമ്പഴക്കായ എലത്തരി കല്ക്കണ്ടം തേൻ മാതുളനാരങ്ങയുടെ അല്ലി ഇതുകളും ഹൃദ്യങ്ങളായ മദ്യങ്ങളും മനസ്സിന്നു ഹിതങ്ങളായ മററു ദ്രവ്യങ്ങളും ചേർത്തു കൊടുക്കുകയും വേണം * 72 — വിരേചനൌഷധം സേവിച്ചാൽ ഉടനെ തണുത്ത വെള്ളംകൊണ്ടു കലുക്കുഴിയണം. ഇങ്ങിനെ ചെയ്യുന്നത് ആ ഔഷധം ഛർദ്ദിച്ചുപോകാതിരിക്കുവാൻവേണ്ടിയാകുന്നു. ഔഷധം ഛർദ്ദിച്ചുപോയാൽ വിരേചനം വരികയില്ല എന്നു മാത്രമല്ല വിരേകത്തിലെ മിഥ്യായോഗംകൂടെ സംഭവിച്ചു

ഷ്ഠ്യാംശ്ച മൂൽപുഷ്പഫലപ്രവാളാ-
നമ്ലം ച ദ്വ്യാദ്യുപജിഘ്രണാത്മം. 72

തത്ര ശ്ലോകാഃ

ഏകോല്ലാദിഭിരഷ്ടൗ ച ദശ ദ്വൗ സൈന്ധവാദിഭിഃ
മൂത്രേഷ്ടാദശ യഷ്ട്യ്യാ ദ്വൗ ജീരകാദൗ ചതുർദ്ദശ. 73
ക്ഷീരാദൗ സപ്ത ലേഹേഷ്ടൗ ചത്വാരഃ സിതയാപി ച
പാനകാദിഷു പഞ്ചൈവ ഷഡ്യൂതൗ പഞ്ച മോദകാഃ. 74
ചത്വാരശ്ച ഘൃത ക്ഷീരേ ദ്വൗ ചൂർണ്ണേ തർപ്പണേ തഥാ
ദ്വൗ മദ്യേ കാഞ്ജികേ ദ്വൗ ച ദശാന്യേ ഖാണ്ഡവാദിഷു. 75
ശ്യാമായാസ്ത്രിവൃതായാശ്ച കല്പേസ്മിൻ സമുദാഹൃതം
ശതം ദശോത്തരം സിദ്ധം യോഗാനാം പരമർഷിണാ. 76

ഇതി ചരകസംഹിതായാം
കല്പസ്ഥാനേ
ശ്യാമാത്രിവൃൽകല്പോ നാമ സപ്തമോദ്ധ്യായഃ.

പോകയും ചെയ്യും. അതാണ് 'ഛർദ്ദിവിഘാതഹേതോഃ' എന്നു പ്രത്യേകം പറഞ്ഞിരിക്കുന്നത്. ഛർദ്ദിനിവാരണത്തിന്നു കലുക്കുഴിഞ്ഞാൽ മാത്രം പോരാ. പിന്നെയോ, അവനവന്റെ മനസ്സിന്നു ഹിതമായ—സൌരഭ്യമുള്ള മണ്ണ് പുഷ്പങ്ങൾ കായകൾ തളിരുകൾ പുളിരസദ്രവ്യങ്ങൾ ഇതുകളെല്ലാം നാററുവാൻ കൊടുക്കുകയും വേണം *

അദ്ധ്യായവിവരണം.

73_76—ദത്താത്രേയഭഗവാൻ ശ്യാമാത്രിവൃൽകല്പമെന്ന ഈ അദ്ധ്യായത്തിൽ അല്ലാദികൾ ചേർത്ത് ഒന്നും പിന്നെ എട്ടും സൈന്ധവാദികൾ ചേർത്തു പന്ത്രണ്ടും ഗോമൂത്രം ചേർത്തു പതിനെട്ടും ഇരട്ടിമധുരത്തോടുകൂടെ രണ്ടും ജീരകാദികളിൽ പതിനാലും ക്ഷീരാദിയിൽ ഏഴും ലേഹത്തിൽകൂട്ടി എട്ടും പഞ്ചസാരചേർത്തു നാലും പാനകാദികളിൽ കൂട്ടി അഞ്ചും ഋതുകാലപ്രയോഗത്തിൽ ആറും മോദകമാക്കി അഞ്ചും നെയ്യുകാച്ചി നാലുതരവും പാലിൽ ചേർത്തും പൊടിയായും തർപ്പണമായും മദ്യത്തിലും കാഞ്ജികത്തിലും ഈ രണ്ടും ഖാണ്ഡവാദികളിൽ പത്തുംകൂടി ൧൧൦ സിദ്ധയോഗങ്ങൾ വഴിപോലെ ഉപദേശിച്ചിരിക്കുന്നു *

ഇതി ചരകസംഹിതാവ്യാഖ്യാനേ
ഖരാപസ്ത്യേ
കല്പസ്ഥാനേ സപ്തമോദ്ധ്യായഃ (൭).

അദ്ധ്യായം 8. ചതുരംഗുലകല്പം.

അഥാതശ്ചതുരംഗുലകല്പം വ്യാഖ്യാസ്യാമഃ
ഇതി ഹ സ്മാഹ ഭഗവാനാത്രേയഃ.

ആരഗ്വധോ രാജവൃക്ഷഃ ശമ്പാകശ്ചതുരംഗുലഃ
പ്രഗ്രഹഃ കൃതമാലശ്ച കർണ്ണികാരോവഘാതകഃ. 1
ജ്വരഹൃദ്രോഗവാതാസൃഗുദാവർത്താദിരോഗിഷു
രാജവൃക്ഷോധികം പത്ഥ്യോ മൃദുർമ്മധുരശീതളഃ. 2
ബാലേ വൃദ്ധേ ക്ഷതേ ക്ഷീണേ സുകുമാരേ ച മാനവേ

അദ്ധ്യായം 8.

1—ഒന്നാമദ്ധ്യായം ഉപോൽഘാതത്തിൽ പറഞ്ഞ പരിഭാഷാവ ചനപ്രകാരം വക്തവ്യമായ ചതുരംഗുലത്തിന്റെ— കൊന്നയു ടെ കല്പത്തെ വിവരിക്കുന്നു:— ആരഗ്വധം, രാജവൃക്ഷം, ശമ്പാ കം, ചതുരംഗുലം, പ്രഗ്രഹം, കൃതമാലം, കർണ്ണികാരം, അവഘാത കമെന്നതുകളെല്ലാം ചതുരംഗുലപര്യായങ്ങളാകുന്നു. എന്നാൽ ഈ പറഞ്ഞ പര്യായങ്ങളിൽ ചിലതു കൊന്നകളിൽതന്നെ വൻകൊ ന്ന കണിക്കൊന്ന മുതലായ ചില അവാന്തരങ്ങളെ പറയുന്നതാ യും വരും. പക്ഷെ അതുകളെല്ലാം കൊന്നജാതിയിൽ പെട്ടവയും അത്യല്പവ്യത്യാസത്തോടുകൂടിയവയുമാകയാൽ എല്ലാം കൊന്നയു ടെ സാമാന്യവാചകങ്ങളാണെന്നു പറയുന്നതും യുക്തംതന്നെ *

2-3—പനി ഹൃദ്രോഗം വാതശോണിതം ഉദാവർത്തം മുതലാ യ രോഗങ്ങളുള്ളവൎക്കു വിരേചനത്തിന്നു അധികം നല്ലതു രാജവൃ ക്ഷം—വൻകൊന്നയാകുന്നു. ഇതു മൃദുവും മധുരരസവും ശീതളവു മാകുന്നു. ബാലന്മാർ വൃദ്ധന്മാർ ക്ഷതംപററിയവർ ക്ഷീണിച്ചവർ അല്ലെങ്കിൽ ക്ഷതക്ഷീണരോഗങ്ങളുള്ളവർ സുകുമാരന്മാർ എന്നി വൎക്കെല്ലാം വിരേകത്തിന്നു അധികം നല്ലതു മൃദുതരവും അനപാ യിതരവുമുള്ളതായ (അനപായി=അപായമില്ലാത്തതു) ചതുരംഗു ലം—കണിക്കൊന്നയാകുന്നു. ഓഷധിനിഘണ്ടുവിൽ രാജവൃക്ഷ ത്തിന്നും ചതുരംഗുലമെന്നതിന്നും വൻകൊന്ന എന്നുതന്നെയാണു

യോജ്യോ മദനപാഠിതാദിശ്ചതുരംഗുലഃ. ൩
ഫലകാലേ ഫലം തസ്യ ഗ്രാഹ്യം പരിണതഞ്ച യൽ
തേഷാം ഗുണവതാം ഭാരം സികതാസു നിധാപയേൽ. ൪
സപ്തരാത്രാത്സമുദ്ധൃത്യ ശോഷയേദാതപേ ഭിഷക്
തതോ മജ്ജാനമുദ്ധൃത്യ ശുചൌ ഭാണ്ഡേ നിധാപയേൽ. ൫
ദ്രാക്ഷാരസയുതോ ദേയോ ദാഹോദാവർത്തപീഡിതേ
ചതുർവ്വർഷസുഖേ ബാലേ യാവദ്ദ്വാദശവാർഷികേ. ൬
ചതുരംഗുലമജ്ജസ്തു പ്രസൃതം വാഥവാഞ്ജലിം
സുരാമണ്ഡേന സംയുക്തമഥവാ കോലസീധുനാ.

അത്ഥം പറഞ്ഞിരിക്കുന്നത്. 'ആരഗ്വധ രാജവൃക്ഷശമ്പാകചതുരംഗുലാഃ' എന്ന് അമരസിംഹനും പറയുന്നു. മദനപാലൻ ഇതിലെ അവാന്തരങ്ങളെ പ്രത്യേകം പറയുന്നതുമുണ്ട്. 'മീനഗേഹേ പുഷ്പയുക്തോ മഹാവൃക്ഷോ ദ്രുമാധിരാൾ; വിഷുവേ പുഷ്പസംയുക്തോ ഹ്രസ്വഃ സ്യാച്ചതുരംഗുലഃ' ഇവിടെയും രണ്ടായി പറഞ്ഞുവെങ്കിലും രണ്ടും രണ്ടിനും പറയുമെന്നും അതുകളെ ഔചിത്യം പോലെ ഗ്രഹിക്കണമെന്നും ധരിക്കണം *

4-5 — ഏതുതരം കൊന്നയുടേയും കായ നല്ലവണ്ണം മൂത്താൽ അതിൽ കേടില്ലാത്തതു നോക്കി അറുത്തെടുത്തു മണലിൽ കുഴിച്ചിട്ടു മീതെ കനംകേറ്റിവെയ്ക്കുക. പിന്നെ ഏഴുദിവസം കഴിഞ്ഞാൽ അതെടുത്തു മണലെല്ലാം കളഞ്ഞു വെയിലത്തിട്ടുണക്കി ആ കായ പൊളിച്ച് അതിലെ മജ്ജ വേറെ എടുത്തു വൃത്തിയുള്ള പാത്രത്തിലാക്കി സൂക്ഷിക്കുക *

6 — മുൻപറഞ്ഞപ്രകാരം സൂക്ഷിച്ചതായ ചതുരംഗുലം മുന്തിരിങ്ങാനീരുചേൎത്തു കൊടുത്താൽ ചുട്ടുനീറലും ഉദാവത്തവുമുള്ള വക്ക വിരേചനംവരുത്തുവാൻ വളരെ നല്ലതാകുന്നു. ഇതു നാലുവയസ്സുമുതൽ പന്ത്രണ്ടുവയസ്സുവരെ പ്രായമുള്ള കുട്ടികൾക്കുകൂടെ വയറിളക്കുവാനുപയോഗിക്കുകയും ചെയ്യാം * 7-8 — സുര എന്ന മദ്യത്തിന്റെ തെളിയിലോ ലന്തക്കുരു ചതച്ചു വെള്ളത്തിലിട്ടു പുളിപ്പിച്ചുണ്ടാക്കിയ സീധുവിലോ തൈർവെള്ളത്തിലോ പച്ചവെ

ദധിമണ്ഡേന വാ യുക്തം രസേനാമലകസ്യ വാ
കൃത്വാ ശീതകഷായം തം പിബേൽ സൌവീരകേണ വാ. 8
ത്രിവൃതോ വാ കഷായേണ മജ്ജകല്കം തഥാ പിബേൽ
തഥാ വിലംകഷായേണ ലവണക്ഷൌദ്രസംയുതം. 9
കഷായേണാഥവാ തസ്യ ത്രിവൃച്ചൂർണ്ണം ഗുളാന്വിതം
സാധയിത്വാ ശനൈർല്ലേഹം ലേഹയന്മാത്രയാ നരം. 10
ചതുരംഗുലസിദ്ധാദ്വാ ക്ഷീരാദ്യദ്ദധിയാദ്ഘൃതം
മത്തും കല്കേന ധാത്രീണാം രസേന തത്സാധിതം പിബേൽ. 11
തദേവ ദശമൂലസ്യ കുലത്ഥാനാം യവസ്യ ച

പ്ലിക്കാനീരിലോ മുൻപറഞ്ഞപ്രകാരം സംഗ്രഹിച്ച കൊന്നക്കായയുടെ മജ്ജചേർത്തു സേവിക്കാം. അങ്ങിനെ ചേർക്കുന്നതു രണ്ടുപലമോ നാലുപലമോ ചേർക്കുകയും ചെയ്യാം. ഇതു യൌവനയുക്തന്മാർക്കുള്ള മാത്രയുമാകുന്നു. ഇതുതന്നെ ശീതകഷായമാക്കി വെപ്പുകാടിചേർത്തും സേവിക്കാം *

9 — ത്രികോല്പക്കൊന്നക്കഷായത്തിൽ കൊന്നക്കായയുടെ മജ്ജചേർത്തു സേവിക്കുന്നതും വിരേചനത്തിന്നു നല്ലതാകുന്നു. കൂവളത്തിൻവേരുകൊണ്ടു വെച്ച കഷായത്തിൽചേർത്ത് ഇന്തുപ്പും തേനും മേപ്പൊടിയായി സേവിക്കുന്നതും നല്ലതാകുന്നു *

10 — കൊന്നയുടെ മജ്ജ കഷായംവെച്ച് അതിൽ ത്രികോല്പക്കൊന്നയും ശർക്കരയും ചേർത്തു മൃദ്വഗ്നിയിൽ പാകംചെയ്തു വിധിപ്രകാരം ലേഹമാക്കി മാത്രപ്പു തക്കവണ്ണം സേവിക്കുന്നതും നല്ലതാകുന്നു *

11 — കൊന്നവേരിന്മേൽ തൊലിചതച്ചിട്ടു കാച്ചിയ പാൽ ഉറവീഴ്ത്തി കടഞ്ഞെടുത്ത നെയ്യ് പച്ചനെല്ലിക്കാനീരിൽകൂട്ടി കൊന്നക്കായയുടെ മജ്ജ കല്കമായി കാച്ചി സേവിച്ചാലും നല്ലവണ്ണം ശോധനവരും *

12 — മുൻപറഞ്ഞപ്രകാരം കാച്ചിയ പാലിൽനിന്നുണ്ടായ നെയ്യ് ദശമൂലവും— ഓരിലവേര് മുവ്വിലവേര് ചെറുവഴുതിനവേര് ചെറുവഴുതിനവേര് ഞെരിഞ്ഞിലിൻവേര് കുമിഴിൻവേര് കൂ

കഷായേ സാധിതം കല്കൈഃ സർപ്പിഃ ശ്യാമാദിഭിഃ പിബേൽ. 12
ദന്തീക്വാഥേഞ്ജലിം മജ്ജഃ ശമ്പാകസ്യ ഗുളസ്യ ച
ദത്വാ മാസാർദ്ധമാസസ്ഥമരിഷ്ടം പായയേത ച. 13
യസ്യ യൽ പാനമന്നം വാ ഹൃദ്യം സ്വാദ്വപി വാ കടു
ലവണം വാ ഭവേത്തേന യുക്തം ദേയം വിരേചനം. 14

അത്ര ശ്ലോകൗ

ദ്രാക്ഷാരസേ സുരാസീധുപാത്രേഷു ചാമലകീരസേ
സൌവീരകകഷായാഭ്യാം വിലാശമ്പാകയോസ്സ്മൃതഃ. 15

വളത്തിൻവേര് പൂപ്പാതിരിവേര് പലകപ്പയ്യാനിവേര് മുഞ്ഞവേര് മുതിരപ്പരിപ്പ് യവം ഇവ സമം കഷായംവെച്ച പിഴിഞ്ഞരിച്ചതിൽ ചേർത്ത ശ്യാമാത്രിവൃദാദിവിരേചനൌഷധങ്ങൾ കല്ക്കമായി കാച്ചി അരിച്ച സേവിക്കുന്നതും വിരേകത്തിന്ന നല്ലതാകുന്നു *

13— നാഗദന്തിക്കഷായത്തിൽ നാലുപലം വൻകൊന്നക്കായയുടെ മജ്ജയും അത്ര ശക്കരയുംകൂട്ടി മയങ്ങിയ കുടത്തിലാക്കി വായ്ക്കെട്ടി ഒന്നരമാസകാലം ധാന്യസ്ഥംചെയ്യുടുത്ത അരിഷ്ടം സേവിക്കുന്നതും നല്ലതാകുന്നു *

14— വിരേച്യനായവന്ന സാത്മ്യമായ അന്നപാനങ്ങൾ മധുരരസമോ കടുരസമോ ലവണരസമോ ആണെങ്കിൽ അതുകളിൽ കൊന്നക്കായയുടെ മജ്ജചേർത്ത സേവിക്കുന്നതും വിരേചനത്തിന്ന നല്ലതാകുന്നു. ഇവിടെ സ്വാദു- കടു- ലവണരസങ്ങളെ പ്രത്യേകം പറയുകയാൽ ഇത് അമ്ല- തിക്ത- കഷായരസദ്രവ്യങ്ങളായ അന്നപാനദ്രവ്യങ്ങളിൽചേർത്ത കഴിക്കരുതെന്നും ഗ്രഹിക്കണം *

അദ്ധ്യായവിവരണം.

15–16— ആത്രേയഭഗവാൻ ചതുരംഗുലകല്പമെന്ന ഈ അദ്ധ്യായത്തിൽ ചതുരംഗുലം, മുന്തിരിങ്ങാനീര് സുര സീധു തൈർവെള്ളം നെല്ലിക്കാനീര് സൌവീരകം ഇതുകളിൽ ചേർത്തും വില്വശമ്പാകകഷായങ്ങളിൽ ചേർത്തും ലേഹമാക്കിയും അരിഷ്ടമാക്കി

ഫലാദിഷ്വേതേ ച സംയോഗാ ഷോഡശ കീർത്തിതാഃ
ചതുരംഗുലകല്പേസ്മിൻ സുകുമാരാഃ പ്രകീർത്തിതാഃ. 16

ഇതി ചരകസംഹിതായാം
കല്പസ്ഥാനേ
ചതുരംഗുലകല്പോ നാമ അഷ്ടമോദ്ധ്യായഃ.

അദ്ധ്യായം 9. തില്വകകല്പഃ

അഥാതസ്തില്വകകല്പം വ്യാഖ്യാസ്യാമഃ
ഇതി ഹ സ്മാഹ ഭഗവാനാത്രേയഃ

തില്വകസ്യ മതാ ലോധ്രോ ബൃഹൽപത്രസ്തിരീടകഃ
തസ്യ മൂലത്വചം ശുഷ്കാമന്തർവല്കലവർജ്ജിതം. 1
ചൂർണ്ണയിത്വാ ത്രിധാ കൃത്വാ ദ്വൌ ഭാഗൌ കഷായയേൽ
ലോധ്രസ്യൈവ കഷായേണ തൃതീയം തേന ഭാവയേൽ. 2

യും രണ്ടുതരം റൊട്ടുകാച്ചുവാൻ പറഞ്ഞപ്രകാരത്തിലും ഇങ്ങിനെ പാത്രങ്ങളുരത്തിൽ ശീലിക്കുവാനുള്ള ൧൬. യോഗങ്ങളെ വിശദമായി ഉപദേശിച്ചിരിക്കുന്നു *

ഇതി ചരകസംഹിതാവ്യാഖ്യായാം
ഭാഷാസൂത്രേ
കല്പസ്ഥാനേ അഷ്ടമോദ്ധ്യായഃ (8)

അദ്ധ്യായം ൯

1__ഇനി തില്വകത്തിന്റെ—പാച്ചോറ്റിയുടെ കല്പത്തെ പറ്റി വിവരിക്കുന്നു:—തില്വകം, ലോധ്രം, ബൃഹൽപത്രം, തിരീടകം എന്ന ശബ്ദങ്ങളെല്ലാം പാച്ചോറ്റിയെ പറയുന്നവയാകുന്നു. അതിന്റെ വേരിന്റെ ആന്തരമായ മൊരിയും കളഞ്ഞ തൊലിയാണ് ഔഷധത്തിന സ്വീകരിക്കേണ്ടത് * 2__3—ഈ വിധമുള്ള വേരിന്മേൽ തൊലി സംഗ്രഹിച്ച് അതിൽ മൂന്നിൽ രണ്ടുഭാഗം കഷായംവെച്ചു

ഭാഗം തം ദശമൂലസ്യ പുനഃ ക്വാഥേന ഭാവയേൽ
ശുഷ്കം ചൂർണ്ണം പുനഃ കൃത്വാ തത ഊർദ്ധ്വം പ്രയോജയേൽ. 3
ദധിതക്രസുരാമണ്ഡമൂത്രൈർബ്ബദരസീധുനാ
രസേനാമലകാനാം വാ തതഃ പാണിതലം പിബേൽ. 4
സുരാം ലോധ്രകഷായേണ ജാതാം പക്ഷസ്ഥിതാം പിബേൽ
മേഷശൃംഗ്യഭയാകൃഷ്ണാചിത്രകൈഃ സലിലേ ശൃതം. 5
തത്തുലാം സുരയാതശ്ച ജാതം സൌവീരകം യദാ
ഭവേദഞ്ജലിനാ തസ്യ ലോധ്രകല്കം പിബേത്തദാ. 6
ദന്തീചിത്രകയോർദ്രോണേ സലിലസ്യാഢകം പൃഥക്
സംക്വാഥ്യ ച ഗുഡസ്യൈകാം തുലാം ലോധ്രസ്യ ചാഞ്ജലിം. 7
ആവപേത്തൽ പരം പക്ഷാന്മദ്യപാനാദ്വിരേചനം.

നാലൊന്നാക്കി പിഴിഞ്ഞരിച്ച് അതിൽ ബാക്കിയുള്ള ഭാഗം ഭാവനം ചെയ്യണം. അങ്ങിനെ ഭാവനംചെയ്ത ആ പാച്ചോററിത്തൊലി പിന്നെ ദശമൂലകഷായത്തിലും ഭാവനം ചെയ്തുണക്കി സൂക്ഷിക്കണം. ഇതേവിധം ശുദ്ധിചെയ്ത ലോധ്രമേ വിരേകത്തിന്നുപയോഗിച്ചുകൂട *

4—ഇങ്ങിനെ ശുദ്ധിചെയ്ത പാച്ചോററിത്തൊലി മൂന്നുകഴഞ്ച്, തൈര് മോര് സുരാമണ്ഡം ഗോമൂത്രം ബദരസീധു പച്ചനെല്ലിക്കാനീര് ഇതുകളിൽ ഏതിലെങ്കിലും യുക്തിപോലെ സേവിച്ചാൽ നല്ലവണ്ണം വിരേചനം സംഭവിക്കും *

5—6—പാച്ചോററിത്തൊലിക്കഷായംകൊണ്ടുണ്ടാക്കിയ മദ്യം ൧൫ ദിവസം അടച്ചു വായ്ക്കെട്ടി സൂക്ഷിച്ച് അതിൽനിന്നു മാത്രയ്ക്കു തക്കവണ്ണം സേവിക്കുകയോ, ആട്ടുകൊട്ടപ്പാല കടുക്ക തിപ്പലി കൊടുവേലിക്കിഴങ്ങ് ഇവ സമം കഷായംവെച്ച് അതിൽ ഒരു തുലാം പാച്ചോററിത്തൊലി ചതച്ചിട്ടു സൌവീരകമാക്കി ഊററിയെടുത്ത് ആ പാച്ചോററിത്തൊലി ഒരു അഞ്ജലിപ്രമാണം സേവിക്കുകയോ ചെയ്യുന്നതും നല്ലതാകുന്നു *

7—ട്ടു-നാഗദന്തിവേര് കൊടുവേലിക്കിഴങ്ങ് ഇതുകൾ ഓരോ ആഢകം വീതം പതിനാറിടങ്ങഴി വെള്ളത്തിൽ കഷായംവെച്ചു നാലൊന്നാക്കി പിഴിഞ്ഞരിച്ച് അതിൽ ഒരു തുലാം ശർക്കരയും

...കസ്യ കഷായേണ ശേകൃതഃ സുഭാവിതാം. 8
...കമ്പില്ലകസ്യൈവ കഷായേണ പുനഃ പിബേൽ
ചതുരംഗുലകല്ക്കേന ലേഹാന്യഃ കാര്യ ഏവ ച. 9
ത്രിഫലായാഃ കഷായേണ സസപ്പിർമ്മധുഫാണിതഃ
ലോഹചൂർണ്ണയുതഃ സിദ്ധോ ലേഹഃ ശ്രേഷ്ഠോ വിരേചനേ. 10
തില്വകസ്യ കഷായേണ കല്ക്കേന ച സശർക്കരഃ
സംസൃതഃ സാധിതോ ലേഹഃ സ ച ശ്രേഷ്ഠോ വിരേചനേ. 11
അഷ്ടാംശൈ ത്രിവൃതാദീനാം മുഷ്ടിംശ്ച സനഖാൻ പൃഥക്
ദ്രോണേപാം സാധയേൽ പാദശേഷേ പ്രസ്ഥം ഘൃതാൽ പചേൽ.

നാലുപലം പാച്ചോററിത്തൊലിയുംചേൎത്തു വരട്ടെട്ടി സൂക്ഷിച്ച പതിനഞ്ചുദിവസം കഴിഞ്ഞൊലെടുത്തു മദ്യപാനവിധിപ്രകാരം സേവിക്കക. എന്നാൽ വേണ്ടതുപോലെ വിരേകം സംഭവിക്കും. ഇതു സേവിച്ചതിന്നശേഷം പാച്ചോററിത്തൊലികഷായത്തിൽ പത്തു പ്രാവശ്യം ഭാവനം ചെയ്യുണക്കിയ കമ്പിപ്പാലത്തൊലി, പാച്ചോററികഷായത്തിൽ തന്നെ കലക്കി സേവിക്കുകയും വേണം *

9—ചതുരംഗുലകല്പമെന്ന മുന്നദ്ധ്യായത്തിൽ ലേഹമുണ്ടാക്കുവാൻ പറഞ്ഞതുപോലെ പാച്ചോററിത്തൊലി കൊണ്ടും ലേഹമുണ്ടാക്കി ശീലിക്കം അതിന്റെ യോഗമെന്തെന്നാൽ, 10—കടുക്കനെല്ലിക്ക താന്നിക്ക ഇവ സമം കഷായംവെച്ച് അതിൽ നെയ്യം തേനും ശക്കരയും പാച്ചോററിത്തൊലിപൊടിച്ച പൊടിയും യുക്തിപോലെ ചേൎത്തുണ്ടാക്കിയ ലേഹം വിരേചനം വരുത്തുവാൻ വളരെ നല്ലതാകുന്നു * 11—പാച്ചോററികഷായത്തിൽ പാച്ചോററിത്തൊലി അരച്ചുകലക്കി പഞ്ചസാരയും നെയ്യം ചേൎത്തുണ്ടാക്കിയ ലേഹവും വിരേചനത്തിന്നു ശ്രേഷ്ഠമാകുന്നു *

12—13—ത്രിവൃതാദികളായ വിരേചനദ്രവ്യങ്ങൾ എട്ടെട്ട് അന്തന്നഖമുഷ്ടി എടുത്തു പതിനാറിടങ്ങഴി വെള്ളത്തിൽ കഷായം വെച്ചു നാലൊന്നാക്കി പിഴിഞ്ഞരിച്ച് അതിൽ ഒരിടങ്ങഴി നെയ്യം കൂട്ടി കല്ക്കത്തിന്നു കഷായം വെക്കുവാൻ പറഞ്ഞ മരുന്നുകൾതന്നെ ഓരോപലം അരച്ചുകലക്കി നെയ്യോളം ഗോമൂത്രവുംചേൎത്തു കാച്ചി ഇതുപ്പു പാത്രപാകമായി അരിച്ചു സേവിച്ചാൽ നല്ലവണ്ണം വിരേ

പിഷ്ട്വൈസ്തൈരേവ വിപചേത്സമൂത്രലവണൈർഘ
തതോ മാത്രാം പിബേൽ കാലേ ശ്രേഷ്ഠമേതദ്വിരേചനം 13
ലോധ്രകല്ക്കേന മൂത്രാമ്ലലവണൈശ്ച പചേൽ ഘൃതം
ചതുരംഗുലകല്ക്കേന സർപ്പിഷി ദ്വേ ച സാധയേൽ. 14

തത്ര ശ്ലോകൌ

പഞ്ച ദധ്യാദിഭിശ്ചൈകസ്സുരാസൌവീരകേണ ച
ഏകോരിഷ്ടസ്തഥാ യോഗ ഏകഃ കമ്പില്ലകേന ച. 15
ലേഹാസ്ത്രയോ ഘൃതേനാപി ചത്വാരഃ സംപ്രദർശിതാഃ
യോഗാസ്തു ലോധ്രമൂലാനാം കല്പേ ഷോഡശ ദർശിതാഃ. 16

ഇതി ചരകസംഹിതായാം
കല്പസ്ഥാനേ
തില്വകകല്പോ നാമ നവമോധ്യായഃ.

ചനം സംഭവിക്കും * 14—പാച്ചോററിത്തൊലി അരച്ചുകലക്കി സൂത്രസ്ഥാനം ഒന്നാം അദ്ധ്യായത്തിൽ വിവരിച്ച മൂത്രങ്ങളും അമ്ലരസദ്രവ്യങ്ങളും സൈന്ധവാദിലവണങ്ങളും യുക്തിപോലെചേൎത്തു കാച്ചിയ ഘൃതവും, ചതുരംഗുലകല്പമെന്ന മൂന്നദ്ധ്യായത്തിൽ വിവരിച്ച രണ്ടുതരം ഘൃതങ്ങളിൽ കൊന്നയുടെ സ്ഥാനത്തു പാച്ചോററി ചേൎത്തു കാച്ചി അതുകളും വിരേചനത്തിന്നു നല്ലവയാകുന്നു *

അദ്ധ്യായവിവരണം.

15—16—തില്വകകല്പമെന്ന ഈ അദ്ധ്യായത്തിൽ പാച്ചോററിമേൽതൊലി ദധ്യാദികളിൽചേൎത്ത് അഞ്ചുതരവും സുരാസൌവീരകങ്ങളിൽ ഓരോന്നും ഒരു അരിഷ്ടവും കമ്പില്ലകംചേൎത്ത് ഒന്നും മൂന്നുതരം ലേഹങ്ങളും നാലുതരം ഘൃതയോഗങ്ങളും ഇങ്ങിനെ പതിനാറു യോഗങ്ങൾ ആത്രേയ ഭഗവാൻ വിശദമായി ഉപദേശിച്ചിരിക്കുന്നു *

ഇതി ചരകസംഹിതാവ്യാഖ്യാനേ
വാചസ്പത്യേ
കല്പസ്ഥാനേ നവമോധ്യായഃ (9)

അദ്ധ്യായം 10. സുധാകല്പം

അഥാതഃ സുധാകല്പം വ്യാഖ്യാസ്യാമഃ
ഇതി ഹ സ്മാഹ ഭഗവാനാത്രേയഃ.
വിരേചനാനാം സർവ്വേഷാം സുധാ തീക്ഷ്ണതമാ മതാ
സംഘാതന്തു ഭിനത്ത്യാശു ദോഷാണാം കഷ്ടവിഭ്രമാൽ. 1
തസ്മാന്നൈഷാ മൃദൌ കോഷ്ഠേ പ്രയോക്തവ്യാ കദാചന
ന് ദോഷനിചയേ ചാല്പേ സതി ചാന്യാപരിക്രമേ. 2
പാണ്ഡുരോഗോദരേ ഗുന്മേ കഷ്ഠേ ദൂഷീവിഷാർദ്ദിതേ
ശോഫയോഃ മധുമേഹേ ച ദോഷവിഭ്രാന്തചേതസി. 3
രോഗൈരവംവിധൈ ഗ്രസ്തം ജ്ഞാത്വാ സപ്രാണമാതുരം

അദ്ധ്യായം 10

ഇനി സുധാകല്പമെന്ന അദ്ധ്യായത്തെ വിവരിക്കുന്നു:—

1—എല്ലാതരം വിരേചനദ്രവ്യങ്ങളിലുംവെച്ച് അത്യന്തം തീക്ഷ്ണമായിട്ടുള്ളതാകുന്നു സുധ—കള്ളി. ഇതിന്ന് അതിയായ ഉഗ്രതയുള്ളതാകയാൽ കലശലായി ഉറച്ചുകിടക്കുന്ന ദോഷസംഘാതത്തെ ഇത് അതിവേഗത്തിൽ ഉടച്ചുകളയുകയും ചെയ്യും * 2—അതുനിമിത്തം മൃദുകോഷ്ഠന്മാരായവൎക്ക വിരേചനം വരുത്തുവാൻ ഇത് ഒരിക്കലും ഉപയോഗിച്ചുപോകരുത്. എന്നു മാത്രമല്ല ദോഷസംഘാതത്തിന്ന് ആധിക്യമില്ലാത്തതിരിക്കിലും മററ വിരേചനദ്രവ്യങ്ങളെക്കൊണ്ടു വയറിളക്കാവുന്നവൎക്കും ഇത് ഉപയോഗിച്ചുപോകരുത്. അതേവിധമുള്ളവൎക്ക സുധ ഉപയോഗിച്ചുപോയാൽ അതിന്റെ തൈക്ഷ്ണ്യാനിമിത്തം വിരേകത്തിന്റെ അതിയോഗം സംഭവിച്ചുപോകുമെന്നസാരം *

3–4½— ഇത്രയും തകരാറുള്ളതാണെങ്കിൽ അത് ആൎക്ക് ഉപയോഗിക്കാമെന്നതിനെ വിവരിക്കുന്നു:— പാണ്ഡുരോഗം മഹോദരം ഗുന്മൻ കഷ്ഠം ദൂഷീവിഷം ഇതുകൾ കലശലായി ബാധിച്ചവൻ നീരുവന്നവൻ മധുമേഹം ബാധിച്ചവൻ ദോഷസംഘാതത്തിന്റെ ആധിക്യംനിമിത്തം ചിത്തഭ്രമംവന്നവൻ എന്നിവൎക്കും ഇതേവിധമുള്ള മററ വിരേകസാദ്ധ്യരോഗങ്ങൾ ബാധിച്ചവൎക്കും

പ്രയോജയേന്മഹാവൃക്ഷം സമ്യക് സ ഹ്യവചാരിരിതഃ. 4
സദ്യോ ഹരതി ദോഷാണാം മഹാന്തമപി സഞ്ചയം
ദ്വിവിധസ്സ മതോ യൈശ്ച ബഹുഭിശ്ചൈവ കണ്ടകൈഃ. 5
സൂതീക്ഷ്ണൈഃ കണ്ടകൈരല്പൈഃ പ്രവരോ ബഹുകണ്ടകഃ
സ നാമ്നാ തു ഗുഡാ നന്ദീ സുധാ നിസ്ത്രിംശപത്രകഃ. 6
തം വിപാട്യാഹരേൽ ക്ഷീരം ശസ്ത്രേണ മതിമാൻ ഭിഷക്
ദ്വിവർഷാം വാ ത്രിവർഷാം വാ ശിശിരാന്തേ വിശേഷതഃ. 7
വിലാദീനാം ബൃഹത്യാ വാ കണ്ടകാര്യാപി ചൈകശഃ

ഇതുപയോഗിക്കാം. പക്ഷെ വിരേച്യനായ ആ രോഗിക്ക ധാരാളം ശരീരബലമുണ്ടായിരിക്കുകയും വേണം. ഇതേവിധമുള്ളവന്ന് അടുത്തുവിവരിക്കുന്ന വിധിപ്രകാരം കള്ളി വേണ്ടതുപോലെ ശീലിച്ചാൽ അതികലശലായ ദോഷസംഘാതതെ ക്ഷണത്തിൽ ഉടച്ച വിരേകക്രമേണ പുറത്തു കളയുകയും ചെയ്യും *

5–6—അതികഠിനമായ മൂച്ചയുള്ള മുള്ളുകൾ നിറഞ്ഞതും അവിടവിടെ ചെറിയ മുള്ളുള്ളതും ഇങ്ങിനെ രണ്ടുതരം കള്ളികളുണ്ട്. അതുകളിൽ അധികം മുള്ളതാണ് അധികം നല്ലത്. ഇതിനെ ഗുഡാ, നന്ദി, സുധ, നിസ്ത്രിംശപത്രകം എന്ന പൎയ്യായങ്ങളെക്കൊണ്ടു പറയുകയും ചെയ്യും * 7—രണ്ടുകൊല്ലമോ മൂന്നുകൊല്ലമോ മൂപ്പുചെന്നതായ കള്ളയിൽനിന്ന ശിശിരകാലത്തിൻെറ അവസാനത്തിങ്കൽ ശസ്ത്രംകൊണ്ടുകീറി വൃക്ഷങ്ങളിൽനിന്ന കറയെടുക്കുന്ന സമ്പ്രദായത്തിൽ അതിൻെറ കറയും എടുത്തു സംഗ്രഹിക്കണം * 8—ഇങ്ങിനെ കള്ളിപ്പാലെടുത്തതിന്നുശേഷം മഹൽപഞ്ചമൂലമോ ചെറവഴുതിനവേരോ കണ്ടകാരിച്ചുണ്ടവേരോ കഷായംവെച്ച നാലൊന്നാക്കി പിഴിഞ്ഞരിച്ച് കള്ളിപ്പാലോടു സമംചേൎത്ത കനലിൽ ആ പാത്രംവെച്ച കുറുക്കി വാറ്റിച്ച്, 9—ഉന്തക്കതേഭ്രമണത്തിൽ ഗുളികയാക്കുക. അതു സൌവീരകത്തിലോ തുഷോദകത്തിലോ ഉന്തക്കുരുകഷായത്തിലോ നെല്ലിക്കാകഷായത്തിലോ സുര എന്ന മദ്യത്തിലോ തൈരിൻെറ തെളിയിലോ മാതളുംരസത്തിലോ ചേൎത്തു സേവിക്കുക *

കഷായം തം സമാംശേന കൃതചാംഗാരേഷു ശോഷയേൽ. 8
തതഃ കോലസമാം മാത്രാം പിബേൽ സൌവീരകേണ വാ
തുഷോദകേന കോലാനാം രസേനാമലകസ്യ വാ. 9
സുരയാ ദധിമണ്ഡേന മാതുലുംഗരസേന വാ
സാതലാം കാഞ്ചനക്ഷീരീം ശ്യാമാദീനി കടുത്രികം. 10
യഥോപചത്തി സപ്താഹം സുധാക്ഷീരേണ ഭാവയേൽ
കോലമാത്രം ഘൃതേനാതഃ പിബേന്മാംസരസേന വാ. 11
ത്ര്യൂഷണം ത്രിഫലാം ദന്തീം ചിത്രകം ത്രിവൃതാം തഥാ
സ്നുക്ക്ഷീരഭാവിതം സമ്യക്പിബേദ്ദധ്യമ്ലഗുഡപാനകേ. 12
ത്രിവൃതാരഗ്വധം ദന്തീം ശംഖിനീം സപ്തലാം സമാം
നീശിസഹിതം ഗവാം മൂത്രേ ശോഷയേദാതപേ തതഃ. 13
സപ്താഹം ഭാവയിത്വൈവം സ്നുക്ക്ഷീരേണാപരം പുനഃ.
സപ്താഹം ഭാവയേച്ചൂർണ്ണം തതസ്തേനാപി ഭാവിതം. 14
ഗന്ധമാല്യം തദാഘ്രായ പ്രാവൃത്യ പടമേവ ച

10-11__ ചമ്മലന്ത മല എരുമ ശ്യാമാദിവിരേചനദ്രവ്യങ്ങൾ ചുക്ക് മുളക് തിപ്പലി ഇതുകൾ എല്ലാം കൂടിയോ ഓരോന്നോ ചിലതു മാത്രമോ കള്ളിപ്പാലിൽ ഏഴുദിവസം ഇട്ടു വെച്ചുട്ടുതരച്ച് ഒന്നരക്കഴഞ്ച് നെയ്യിലോ മാംസരസത്തിലോ ചേർത്തു കഴിച്ചാൽ നല്ലവണ്ണം വിരേകം സംഭവിക്കും * 12__ ചുക്ക് മുളക് തിപ്പലി കടുക്ക നെല്ലിക്ക താന്നിക്ക നാഗദന്തിവേര് കൊടുവേലിക്കിഴങ്ങ് ത്രികോല്പക്കൊന്ന ഇതുകൾ കള്ളിപ്പാലിൽ ഭാവനം ചെയ്തുണക്കിപ്പൊടിച്ചു ശർക്കര ചേർത്തുണ്ടാക്കിയ പാനകത്തിൽ കലക്കി സേവിക്കുന്നതും വിരേചനകാരിയാകുന്നു *

13-15__ ത്രികോല്പക്കൊന്ന കൊന്നവേരിന്മേൽതൊലി നാഗദന്തിവേര് ശംഖുപുഷ്പത്തിൻവേര് ചമ്മലന്ത (പൂപ്പാതിരി വേരെന്നും പക്ഷം) ഇവ സമം ഒരുരാത്രി മുഴുവൻ ഗോമൂത്രത്തിലിട്ടുവെച്ചു പിറേറദിവസമെടുത്തു വെയിലത്തിട്ടുണക്കി പിന്നെ, ഇതേമാതിരി ഏഴുദിവസം കള്ളിപ്പാലിലും പിന്നെ ഒരുപ്രാവശ്യംകൂടെ ഗോമൂത്രത്തിലും ഭാവനം ചെയ്തുണക്കി പൊടിച്ചു മാലയിൽ വിതറി അതു നാററകയോ ശീലയിൽ കിഴികെട്ടി നാററകയോ

സുഖമാശ്രു വിരിച്യന്തേ മൃദുകോഷ്ഠാ നരാധിപാഃ· 15
ശ്യാമാത്രിവൃൽകഷായേണ സ്നുക്ക്ക്ഷീരഘൃതഭാവിതൈഃ
ലേഹം പക്ത്വാ വിരേകാൎത്ഥം ലേഹയേന്മാത്രയാ നരം. 16
പായയേത സുധാക്ഷീരം യൂഷൈൎമ്മാംസരസൈൎഘൃതൈഃ
ഭാവിതാൻ ശുഷ്കമത്സ്യാൻ വാ മാംസം വാ ഭക്ഷയേന്നരഃ· 17
ക്ഷീരേണാമലകൈഃ സൎപ്പിശ്ചതുരംഗുലവൽ പചേൽ
സുരാം വാ കാരയേൽ ക്ഷീരം ഘൃതം വാ പൂൎവ്വവൽ പചേൽ· 18
തത്ര ശ്ലോകൌ
സൌവീരകാദിഭിഃ സപ്ത സൎപ്പിഷാ ച രസേന ച
പാനകം ശ്രേഷ്ഠലേഹൌ ച യോഗാ യൂഷാദിഭിസ്ത്രയഃ· 19
ദ്വൌ ശുഷ്കമത്സ്യമാംസാഭ്യാം സുരൈകാ ദ്വേ ച സൎപ്പിഷീ

ചെയ്താൽ മൃദുകോഷ്ഠനായവന്നു സുഖമായി വിരേകം സംഭവിക്കും. ഇതു രാജാൎഹമായ വിരേകമാകുന്നു *

16-18 — നാല്ക്കോല്പക്കൊന്നയും ത്രികോല്പക്കൊന്നയുംകൂടെ കഷായംവെച്ച് അതിൽ കള്ളിപ്പാലും നെയ്യും കൂട്ടിച്ചേൎത്തതിൽ ഭാവനം ചെയ്തുണക്കിപ്പൊടിച്ച മുൻപറഞ്ഞ ത്രിവിവൃദാദികൾചേൎത്തു വിധിപ്രകാരം ലേഹമുണ്ടാക്കി മാത്രയ്ക്കുതക്കവണ്ണം സേവിക്കുന്നതും വിരേകത്തിന്നു നല്ലതാകുന്നു. കള്ളിപ്പാൽ പരിപ്പുചാറിലോ മാംസരസത്തിലോ ചേൎത്തു സേവിക്കുക, കള്ളിപ്പാലിൽ ഭാവനം ചെയ്തുണക്കിയ മത്സ്യമോ മാംസമോ കഴിക്കുക, ഇതുകളും വിരേചനത്തിന്നു നല്ലതാകുന്നു. പാലിൽ നെല്ലിക്ക അരച്ചുകലക്കി ചതുരംഗുലം അരച്ചുകലക്കി നെയ്യുംചേൎത്തു കാച്ചി ശീലിക്കുന്നതു വിരേചനകാരിയാകുന്നു. സുധക്ഷീരംചേൎത്തു മുൻപറഞ്ഞ വിധിപ്രകാരം സുധ എന്ന മദ്യമുണ്ടാക്കി സേവിക്കുകയോ ക്ഷീരഘൃതങ്ങളെ കാച്ചി ശീലിക്കുകയോ ചെയ്യുന്നതും വളരെ നല്ലതാകുന്നു.

അദ്ധ്യായവിവരണം.

19-20 — ആത്രേയഭഗവാൻ സുധാകല്പമെന്ന ഈ അദ്ധ്യായത്തിൽ സൌവീരകാദികളിൽ സുധചേൎത്ത് ഏഴുപ്രകാരവും നെയ്യുചേൎത്തും രസംചേൎത്തും പാനകമായും മാല്യാദികളിൽചേൎത്തു സ്വാറായിയും ലേഹമായും യൂഷാദികളിൽചേൎത്തു മൂന്നുതരത്തിലും

സുധാകല്പസ്യ യോഗാസ്തേ വിംശതിസ്സമുദാഹൃതാഃ. 20
ഇതി ചരകസംഹിതായാം
കല്പസ്ഥാനേ
സുധാകല്പോ നാമ ദശമോഽധ്യായഃ.

അദ്ധ്യായം 11. സപ്തലാശംഖിനീകല്പഃ.

അഥാതസ്സപ്തലാശംഖിനീകല്പം വ്യാഖ്യാസ്യാമഃ
ഇതി ഹ സ്മാഹ ഭഗവാനാത്രേയഃ.
സപ്തലാ ചർമ്മസാഹ്വാ ച ബഹുഫേനരസാ ച സാ
ശംഖിനീ തിക്തലാ ചൈവ യവതിക്താക്ഷിപീഡികാ. 1
തേ ഗുല്മഗരഹൃദ്രോഗകുഷ്ഠശോഫോദരാദിഷു

മത്സ്യവും മാംസവും ഭാവനംചെയ്തും സുരയിൽച്ചത്തും രണ്ടുതരം നെകാച്ചിയും പാൽ കാച്ചിയും ഇങ്ങിനെ ആകെ ൨൦ വിരേചന യോഗങ്ങൾ വിശദമായി ഉപദേശിച്ചിരിക്കുന്നു *
ഇതി ചരകസംഹിതാവ്യാഖ്യാനേ
വാചസ്പത്യേ
കല്പസ്ഥാനേ ദശമോഽധ്യായഃ. (10)

അദ്ധ്യായം 11.

1-2—സപ്തല=ചർമ്മലന്ത (മഞ്ഞപ്പാലുള്ള ചതുരക്കള്ളി) ഇതിനെ ചർമ്മസാഹ്വ എന്നും ബഹുഫേനരസ എന്നും പറയും. ശംഖിനി=കീരിവള്ളി (ശംഖപുഷ്പമെന്നും ചിലർ പറയുന്നു) ഇതിനെ തിക്തല എന്നും യവതിക്ത അക്ഷിപീഡക എന്നും പറയും. ഇതു രണ്ടും വികാസികളും തീക്ഷ്ണഗുണയുക്തങ്ങളും രൂക്ഷങ്ങളുമായാൽ ഗുന്മൻ കൈവിഷം ഹൃദ്രോഗം കുഷ്ഠം നീര് മുതലായതുകളിലും കഫോധികങ്ങളായ രോഗങ്ങളിലും ശീലിക്കാവുന്നവകളാകുന്നു. ഇതുക്ളേ അല്പമായ കഫകോപംനിമിത്തം സംഭവിച്ചരോഗത്തിലോ വാതപിത്തകോപത്തിലോ ശീലിപ്പിച്ച് ഭേദംകയുമരുത് എന്നും ഗ്രഹിക്കണം *

വികാസിതീക്ഷ്ണരൂക്ഷത്വാദ്യോഗ്യാ ശ്ലേഷ്മാധികേഷു തു. 2
നാതിശുഷ്കം ഫലം ഗ്രാഹ്യം ശംഖിന്യാ നിസ്തുഷീകൃതം
സപ്തലായാശ്ച മൂലാനി ഗൃഹീത്വാ ഭാജനേ ക്ഷിപേൽ. 3
അക്ഷമാത്രം തയോഃ പിണ്ഡം പ്രസന്നാലവണായുതം
ഹൃദ്രോഗേ കഫവാതാർത്തേ ഗുല്മേ ചൈവ പ്രയോജയേൽ. 4
പിയാലപീലുകർക്കന്ധുകോലാമ്രാതകദാഡിമൈഃ
ദ്രാക്ഷാപനസഖർജ്ജൂരബദരാമ്ലപരൂഷകൈഃ. 5
മൈരേയദധിമണ്ഡാഭ്യാം സുരാസൗവീരതുഷോദകേ
ശീധൌ ചാപ്യേഷ കല്പഃ സ്യാത്തൽപേയം ശീഘ്രവിരേചനം. 6
തൈലം വിദാരിഗന്ധാദ്യൈഃ പയസി ക്വഥിതേ പചേൽ
സപ്തലാശംഖിനീകല്ക്കേ ത്രിവൃച്ഛ്യാമാർദ്ധഭാഗികേ. 7
ദധിമണ്ഡേന സന്ധായ സിദ്ധം തൽ പായയേത ച
ശംഖിനീചൂർണ്ണഭാഗൌ ദ്വൌ നിലീചൂർണ്ണസ്യ ചാപരഃ. 8
ഹരീതകീകഷായേണ തൈലം തൽപീഡിതം പിബേൽ

3—6—ഇതുകളുടെ ഉപയോഗക്രമത്തെ വിവരിക്കുന്നു:— ശംഖിനിയുടെ നന്നെ ഉണങ്ങാത്തതായ കായ പൊട്ടിച്ചെടുത്തു തോടുകളഞ്ഞു കുരുവെടുത്തതും സപ്തലയുടെ വേരും പറിച്ചെടുത്തു ഒരു പാത്രത്തിലാക്കിവെച്ചു അതിൽനിന്ന് ഇതുരണ്ടും സമം അരച്ചു താന്നിക്കാപ്രമാണം തെളിമദ്യത്തിൽ കലക്കി ഇന്തുപ്പു മേപ്പൊടിചേർത്ത്, ഹൃദ്രോഗമുള്ളവനും കഫവാതകോപജമായ ഗുന്മരോഗിക്കും സേവിച്ചാൽ വേണ്ടതുപോലെ വിരേചനം സംഭവിക്കും. ഈ കല്ക്കംതന്നെ, മുറിമരക്കായയുടെ മജ്ജ കാപ്പിക്കുരു തുരടിപ്പഴം ലന്തക്കുരു അമ്പഴങ്ങ ഉറുമാമ്പഴക്കായ മുന്തിരിങ്ങാപ്പഴം ചക്ക ഈത്തപ്പഴം വലിയലന്തപ്പഴം ചിററീത്തൽക്കായ ഇതുകൾ അരച്ചുംകൂട്ടി മൈരേയമദ്യം തൈരിന്റെ തെളി സൌവീരകം തുഷോദകമെന്ന കാടികൾ ശീധു എന്നിതുകളിൽ കലക്കിസേവിച്ചാൽ ക്ഷണത്തിൽ വിരേചനം സംഭവിക്കും *

7—9—വിദാരിഗന്ധാദിഗണൌഷധം പാലിൽ കഷായം വെച്ചു പിഴിഞ്ഞരിച്ച് എണ്ണയുംകൂട്ടി കല്ക്കത്തിന്നു ചമ്മലന്തയും കീരിവള്ളിക്കായയും അതുകളിൽ പകുതിഭാഗം ത്രികോല്പക്കൊന്ന·

അതസീസക്ഷൈപെരണ്ഡ കരഞ്ജേഷ്വേഷ സംവിധിഃ. 9
ശംഖിനീസപ്തലാസിദ്ധാൽ ക്ഷീരാദ്ര്യദ്ദീയാദ്ധൃതം
കല്ക്കഭാഗം തദാവരവ ത്രിവൃത്ക്ക്യാമൊദ്ധസംയുതം. 10
ക്ഷീരണാലോഡ്യ സംപകം വിബേതച്ച വിരേചനം
തഥാ ദന്തീദ്രവന്ത്യോഃ സ്യാദജശൃംഗ്യജഗന്ധയോഃ. 11
ക്ഷീരിണ്യാ നീലികായാശ്ച തൈഥൈവ ച കരഞ്ജയോഃ
മസൂരവിദലായാശ്ച പ്രത്യക്ശ്രേണ്യാസ്തഥൈവ ച. 12
വിളംഗാദ്ധാംശകല്കേന തൽത്സാദ്ധ്യം ഘൃതം പുനഃ
ശംഖിനീസപ്തലാധാത്രീകഷായേ സാധയേൽ ഘൃതം. 13

യും നാഴുല്ലാക്കൊന്നയും പകുതിഭാഗവും അരച്ചുകലക്കി വിധി പ്രകാരം കാച്ചി സേവിപ്പിക്കുന്നതും നല്ലതാകുന്നു* ശംഖിനി അര ച്ചുണക്കിപ്പൊടിച്ച പൊടി രണ്ടുഭാഗം അമരിയില അരച്ചുണക്കി പ്പൊടിച്ചപൊടി ഒരുഭാഗം രണ്ടുംകൂടെ എണ്ണയിൽകൂട്ടി ഉരസി ച്ചുത്തു കടുക്കക്കഷായത്തിൽ ചേത്തു സേവിക്കുന്നതും നല്ലതാകു ന്നു. ഇവിടെ അമരിയിലയുടെ സ്ഥാനത്തു കാശാവിൻകുരു, കട ക്, ആവണക്കിൻകുരു, ഉങ്ങിൻകുരു ഇതുകൾ ചേത്തും ഉപയോ ഗിക്കാം *

10—ശംഖിനീസപ്തലകൾ സമം ചേത്തുകാച്ചിയ പാൽ ഉറ പിഴുത്തി തൈരാക്കി കടഞ്ഞെടുത്ത നെയ്യ്, ശംഖിനീസപ്തലകളും അതുകളുടെ പകുതിഭാഗം ത്രികോല്പക്കൊന്നയും. നാല്ക്കോല്പക്കൊ ന്നയുംകൂടെ അരച്ച പാലിൽകലക്കി നെയ്യുംകൂട്ടി കാച്ചിസേ വിക്കുന്നതും വിരേചനത്തിന്നു നല്ലതാകുന്നു. 11—അതേവിധം ത്രിവൃത്ക്യാമകളുടെ സ്ഥാനത്ത്, നാഗദന്തിയും നീർവ്വാളവും ചേ ത്തും, ആട്ടുകൊട്ടപ്പാലയും ആട്ടുനാറിവേളയും ചേത്തും, 12—കി ണികിപ്പാല വട്ടപ്പുന്നാളി ചെറിയ ഉങ്ങ് ഞാവൽതൊലി നാല്ക്കോ ല്പക്കൊന്ന വലിയദന്തി 13—വിഴാലരി ഇതുകൾ പകുതിഭാഗം ചേത്തും മൻപറഞ്ഞപ്രകാരം നൈകാച്ചി ശീലിക്കുകയും ചെയ്യാം* ശഖുപുഷ്പത്തിൻകായയും മലഎരുമവേരും നെല്ലിക്കയുംകൂടെ കഷായംവെച്ചതിൽ ത്രികോല്പക്കൊന്ന കല്ക്കനായി നൈകാച്ചി ശീ ലിക്കുന്നതും വിരേചനത്തിന്നു നല്ലതാകുന്നു *

ത്രിവൃൽകല്പേന സപ്പിശ്ച ത്രയോ ലേഹാശ്ച പൂവ്വവൽ
സുരാകമ്പില്ലയോഗ്യോഗാഃ കാര്യോ ലോദ്ധ്രവദേവ ച. 14
ദന്തീദ്രവന്ത്യോഃ കല്പേന സൌവീരകതുഷോദകേ
അജഗന്ധാജഗന്ധ്യോശ്ച തദ്വൽ സ്യാതാം വിരേചനേ. 15

തത്ര ശ്ലോകൌ

കഷായാ ദശ ഷൾചൈവ ഷാട് തൈലമഷ്ടൌ ച സപ്പിഷി
പഞ്ച മദ്യേത്രയോ ലേഹാ യോഗാഃ കാമ്പില്ലകേ തഥാ. 16
സപ്തലാശംഖിനീഭ്യാം തേ ത്രിംശദുക്താ നവാധികാഃ
യോഗാസ്സിദ്ധാസ്സമസ്താഭ്യാമേകശോപി ച തേ ഹിതാഃ. 17

ഇതി ചരകസംഹിതായാം
കല്പസ്ഥാനേ
സപ്തലാശംഖിനീകല്പോ നാമ ഏകാദശോഽദ്ധ്യായഃ

14—ലോദ്ധ്രകല്പത്തിൽ പറഞ്ഞ മൂന്നുതരം ലേഹത്തിൻ ഉണ്ടാക്കി ശീലിക്കാം പക്ഷെ അവിടെ ലോദ്ധ്രത്തിന്റെ സ്ഥാനത്തു സപ്തലാശംഖിനികൾ ചേക്കയും അവിടെ പറയുംപ്രകാരം സുരാകമ്പില്ലങ്ങൾ ചേക്കയും വേണം * 15—ദന്തീദ്രവന്തീകല്പമെന്ന അടുത്തുവിവരിക്കുന്ന അദ്ധ്യായത്തിൽ പറയുന്നതുപോലെ സൌവീരകതുഷോദകങ്ങളുണ്ടാക്കുകയും ചെയ്യാം. അതുവിധം അജഗന്ധാജശൃംഗീകല്പപ്രകാരവും സൌവീരകതുഷോദകങ്ങളുണ്ടാക്കാം. ഇതുകളെല്ലാം വിരേചനത്തിന് അത്യന്തം ഹിതങ്ങളാകുന്നു *

അദ്ധ്യായവിവരണം.

16—17—സപ്തലാശംഖിനീകല്പമെന്ന ഈ അദ്ധ്യായത്തിൽ പതിനാറുതരം കഷായങ്ങളും ആറുതരം തൈലങ്ങളും എട്ടുതരം ഘൃതങ്ങളും മദ്യനിമ്മാണത്തിൽ അഞ്ചുയോഗങ്ങളും മൂന്നുതരം ലേഹങ്ങളും കാമ്പില്ലകയോഗവുംകൂടെ മുപ്പത്തിഒമ്പതു സിദ്ധയോഗങ്ങൾ പറയപ്പെട്ടിരിക്കുന്നു. ഈ യോഗങ്ങളെല്ലാം അന്യോന്യമായോ ഒരു യോഗം മാത്രമായോ ശീലിക്കുകയും ചെയ്യാമെന്നിങ്ങിനെ ഭഗവാൻ ആത്രേയൻ സച്ഛിഷ്യനായ അഗ്നിവേശന്ന വിശദമായി ഉപദേശിച്ചിരിക്കുന്നു *

ഇതി ചരകസംഹിതാവ്യാഖ്യാനേ
വാചസ്പത്യേ
കല്പസ്ഥാനേ ഏകാദശോഽദ്ധ്യായഃ (11)

അദ്ധ്യായം 12-ദന്തിദ്രവന്തികല്പം.

അഥാതോ ദന്തീദ്രവന്തീകല്പം വ്യാഖ്യാസ്യാമഃ.
ഇതി ഹ സ്മാഹ ഭഗവാനാത്രേയഃ.
ദന്ത്യുദുംബരപർണ്ണീ സ്യാന്നികുംഭോപി മകൂലകഃ
ദ്രവന്തീ നാമതശ്ചിത്രാ ന്യഗ്രോധീ മൂഷികാഹ്വയാ. 1
തയോർമ്മൂലാനി സംഗൃഹ്യ സ്ഥിരാണി മഹാന്തി ച।
ഹസ്തിദന്തപ്രകാരാണി ശ്യാവതാമ്രാണി ബുദ്ധിമാൻ. 2
പിപ്പലീമധുലിപ്താനി സ്വേദയേന്മൃൽകുശാന്തരേ

അദ്ധ്യായം 12

1—നാഗദന്തിയെ ഉദുംബരപർണ്ണിനികുംഭം മകൂലകമെന്നെല്ലാം പറയും. ഇതിൽ മകൂലകമെന്നതു ചെറിയദന്തിയുടെ പേരാണെന്നും ഒരു പക്ഷമുണ്ട്. നാഗദന്തി ചെറിയതെന്നും വലിയതെന്നും രണ്ടുതരമുണ്ട്. അതിൽ ദന്തി, ഉദുംബരപർണ്ണിനി കുംഭമെന്നതുകൾ വലിയദന്തിയുടേയും മകൂലകമെന്നതു ചെറിയദന്തിയുടേയും പേരാണ് എന്നസാരം. ഇതുകൾക്ക് ആകൃതിയിൽ അല്പമായ വലിപ്പചെറുപ്പമുണ്ടെന്നല്ലാതെ ഫലത്തിൽ പറയത്തക്ക ഭേദഗതികളില്ലാത്തതിനാൽ എല്ലാം ദന്തീസാമാന്യവാചകങ്ങളാണെന്നു പറയുന്നതിനും വിരോധമില്ല. എന്നും ഒരു പക്ഷമുണ്ട്. ദ്രവന്തി—വലിയദന്തി. (നീർവ്വാളമെന്നും പക്ഷം.) മുൻപറഞ്ഞ പക്ഷാന്താന്തരം നീർവ്വാളമെന്ന പക്ഷക്കാരുടേതാകുന്നു. ദ്രവന്തിയെ വലിയദന്തി എന്നു പറഞ്ഞ നിഘണ്ടുകാരൻ ദന്ത്യാദി പൂർവ്വാഖ്യനാമങ്ങളെ ചെറിയദന്തി എന്നു വിവരിക്കുകയും ചെയ്യുന്നു. ദ്രവന്തിയെ ചിത്ര, ന്യഗ്രോധി, മൂഷികാഹ്വയ എന്നെല്ലാം പറയുകയുംചെയ്യും. 3-4—ഔഷധസ്വഭാവഭേദങ്ങളെ തിരിച്ചറിയുന്നവനായ വൈദ്യൻ ഔഷധപ്രയോഗത്തിന്നു വിധിച്ചകാലത്തിൽ ഈ പറഞ്ഞ ദന്തിദ്രവന്തികളുടെ വേരു പറിച്ചെടുക്കുകയും അതുകളിൽ നല്ല ഉറപ്പും തടിയും ആനക്കൊമ്പിന്റെ ആകൃതിയും ശ്യാവവർണ്ണമോ താമ്രവർണ്ണമോ ഉള്ളവയുമായതുകളെ ഔഷധത്തിന്ന സ്വീകരിക്കുകയും വേണം. അതേവിധമുള്ള വേരുപറിച്ചെടുത്ത് അതിന്മേൽ തിപ്പലി അരച്ച

ശോഷയേദാതപേഽഗ്നീ ഹൃതോ ഹ്യേഷാം വികാഷിതാം. 3
തീക്ഷ്ണോഷ്ണാന്യാശുകാരീണി വികാഷീണി ഗുരൂണി ച
വിലായയന്തി ദോഷൌ ദ്വൌ മാരുതം കോപയന്തി ച. 4
ദധിതക്രസുരാമണ്ഡൈഃ പിണ്ഡമക്ഷസമം തയോഃ
പിയാലകോലബദരപീലുശീധുഭിരേവ ച. 5
പിബേദ്ഗുല്മോദരീ ദോഷൈരഭിപന്നശ്ച യോ നരഃ
ഗോമൂത്രാജരസൈഃ പാണ്ഡുഃ കൃമികുഷ്ഠീ ഭഗന്ദരീ. 6

തേനിൽ ചാലിച്ചു പുരട്ടി കുശകൊണ്ടു പൊതിഞ്ഞു മീതെ മണ്ണുരച്ചു പൊതിഞ്ഞു ചുട്ടു മണ്ണുവിണ്ടാൽ മണ്ണും കുശയും കളഞ്ഞു വെയിലത്തിട്ടുണക്കുക. ഇങ്ങിനെ അഗ്ന്യർക്കസംയോഗം സംഭവിച്ചാൽ അതിന്റെ വികാഷിത്വം നശിക്കുകയും കാര്യക്ഷമമായിത്തീരുകയും ചെയ്യുമെന്നും ഗ്രഹിക്കണം. ദന്തീദ്രവന്തീമൂലങ്ങൾ സ്വഭാവതീക്ഷ്ണങ്ങളും ഉഷ്ണങ്ങളും ആശുകാരികളും വികാഷികളും ഗുരുത്വമുള്ളവയുമാകുന്നു. അതുനിമിത്തം കോപിച്ച പിത്തകഫങ്ങളെ വമനവിരേകങ്ങളെക്കൊണ്ടു പുറത്തുകളയുകയും ചെയ്യും. തീക്ഷ്ണാദിഗുണയുക്തമാകയാൽ വായുവിനെ കോപിപ്പിക്കുമെന്നും ഗ്രഹിക്കണം ॥

ഇതുകളെ ഏതേതുരോഗങ്ങളിൽ ഏതേതുതരം ശീലിക്കേണമെന്നു പറയുന്നു:— 5-6— ഗുന്മൻ മഹോദരം കലശലായ ദോഷസംഘാതം ഇതുകളുള്ളവർ ദന്തീദ്രവന്തീമൂലത്തെ അരച്ച് ഒരു അക്ഷപ്രമാണം— മൂന്നുകഴഞ്ച് (ഒരു താന്നിക്കാപ്രമാണമെന്നുമാം) തൈരിലോ മോരിലോ തെളിമദ്യത്തിലോ കലക്കി സേവിക്കണം. സുരാമണ്ഡവും കുരുക്കൾക്ക് ലന്തപ്പഴം കാപ്പിക്കായ ഇതുകളോ സീധുവോ യുക്തിപോലെ ചേർത്തു സേവിക്കുന്നതും ഗുന്മാദിഹരം തന്നെയാകുന്നു. ദോഷസംഘാതമെന്നതിന്നു പിത്തകഫസംഘാതമെന്നർത്ഥമാകുന്നു. പാണ്ഡുരോഗം ക്രിമിരോഗം കുഷ്ഠം ഭഗന്ദരം ഇതുകളുള്ളവർ ഗോമൂത്രം, മാൻ, ആട് ഇതുകളുടെ മാംസംകൊണ്ടുണ്ടാക്കിയ [illegible] മാംസരസത്തിൽ ചേർത്തു കഴിക്കുകയും വേണം ॥

തയോഃ കല്ക്കേ കഷായേ ച ദശമൂലരസായുതേ
കക്ഷ്യാലജീവിസപ്പേഷു ദാഹേ ച വിപചേദ്ഘൃതം· 7
തൈലം മേഹേ ച ഗുല്മേ ച സോദാവർത്തേ കഫാനിലേ
ചതുഃസ്നേഹം ശകൃന്മൂത്രവാതസംഗാനിലാർത്തിഷു· 8
രസേ ദന്ത്യജശൃംഗ്യോശ്ച ഗുഡക്ഷൌദ്രഘൃതാന്വിതഃ
ലേഹഃ സിദ്ധോ വിരേകാഽഗ്ര്യോ ദാഹസന്താപമേഹനൽ· 9
വാതതൃഷ്ണാജ്വരേ പൈത്തേ സ്യാത്സ ഏവാജഗന്ധയാ
മൂലം ദന്തീദ്രവന്ത്യോശ്ച പചേദാമലകീരസേ· 10
ത്രിംശത്തസ്യ കഷായസ്യ ഭാഗൌ ദ്വൌ ഫാണിതസ്യ ച
തപ്തേ സർപ്പിഷി തൈലേ വാ ഭർജ്ജയേത്തത്ര ചാവപേൽ. 11

7–8.— ദന്തീദ്രവന്തിബീജങ്ങൾ കഷായംവെച്ച് നാലൊന്നാക്കി പിഴിഞ്ഞരിച്ച് അതിൽ ദശമൂലംവെച്ചറിയ രസവും ചേർത്തു നെയ്യുംകൂട്ടി കൽക്കത്തിന്നു ദന്തീദ്രവന്തിമൂലങ്ങൾതന്നെ അരച്ചുകലക്കി കാച്ചി സേവിച്ചാൽ കക്ഷ്യ അലജി വിസപ്പം ചുട്ടുനീറൽ എന്ന രോഗങ്ങളെല്ലാം ശമിക്കും· ഈ യോഗത്തിൽ നെയ്യിന്റെ സ്ഥാനത്ത് എണ്ണകൂട്ടി കാച്ചി ശീലിച്ചാൽ പ്രമേഹം ഗുന്മൻ ഉദാവത്തം സംസൃഷ്ടകോപത്തിലെ വാതകഫകോപം ഇതുകളെല്ലാം നശിക്കും. നെയ്യ്, എണ്ണ, വസ, മജ്ജ ഇതുകളെല്ലാം സമംചേർത്തു കാച്ചി ശീലിച്ചാൽ മലബന്ധം മൂത്രാഘാതം അധോവാതസംഗം വാതരോഗം ഇതുകളെല്ലാം നശിക്കുകയും ചെയ്യും *

9.— നാഗദന്തിവേരും ആട്ടുകൊട്ടപ്പാലവേരും കൂടെ കഷായംവെച്ച് അതിൽ ലേഹവിധിപ്രകാരം ശക്കരയും തേനുംചേർത്തു ലേഹമാക്കി സേവിച്ചാൽ നല്ലവണ്ണം വിരേകംവരികയും ചുട്ടുനീറൽ പ്രമേഹം ഇതുകൾ നശിക്കുകയും ചെയ്യും *

10–12.— മുൻപറഞ്ഞ യോഗത്തിൽ ആട്ടുകൊട്ടപ്പാല ചേക്കുവാൻപറഞ്ഞ സ്ഥാനത്ത് ആടുനാറിവേളചേർത്തും ലേഹമുണ്ടാക്കാം· അതു സേവിച്ചാൽ വാതകോപജമായ തൃഷ്ണയും പിത്തജ്വരവും ശമിക്കും. നെല്ലിക്ക വെച്ചാറിയ കഷായത്തിൽ (പച്ചനെല്ലിക്കാനീരിൽ) ദന്തീദ്രവന്തീബീജങ്ങളിട്ടു കുറുക്കി നാലൊന്നായാൽ

കല്കം ദന്തീദ്രവന്ത്യോശ്ച ശ്യാമാദീനാഞ്ച ഭാഗശഃ
തൽ സിദ്ധം പ്രാശയേല്ലേഹം സുഖം തേന വിരിച്യതേ 12
രസേ ച ദശമൂലസ്യ തഥാ വൈഭീതകേ രസേ
ഹരീതകീരസേ ചൈവ ലേഹാനേവം പചേൽ പൃഥക്. 13
ത്രയോവ്ദ്ധിലസമം ചൂൎണ്ണം ത്രൈസേനൈവ ഭാവിതം
അസ്ഥൂഷ്ടവിഷ്ഠി വാതോത്ഥേ ഗുല്മേ ചാമ്ലയുതം ശുഭം. 14
പാടയിതേക്ഷുകാണ്ഡം വാ കല്കേനാലിപ്യ ചാന്തരാ
സ്വേദയിത്വാ തതഃ ഖാദേത്സുഖം തേന വിരിച്യതേ. 15

വാങ്ങി പിഴിഞ്ഞരിച്ച കഷായം ഭാഗം മൂന്നം നീർകണ്ടിശ്ശൎക്കര ഭാഗം രണ്ടും കൂട്ടി യോജിപ്പിച്ച്, ദന്തീദ്രവന്തി കല്കം നെയ്യിലോ എണ്ണയിലോ വറത്തു കൽക്കൻമൂത്താൽ അതിൽ മുൻപറഞ്ഞ കഷായമൊഴിച്ച് അതിൽ മുൻപറഞ്ഞ ശ്യാമാത്രിവൃദാദി കല്പൌഷധങ്ങളുംചേൎത്തു ലേഹമാക്കിവെച്ചു മാത്രയ്ക്കൊത്തവണ്ണം ശീലിച്ചാൽ യാതൊരസഹ്യതയുംകൂടാതെ വിരേകംസംഭവിക്കുകയും ചെയ്യും *

13 — ഈപറഞ്ഞ ലേഹമുണ്ടാക്കുവാൻ ആമലകീരസം ചേൎക്കുവാൻപറഞ്ഞ സ്ഥാനത്ത്, ദശമൂലകഷായമോ താന്നിക്കാക്കഷായമോ കടുക്കാക്കഷായമോ ചേൎത്തും പ്രത്യേകം ലേഹങ്ങളുണ്ടാക്കാം. അതുകളും സുഖവിരേചനങ്ങൾതന്നെയായിരിക്കുകയും ചെയ്യും *

14 — ദന്തീദ്രവന്തികൾ സമംചേൎത്തു പൊടിച്ചു പൊടി ദന്തീദ്രവന്തീമൂലംകൊണ്ടു വെച്ച കഷായത്തിൽതന്നെ ഭാവനംചെയ്യുണക്കുക. അത് ഒരുപലംവീതം അമ്ലരസദ്രവ്യംചേൎത്തു സേവിച്ചാൽ വാതകോപജവും മലബന്ധത്തോടുകൂടിയതുമായ ഗുന്മരോഗമുള്ളവൎക്ക മലശോധനവരുവാനും ഗുന്മൻ ശമിക്കുവാനും വളരെ നല്ലതാകുന്നു *

15 — കരിമ്പിൻതണ്ടു നടുവേ കീറി അതിൽ ഇതുകളുടെ വേരരച്ചുതേച്ചു രണ്ടുഖണ്ഡവും ഒന്നിച്ചുചേൎത്തു കെട്ടിപ്പൊതിഞ്ഞു വാട്ടി കെട്ടഴിച്ച് ആ കരിമ്പു മുറിച്ചു കടിച്ചുചവച്ച് അതിന്റെ നീരിറക്കിയാൽ എത്രതന്നെ മലബന്ധമുള്ളവന്നും സുഖമായി വിരേകംസംഭവിക്കും *

മൂലം ദന്തീദ്രവന്ത്യോശ്ച സഹ മുദ്ഗൈർവ്വിപാചയേൽ
ലാവതിത്തിരികാണാഞ്ച തേ രസാഃ സ്യുർവ്വിരേചനേ. 16
തയോർവ്വാപി കഷായേണ യവാഗ്ഗും ജാംഗലം രസം
മാഷയൂഷാംശ്ച സംസ്കൃത്യ ദദ്യാത്തേന വിരിച്യതേ. 17
തൽകഷായാസ്ത്രയോ ഭാഗാ ദ്വൌ സിതായാസ്തഥൈവ ച
ഏകോ ഗോധൂമചൂർണ്ണാനാം കാര്യാ മോദകാരികാ ശുഭാ. 18
മോദകോ വാസ്യ കല്ക്കേന കാര്യസ്സൂത്ര വിരേചനേ
തയോർവ്വാപി കഷായേണ മദ്യമസ്യോപകല്പയേൽ. 19
ദന്തീകഷായേണ ചാലോഡ്യ ദന്തീതൈലേന സാധിതം
ഗുഡലാവണികാൻ ഭക്ഷ്യാൻ വിവിധാൻ ഭക്ഷയേന്നരഃ. 20

16— ദന്തീദ്രവന്തികളുടെ വേരും ചെറുപയറുംകൂടെ കഷായംവെച്ച പിഴിഞ്ഞരിച്ച സേവിച്ചാലും വിരേകംസംഭവിക്കും. ഇവിടെ ചെറുപയറിന്റെ സ്ഥാനത്ത്, വെള്ളിപ്പക്ഷി തിത്തിരിപ്പുള്ള് മുതലായ പക്ഷികളുടെ മാംസംചേൎത്തു മാംസരസമുണ്ടാക്കി ശീലിക്കുന്നതും നല്ലതാകുന്നു * 17— ഇതുകളുടെ കഷായത്തിൽ അരിയിട്ടു കഞ്ഞിവെച്ചു കുടിക്കുകയോ ജാംഗലമാംസംചേൎത്തു രസമുണ്ടാക്കി കഴിക്കുകയോ ഉഴുന്നിൻപരിപ്പിട്ടു ചാറുണ്ടാക്കി കഴിക്കുകയോ ചെയ്യാലും വേണ്ടതുപോലെ വിരേകംസംഭവിക്കും *

18— ദന്തീദ്രവന്തികൾകൊണ്ടുവെച്ച കഷായം മൂന്നുഭാഗം, പഞ്ചസാര രണ്ടുഭാഗം, ഗോതമ്പുപൊടി ഒരുഭാഗം എല്ലാം ഒന്നിച്ചുചേൎത്തു കുറുക്കി കുഴച്ച കൊഴുക്കട്ടയുണ്ടാക്കി സേവിക്കുന്നതും വിരേചനകാരിയാകുന്നു * 19— ഇതുകൾ അരച്ചുചേൎത്തു മോദകമുണ്ടാക്കി സേവിക്കുന്നതും നല്ലതാകുന്നു. ഇതുകൾ കഷായംവെച്ച് അതു പുളിപ്പിച്ച മദ്യമുണ്ടാക്കി സേവിച്ചാലും വയറിളകും * 20— ഗോതമ്പുപൊടി അരിപ്പൊടി മുതലായതുകൾ നാഗദന്തിവേരിട്ടുവെച്ച കഷായത്തിൽ കുഴച്ച ശക്കരയും ഇന്തുപ്പും യുക്തിപോലെ ചേൎത്ത്, നാഗദന്തിക്കുരു ആട്ടിയുണ്ടാക്കിയ എണ്ണമൂപ്പിച്ച് അതിൽ അപ്പംപാതിരിക്ക്യങ്ങളുണ്ടാക്കി ശീലിച്ചാൽ നല്ലവണ്ണം വിരേകംസംഭവിക്കും *

ദ്രവന്തീം മരിചം ദന്തീം യവാനീമുപകുഞ്ചികാം
നാഗരം ക്ഷേമദുഗ്ധീഞ്ച ചിത്രകഞ്ചേതി ചൂർണ്ണിതം 21
സപ്താഹം ഭാവയേന്മൂത്രേ ഗവാം പാണിതലം തതഃ
പിബേൽ ഘൃതേന ചൂർണ്ണസ്യ വിരിക്തശ്ചാപി തർപ്പണം 22
സർവ്വരോഗഹരം ഋദ്ധ്യം സർവ്വേഷ്വൃതുഷു ശോഭനം
ചൂർണ്ണം തദനപായിത്വാൽ ബാലവൃദ്ധേഷു പൂജിതം 23
ഉദരാജീർണ്ണപാർശ്വാർത്തിഗുല്മപ്ലീഹോദരേഷു ച
ഗണ്ഡമാലാസു വാതേ ച പാണ്ഡുരോഗേ ച ശസ്യതേ 24
പലം ചിത്രകദന്ത്യോശ്ച ഹരീതക്യാശ്ച വിംശതിഃ
പിപ്പലീത്രിവൃതോഃ ക്ഷൗദ്രഗുഡസ്യാഷ്ടപലേന തൽ 25
വിനീയ മോദകാൻ കുര്യാൽ ശ്ലൈപകാം ഭക്ഷയേത്തതഃ
ഉഷ്ണാംബു ച പിബേച്ചാനുശമേ ദശമേഹനി ച 26

21-24—ദ്രാന്തീമൂലം കുരുമുളക് നാഗദന്തിവേര് ജീരകം കരിഞ്ജീരകം ചുക്ക് മലഎരുമവേര് കൊടുവേലിക്കിഴങ്ങ് ഇവ സമം പൊടിച്ച് ആ പൊടി ഏഴുദിവസം ഗോമൂത്രത്തിലിട്ടു വെച്ച് അതിൽനിന്ന് മൂന്നുകഴഞ്ച പൊടിയെടുത്തു നെയ്യചേൎത്തു സേവിച്ചാൽ നല്ലവണ്ണം വിരേകം സംഭവിക്കും. വിരേകത്തിന്റെ സമ്യഗ്യോഗം വന്നാൽ മലർപ്പൊടി സേവിക്കുകയും വേണം. ഈ പൊടി സകല രോഗഹരവും മററ സകല വിരേകൌഷധങ്ങളെക്കാളെല്ലാം ശ്രേഷ്ഠവും എതുകാലത്തും ഒരുപോലെ ശീലിക്കാവുന്നതും ഇതിന്നു യാതൊരു തകരാറുമില്ലാത്തതിനാൽ ബാലന്മാക്കും വൃദ്ധന്മാക്കുംകൂടെ വയറിളക്കുവാൻ വിശേഷവും ദുഷിച്ച അന്നം സേവിക്കുകയാൽ സംഭവിച്ച അജീർണ്ണം വാരിഭാഗത്തു വേദന ഗുന്മൻ പ്ലീഹോദരം ഗണ്ഡമാല വാതരോഗം പാണ്ഡുരോഗം ഇതുകൾക്കെല്ലാം അത്യുത്തമവുമാകുന്നു *

25-27—കൊടുവേലിക്കിഴങ്ങ് നാഗദന്തിവേര് ഇവ ഓരോ പലം. കടുക്ക ഇരിപത്തുപലം. എല്ലാംകൂടെ കഷായംവെച്ചതിൽ എട്ടുപലം ശർക്കരകലക്കി പാവുപാകമാക്കിയാൽ എട്ടുപലം തിപ്പലിപ്പൊടിയും ത്രികോല്പക്കൊന്നപ്പൊടിയുംചേർത്ത് ഇളക്കി യോജിപ്പിച്ച് ഇരുനാഴി തേനുംചേർത്ത് മോദകമാക്കി വെക്കുക. അതിൽനി

ഏതത് നിഷ്പരിഹാരാഃ സ്യുഃ സർവ്വരോഗനിബർഹണാഃ
ഗ്രഹണീപാണ്ഡുരോഗാർശഃകണ്ഡൂകോഠാനിലാപഹാഃ. 27
ദന്തീദ്വിപലനിഷ്ക്വാഥോ ദ്രാക്ഷാർദ്ധപ്രസ്ഥസാധിതഃ
ശോധനം പിത്തകാസേ ച പാണ്ഡുരോഗേ ച ശസ്യതേ. 28
ദന്തീകല്കം സമഗുളം ശീതവാരിയുതം പിബേൽ
വിരേചനം മുഖ്യതമം കാമിലാഹരമുത്തമം. 29
ശുണ്ഠീമരിചപിപ്പല്യഃ കാർഷികാഃ സ്യുഃ പൃഥക് പൃഥക്
ദ്വിഗുണേ ശർക്കരൈലേ ച ശംഖിനീ സ്യാച്ചതുർഗ്ഗുണാ. 30
നീലിനീമഷ്ടഗുണിതാം ദ്വിരഷ്ടഗുണിതാം തഥാ
ദന്തീം ദ്രവന്തീം തച്ചൂർണ്ണമേവഞ്ചാത്രപ്രദാപയേൽ. 31

ന് ഓരോപലം മോദകമെടുത്തു പതിപ്പത്തുദിവസം കൂടുമ്പോൾ സേവിക്കുകയും കാഞ്ഞവെള്ളം അനുപാനമായി കഴിക്കുകയും ചെയ്താൽ വേണ്ടതുപോലെ വിരേകംവരികയും എല്ലാതരം രോഗങ്ങളും ശമിക്കുകയും ചെയ്യും. ഈ മോദകം സേവിച്ചാൽ ഗ്രഹണി, പാണ്ഡുരോഗം, മൂലക്കുരു ചൊറി വട്ടപ്പുണ്ണ് വാതകോപം എന്നിതുകൾ ക്ഷണത്തിൽ ശമിക്കുകയും ചെയ്യും. ഇതു സേവിക്കുന്നകാലത്തുയാതൊരു പത്ഥ്യവും ശീലിക്കേണ്ടതില്ലെന്നും ധരിക്കണം. ഇതിൽ ശക്കര പാവുകാച്ചി മറവ കൊട്ടവേലിക്കിഴങ്ങുമുതലായ മരുന്നുകളെല്ലാം പൊടിച്ചുചേർത്തു മോദകമുണ്ടാക്കാമെന്നും ഒരു പക്ഷമുണ്ട് *

28—രണ്ടുപലം നാഗദന്തിവേരു കഷായംവെച്ചു നാലൊന്നാക്കി പിഴിഞ്ഞരിച്ച് അതിൽ ഇരുനാഴി മുന്തിരിങ്ങാപ്പഴം ചേർത്തു സേവിച്ചാൽ ശോധനവരും. ഇത് പിത്തകാസമുള്ളവൎക്കും പാണ്ഡുരോഗമുള്ളവൎക്കും വളരെ വിശേഷമാണ് *

29—നാഗദന്തിവേരരച്ചു സമം ശർക്കരയുംചേർത്തു തണുത്ത വെള്ളത്തിൽകലക്കി സേവിച്ചാൽ കാമിലാരോഗമുള്ളവൎക്കു നല്ലവണ്ണം വിരേകംവരികയും കാമില ശമിക്കുകയും ചെയ്യും *

30–32— ചുക്ക് കുരുമുളക് തിപ്പലി ഇവ മുമ്മൂന്നുകഴഞ്ച് പഞ്ചസാര ഏലത്തരി ഇവ ആറാറുകഴഞ്ച്. ശംഖുപുഷ്പം പലം ഒന്ന്. വട്ടപ്പുന്നാളി പലം രണ്ട്. ദന്തിദ്രവന്തികൾ നന്നാലുപലം ഇലമങ്ങത്തൊലി കഴഞ്ചു മുക്കാൽ. എല്ലാം പൊടിച്ച് ഒന്നിച്ചു

തസ്മാദർദ്ധപലം ചൂർണ്ണാല്ലിഹ്യാന്മാധ്വീകസംയുതം
ശീതോദകാനുപാനേന്തു നിരപായം വിരേചനം. 32
ശ്യാമാദന്തീരസേ ഗൌഡഃ പിപ്പലീഫലചിത്രകൈഃ
ലിപ്തേരിഷ്ടോനിലകഫപ്ലീഹപാണ്ഡൂദരാപഹഃ. 33
തഥാ ദന്തീദ്രവന്ത്യോശ്ച കഷായേണാജഗന്ധയോഃ
ഗൌഡകാഷ്ഠാജശൃംഗ്യാ വാ രസൈഃ സുഖവിരേചനഃ. 34
തച്ചൂർണ്ണകല്കപാദ മാഷാംബുകിണ്വതോയസമൃദ്ധാ വാ
മദിരാ കഫഗുല്മാല്പവഹ്നിപാൎശ്വകടിഗ്രഹേ. 35
അജഗന്ധാകഷായേണ സൌവീരകതുഷോദകേ
സുരാകാമ്പില്ലകയോഗാ ലോദ്ധ്രവച്ചതയോഃ സ്മൃതാഃ. 36

ചേൎത്ത് അതിൽനിന്ന് അരപ്പലം പൊടി മാധ്വീകമദ്യത്തിൽ ചാലിച്ച നക്കി തണുത്തവെള്ളം അനുപാനമായി സേവിച്ചാൽ യാതൊരു തകരാറുംകൂടാതെ വിരേകം സംഭവിക്കും *

33 — നാല്പോല്പക്കൊന്നയും നാഗദന്തിവേരുംകൂടെ കഷായം വെച്ച വിധിപ്രകാരം അരിഷ്ടമുണ്ടാക്കി, തിപ്പലിയും കൊട്ടവേലിക്കിഴങ്ങുംകൂടെ അരച്ചുതേച്ച കുടത്തിലാക്കി വാച്ചുകെട്ടി സൂക്ഷിച്ച പാകമായാൽ ഏട്ടുത്തു മാത്രയ്ക്കുതക്കവണ്ണം സേവിച്ചാൽ വിരേചനംവരികയും വാതകോപം കഫകോപം പ്ലീഹാരോഗം പാണ്ഡുരോഗം മഹോദരമെന്നിതുകളെല്ലാം ശമിക്കുകയുംചെയ്യും* 34 — അതേവിധം ദന്തീദ്രവന്തികൾ കഷായംവെച്ച് ആട്ടനാറിവേള അരച്ചുതേച്ച കുടത്തിലാക്കി ഉണ്ടാക്കിയ ഗൌഡം സേവിച്ചാൽ സുഖമായി വയറിളകും. ആട്ടനാറിവേളയുടെ സ്ഥാനത്ത് ആട്ടുകൊട്ടപ്പാലയുടെ രസമായാലും വിരോധമില്ല * 35 — ദന്തീദ്രവന്തീമൂലങ്ങൾ പൊടിച്ച പൊടിയിട്ടുവെച്ച കഷായത്തിൽ ഉഴുന്നുമദ്യത്തിന്റെ ഊറലും വെള്ളവുംചേൎത്തുണ്ടാക്കിയ മദിരസേവിച്ചാൽ കഫഗുന്മൻ അഗ്നിമാന്ദ്യം വാരിഭാഗത്തും അരക്കെട്ടിലുമുള്ള കുത്തിപ്പിടുത്തം ഇതുകളെല്ലാം ശമിക്കും * 36 — ആട്ടനാറിവേള്ളകൊണ്ടുവെച്ച കഷായത്തിൽ ദന്തീദ്രവന്തികൾ ചേൎത്തുണ്ടാക്കിയ സൌവീരകതുഷോദകങ്ങളും അതേവിധം കമ്പിപ്പാലകഷായംകൊണ്ടുണ്ടാക്കിയ സുരയും വിരേചനത്തിന്ന ഹിതമാകുന്നു. സുരാദിനിൎമ്മാണവിധി ലോധ്രകല്പത്തിൽ വിധിച്ചിട്ടുണ്ട് *

തത്ര ശ്ലോകാഃ.

ഫല്യാദിഷു ത്രയഃ പഞ്ച പ്രിയാളാദ്യേസ്ത്രയോ രസേ
സ്നേഹേഷു ചൈവ ത്രയോ ലേഹാഃ ഷൾ ചൂർണ്ണേ ദന്തക ഏവ ച. 37
ഇക്ഷ്വാദേവകസ്വദ്ധാ മുദ്ഗമാംസാനാം ച രസാസ്ത്രയഃ
യവാഗ്വാദൌ ത്രയശ്ചൈവ ഉക്താ ഉൽകാരികാവിധൌ. 38
ഏകശ്ച മോദകേ മദ്യേ ചൈകം തൽ കഷായതൈലകേ
ചൂർണ്ണമേകം പുനശ്ചൈകോ മോദകഃ പഞ്ച ചാസവേ. 39
ഏകഃ സൌവീരകേ ചൈകയോഗഃ സ്യാത്തു തുഷോദകേ
ഏകാ സുരാ കമ്പില്ലകേ ചൈകഃ പഞ്ച ഘൃതേ സ്മൃതഃ. 40
ദന്തീദ്രവന്തീകല്പേസ്മിൻ പ്രോക്താഃ ഷോഡശകാസ്ത്രയഃ
നാനാവിധാനാം യോഗാനാം ഭുക്തിദോഷാമയാൻ പ്രതി. 41

ഈ അദ്ധ്യായത്തിലെ കല്പവിവരണം.

37-41.—ദന്തീദ്രവന്തികൾ ഫല്യാദികൾ ചേർത്തു മൂന്നും പ്രിയാളാദികൾ ചേർത്ത് അഞ്ചും രസത്തിൽ മൂന്നും സ്നേഹദ്രവ്യത്തിൽ മൂന്നും ലേഹങ്ങളാക്കി മൂന്നും ഒരുതരം പൊടിയും കഷിമ്പിൽ ചേർത്ത് ഒന്നും മുൽഗമാംസരസങ്ങളാക്കി മൂന്നുതരത്തിലും യവാഗുമുതലായതിൽ മൂന്നും ഉൽകാരിക മോദകം മദ്യം കഷായം തൈലം പൊടി മോദകം ഇതുകളിൽ ഓരോന്നും ആസവത്തിൽ അഞ്ചും സൌവീരകം തുഷോദകം സുര കമ്പില്ലകം ഇതുകളിൽ ഓരോന്നും ഘൃതയോഗം അഞ്ചും കൂടി ഈ ദന്തീദ്രവന്തീകല്പാദ്ധ്യായത്തിൽ ആകെ നാല്പത്തെട്ടുയോഗങ്ങൾ ഭുക്തിദോഷംനിമിത്തമുണ്ടാകുന്നവയായ പലേതരംരോഗങ്ങൾക്കും ശമനങ്ങളാണെന്നും ആ വക യോഗങ്ങളുടെ ഭേദങ്ങളേയും ആത്രേയഭഗവാൻ അഗ്നിവേശനുപദേശിച്ചിരിക്കുന്നു.

ഈ സ്ഥാനത്തിൽ ആകെ എത്രയോഗങ്ങൾ പറയപ്പെട്ടു എന്നും അതുകൾ ഏതേതു കർമ്മങ്ങൾക്കുള്ളവയാണെന്നും വൈദ്യന്മാർ അവശ്യം അറിഞ്ഞിരിക്കേണ്ടതായ മറ്റ് അനേകവിഷയങ്ങളും മാനപരിഭാഷാദികളും ഈ അദ്ധ്യായത്തിൽ [illegible] ഗ്രന്ഥകാരൻ വിവരിക്കുന്നു. [illegible]

ത്രിംശതം പഞ്ചപഞ്ചാശത്ത്ര്യാഗാനാം വമനേ സ്മൃതം
ദ്വേ ശതേ നവകാഃ പഞ്ച യോഗാനാന്തു വിരേചനേ. 42
ഉക്താഫലാദിമൂലാനാമിത്യുക്താനി ശതാനി ഷൾ
പ്രാധാന്യതഃ സമാശ്രിത്യ ദ്രവ്യാണി ദശ പഞ്ച ച. 43
ബഹൂനി ചൈവ പ്രധാനേന ദ്രവ്യം സമുപസൃജ്യതേ
തത്സംജ്ഞകസ്തു സംയോഗോ ഭവതീതി വിനിശ്ചിതഃ 44
ഫലാദീനാം പ്രധാനാനാം ഗുണഭൂതാഃ സുരാദയഃ
തേ ഹിതാന്യനുവർത്തന്തേ മനുജേന്ദ്രമിവേതരേ. 45
വിരുദ്ധവീര്യമപ്യേഷാം പ്രധാനാനാമബാധകം

42-44__ ഈ കല്പസ്ഥാനത്തിൽ ആകെ ൬൦൦ വിരേചന യോഗങ്ങളാണ് പറയപ്പെട്ടിരിക്കുന്നത്. അതിൽ ൩൫൫ യോഗങ്ങൾ വമനത്തിനുള്ളവയും, ബാക്കി ൨൪൫ യോഗങ്ങൾ വിരേകത്തിന്നുള്ളവയുമാകുന്നു. ഈ അറുനൂറുയോഗങ്ങളും വമനവിരേകങ്ങളിൽ അത്യന്തം ഗുണപ്രദങ്ങളുമാകുന്നു. ഈ പറഞ്ഞ യോഗങ്ങളിലെല്ലാം കൂടി പ്രധാനങ്ങളായ ഔഷധങ്ങൾ മദനം, ജീമൂതം, ഇക്ഷ്വാകു, ധാമാർഗ്ഗവം, വത്സകം, കൃതവേധനം, ശ്യാമ, ത്രിവൃത്ത്, ചതുരംഗുലം, തില്വകം, സുധ, സപ്തല, ശംഖിനി, ദന്തി, ദ്രവന്തി എന്ന പതിനഞ്ച് ഔഷധങ്ങളാകുന്നു. വമനവിരേകാദി എന്തു കർമ്മത്തിന്നുമുള്ള യോഗങ്ങളിൽ തത്കർമ്മകാരിയായ ഏതൊരൗഷധം ചേർക്കുന്നുവോ ആ സംയോജിതദ്രവ്യത്തെ അതു ചേർത്തതെന്നു തന്നെ പറയും. നീർവ്വാളംകൂട്ടിയ ഗുളിക കസ്തൂരിചേർത്തത് ഇത്യാദ്യുദാഹരണം കണ്ടുകൊള്ളുക. ഇതാണ് വൈദ്യശാസ്ത്രസിദ്ധാന്തം*

45__ ഈ പറഞ്ഞ ൧൫ തരം ഔഷധങ്ങളായ ഫലകാദ്യ മുതലായവകളുടെ ഗുണഭൂതങ്ങളായ സുരാദിദ്രവ്യങ്ങൾ അതാതുതരം ഔഷധത്തിന്റെ ഗുണങ്ങളെ, രാജാവിനെ അമാത്യാദികളെന്നപോലെ അനുവർത്തിക്കുകയും ചെയ്യും * 46__ ഈ പറഞ്ഞ പ്രധാനൌഷധങ്ങൾ ചേർത്തുണ്ടാക്കിയ ഔഷധം അതാതു കല്പൌഷധങ്ങളുടെ വ്യാപാരത്തെ ചെയ്യുന്നതായിരിക്കും. ആ യോഗത്തിൽ വിപരീതഗുണമായ (സംഗ്രാഹിയായ) ഏതെങ്കിലും ഔഷധം

സമാനവീര്യേഷ്വപി ക്രിയാ സാമ്യാൽ മിഷ്യതേ. 46
ഇഷ്ടവർണ്ണരസസ്പർശഗന്ധാഃ പ്രതി ചാമയം
അതോ വിപാകവീര്യാണാം പ്രധാനമ ഇതി നിശ്ചിതം. 47
ദ്വൈശ്യേഷാം ബലാധാനം കാര്യം സ്വരസഭാവനൈഃ
സുഭാവിതം ഹ്യല്പമപി ദ്രവ്യം സ്യാൽ ബഹുകർമ്മകൃൽ

ഭേദിക്കാനാലും അതുകൊണ്ട് ഒരൊന്നിനു ഒരു ബാധിക്കാ
നുള്ള ശക്തിയുണ്ടാകുകയില്ല, ഔഷധങ്ങൾ വേണ്ടുന്നതാക
ന്ന രോഗങ്ങളിൽ അതുകളോട് സമാനവീര്യങ്ങളായ ഔഷധങ്ങൾ
ചേർത്താൽ പലതിനുമുള്ള ക്രിയാസാമ്യത്തിന് ആധിക്യം സം
ഭവിക്കയും ചെയ്യും ॥

47— രോഗനിവാരണത്തിനായി കൊടുക്കുന്ന ഔഷധം
രോഗിക്ക് ഇഷ്ടമായ വർണ്ണം രസം സ്പർശം ഗന്ധം എന്നീ ഗുണ
ങ്ങളുള്ളതായിരിക്കണം. മരുന്നിൽ ഈ പറഞ്ഞ ഗുണങ്ങൾ
കുറഞ്ഞിരിക്കും. അതിനാലാണ് ഇതുകളോടുകൂടെ വർണ്ണരസാദിഗു
ണവിശിഷ്ടങ്ങളായ ഔഷധവിപരീതങ്ങളായ ദ്രവ്യങ്ങൾകൂടെ
ചേർത്തു കൊടുക്കേണമെന്ന് പറയുന്നത്. ശോധനൌഷധങ്ങളും സംഗ്ര
ഹികളായ ഔഷധങ്ങളും ഇങ്ങിനെയൊക്കെ ചേർത്തു കൊടുക്കുന്നതുകൊ
ണ്ടു ശോധനൌഷധങ്ങളുടെ ഗുണത്തിന് ഹാനിസംഭവിക്കയു
ണ്ടാകയും രോഗശമനം സംഭവിക്കാതിരിക്കയുമില്ല. എന്നാൽ അതുത
ന്നെ അതാതുരോഗത്തിൽ പറഞ്ഞതുപോലെയായിരിക്കേണമെന്ന
തും ഗ്രാഹ്യമാണ് ॥ 48— ഈ പറഞ്ഞ എല്ലാതരം ഔഷധ
ങ്ങൾക്കുമുള്ള ശക്തി കുറേക്കൂടെ അധികരിക്കേണമെന്നുണ്ടെങ്കിൽ
അതുകളെ സ്വരസമാക്കി ശീലിക്കുകയോ സ്വരസങ്ങളിൽ ഭാവ
നചെയ്തുപയോഗിക്കുകയോ വേണം. സ്വരസകല്പനയെ ശാർങ്ഗധ
രൻ ഇങ്ങിനെ വിവരിക്കുന്നു: 'അഹതാൽ തൽക്ഷണാകൃഷ്ടാൽ ദ്ര
വ്യാൽ ക്ഷുണ്ണാൽ സമുദ്ധരേൽ । വസ്ത്രനിഷ്പീഡിതോ യഃ സ രസഃ
സ്വരസ ഉച്യതേ । കുഡവം ചൂർണ്ണിതം ദ്രവ്യം ക്ഷിപ്തം ച ദ്വിഗു
ണേ ജലേ । അഹോരാത്രം സ്ഥിതം തസ്മാൽ ഭവേൽ വാ രസ ഉത്തമഃ ।

സ്വരസൈസ്തുല്യവീര്യൈർവ്വാ തസ്മാദ്ദ്രവ്യാണി ഭാവയേൽ. 48
അല്പസ്യാപി മഹാർത്ഥത്വം പ്രഭൂതസ്യാല്പകർമ്മതാം
കുർയ്യാത്സംയോഗവിശ്ലേഷകാലസംസ്കാരയുക്തിഭിഃ. 49
പ്രദേശമാത്രമേതാവദ്ദ്രവ്യവൃത്തിര ഖിലാതം

ഷ്മോദായ ശുഷ്കദ്രവ്യം വാ സ്വരസനാമസംഭവേ । ജലേഷ്ടഗുണി തേ സാദ്ധ്യം പാദശിഷ്ടഞ്ച ഗൃഹ്യതേ' ഭാവനം ചെയ്യുക എന്നാൽ കഷായരസാദികളിൽ രാത്രിസമയം ഇട്ടുവെക്കുകയും പകൽ വെയിലത്തിട്ടുണക്കുകയും ചെയ്യുകയാകുന്നു; സ്വരസങ്ങൾ ചേർത്തരച്ചുണക്കുന്നതും ഒരുതരം ഭാവനംതന്നെയാണ്. അതാതുകൾക്കു പറഞ്ഞ വിധിപ്രകാരം ഭാവനംചെയ്ത ദ്രവ്യം അതാതിന്നു പറഞ്ഞ മാത്രയിൽ കുറച്ചുമാത്രമേ ശീലിക്കേണ്ടതുള്ളൂ. മാത്ര കുറഞ്ഞതായിരുന്നാലും അത് അഭാവിതദ്രവ്യത്തെക്കാൾ അധികം കർമ്മത്തെ ചെയ്യുന്നതായിത്തീരുകയും ചെയ്യും. ഇതുനിമിത്തം ദുർല്ലഭമായ ദ്രവ്യങ്ങളെ അല്പമാത്രയിൽ ശീലിപ്പിക്കുവാൻ വിചാരിക്കണം. ഏതുതരം ഔഷധവും തുല്യവീര്യങ്ങളായ ഔഷധങ്ങളുടെ സ്വരസങ്ങളിൽ ഭാവനംചെയ്തു ശീലിപ്പിക്കുകയും വേണം ॥

49 — ദ്രവ്യങ്ങളെ യോഗത്തിന്നും (ഏതു ഔഷധത്തിന്നും) മററ് ഔഷധങ്ങൾ കൂട്ടിച്ചേർക്കുക ചില ഭാഗം ഉപേക്ഷിക്കുക കാലഭേദം സംസ്കാരയുക്തി ഇതുകൾനിമിത്തം അല്പമാത്രയിൽ ശീലിക്കുന്നതിന്നുതന്നെ വലിയ ശക്തിയുണ്ടായി എന്നും വിധിച്ചമാത്രയിൽ അധികം ശീലിച്ചാലും ഔഷധകർമ്മം ചുരുക്കിക്കാണ്ടു എന്നും വരും. അതിനാൽ സംയോഗാദിസംസ്കാരത്തെ അറിഞ്ഞു ശീലിപ്പിക്കേണമെന്ന സാരം ॥

50-51 — ഈ സ്ഥാനത്തിൽ മദനകല്പമെന്ന ൧-ാം അദ്ധ്യായത്തിൽ ജീമൂതകല്പമെന്ന ൨-ാം അദ്ധ്യായത്തിൽ ഇക്ഷ്വാകുകല്പമെന്ന ൩-ാം അദ്ധ്യായത്തിൽ ധാമാർഗ്ഗവകല്പമെന്ന ൪-ാം അദ്ധ്യായത്തിൽ വത്സകകല്പമെന്ന ൫-ാം അദ്ധ്യായത്തിൽ കൃതവേധനകല്പമെന്ന ൬-ാം അദ്ധ്യായത്തിൽ ശ്യാമാത്രിവൃൽകല്പമെന്ന ൭-ാം അദ്ധ്യായ

സ്വബുദ്ധ്യൈവ സഹസ്രാണി കോടീർവ്വാപി പ്രകല്പയേൽ. 50
ബഹുദ്രവ്യവികല്പത്വാദ്യോഗസംഖ്യാ ന വിദ്യതേ
തീക്ഷ്ണമദ്ധ്യമൃദൂനാന്തു തേഷാം ശൃണുത ലക്ഷണം. 51
സുഖം ക്ഷിപ്രം മഹാവേഗമസക്തം യൽ പ്രവൎത്തതേ
നാതിഗ്ലാനികരം പായൌ ഹൃദയേ ന ച തീക്ഷ്ണം. 52

ത്തിൽ ൧൧-ാം ചതുരംഗുലകല്പമെന്ന ൮-ാം അദ്ധ്യായത്തിൽ ൧൬-ാം തില്വകകല്പമെന്ന ൯-ാം അദ്ധ്യായത്തിൽ ൧൮-ാം സുധാകല്പമെന്ന ൧൦-ാം അദ്ധ്യായത്തിൽ ൩൯-ാം സപ്തലാശംഖിനീകല്പമെന്ന ൧൧-ാം അദ്ധ്യായത്തിൽ ൪൮-ാം ദന്തീദ്രവന്തീകല്പമെന്ന ൧൨-ാം അദ്ധ്യായത്തിൽ ൪൮-ം കൂടി ആകെ ൩൫൫ യോഗങ്ങളാണെല്ലൊ പറഞ്ഞിരിക്കുന്നത്. എന്നാൽ ഈ പറഞ്ഞതു ദിങ്മാത്രമാണെന്നും ഗ്രഹിക്കണം. മുൻപറഞ്ഞ യുക്തിപ്രകാരം ഈ ഫലാദികല്പൌഷധങ്ങൾ ബുദ്ധിമാനായ വൈദ്യൻ ആലോചിച്ചു മററ് ഔഷധങ്ങളോടു ചേൎക്കുന്നതായാൽ അനേകായിരം യോഗങ്ങളായോ അഥവാ ഒരു കോടിയോഗംതന്നെയൊ ഉണ്ടാക്കാം. ഈ ൩൫൫ യോഗങ്ങളും അതാത് ഔഷധങ്ങളും ഇന്നിന്നപ്രകാരം ഇന്നിന്നതുകളോടെല്ലാം ചേൎക്കാമെന്നു കാണിക്കുന്നതുകളാകുന്നു. 'സ്വബുദ്ധ്യാ' എന്നു പറയുകയാൽ ആലോചനാശക്തി കുറഞ്ഞവർ ഇതുകളെ ഈ പറഞ്ഞ ക്രമത്തിൽതന്നെ ഉപയോഗിക്കുകയും വേണം എന്ന് ആശയം. തീക്ഷ്ണമദ്ധ്യമൃദുക്കളായ അനേകം ഔഷധങ്ങളുടെ സംയോഗഭേദംനിമിത്തം യോഗസംഖ്യ— ഇന്ന ഔഷധം ഇന്നിന്നതുകളോടുമാത്രം ഇന്നിന്നവിധത്തിൽ ചേൎത്ത് ഇത്രയെണ്ണത്തിൽ മാത്രമേ ഉപയോഗിച്ചുകൂട എന്ന് കല്പിക്കലും നിൎണ്ണയിക്കുവാൻ സാധിക്കുകയില്ല ([illegible]) അതിനാൽ തീക്ഷ്ണാദികളായ [illegible] അനുഭവംതന്നെ വിവരിക്കുകയും ചെയ്യും. അതുകളെ മറ്റുള്ളിടത്തുകേട്ടു ധരിക്കുക *

52-53.— വിരേചനങ്ങളോ— [illegible] ശീലിക്കുമ്പോൾ [illegible] വേഗത്തിൽ [illegible]

ആമാശയമനോഷികാൻ പൻ കൃത്സ്നം ദോഷം നിരസ്യതി
വിരേചനം നിരുന്ധാനോ വാ തത്തീക്ഷ്ണമിതി നിർദ്ദിശേൽ. 53
ബലാഗ്നിവീര്യദേഹസ്പൃഷ്ടം ദേശകാലഗുണാന്വിതം
ഇദ്ധമാത്രാധികൈരുക്തം തുല്യവീര്യൈഃ സ്വഭാവതഃ
സ്നേഹസംസ്വേദോപപന്നസ്യ തീക്ഷ്ണതാം യാതി ഭേഷജം
കിഞ്ചിദ്ദേഹാഗ്നിമഹീനം പൂർവ്വോക്തമാത്രയാ തഥാ
സ്നിഗ്ദ്ധസ്വിന്നസ്യ വാ സമ്യഗ്ദല്പ്യം ഭവതി ഭേഷജം. 55
മന്ദവീര്യം വിരൂക്ഷസ്യ ഹീനമാത്രം തു ഭേഷജം

യാതൊരൌഷധം ശരീരത്തിന്നു കലശൽ ചായ്‌ തളച്ചു വരാതിരിക്കകയും പായുപ്രദേശത്തിലും ഹൃദയത്തിലും വേദനയില്ലാതിരിക്കകയും അന്നാശയംവരെയുള്ള—വമനത്തിൽ കണ്ഠംമുതൽ ആമാശയം വരെയും, വിരേകത്തിൽ പക്വാശയംമുതൽ ആമാശയം വരെയും ദുഷിച്ചുനില്ക്കുന്ന ദോഷങ്ങളെ മുഴുവൻ അതാതു മാർഗ്ഗമായിത്തന്നെ പുറത്തുകളയുകയും ചെയ്തു ഔഷധംകൂടെ പുറത്തു വരുന്നതായികണ്ടാൽ അതിനെ തീക്ഷ്ണമെന്നറിയണം *

54—വെള്ളപ്പൊക്കംവന്ന ഭൂമി ചീഞ്ഞതോ കാട്ടുതീ പൊരിച്ചു കരിഞ്ഞതോ പുഴുക്കുത്തുള്ളതോ (വൃക്ഷലതാദ്യുത്ഭിദി മററു ദോഷങ്ങൾ സംഭവിച്ചതോ) അല്ലാത്തതും ദേശകാലഗുണങ്ങളോടുകൂടിയതും തുല്യവീര്യങ്ങളും മാത്രാ—പ്രമാണംകൊണ്ട് അല്പം അധികമുള്ളതുമായ മററ് ഔഷധങ്ങളോടുകൂടിയതും വിധിപ്രകാരം ഭാവനം ചെയ്തതുമായ ഔഷധം വിധിപ്രകാരം സ്നേഹസ്വേദങ്ങളെ ശീലിച്ചവൻ സേവിക്കുന്നതായാൽ ആ ഔഷധം അവന്നു തീക്ഷ്ണവീര്യമുള്ളതായി—മുൻപറഞ്ഞ തീക്ഷ്ണൌഷധകർമ്മകാരിയായിത്തീരുകയും ചെയ്യും *

55-57—ഇനി പറഞ്ഞ തീക്ഷ്ണൌഷധഗുണങ്ങളും മാത്രയും അല്പം കുറഞ്ഞിരിക്കുന്നതായ ഔഷധത്തെ മേല്പറഞ്ഞപോലെ സ്നേഹസംസ്വേദങ്ങളെ ശീലിച്ചവൻ സേവിക്കുന്നതായാൽ ആ ഔഷധം തന്നെ മദ്ധ്യവീര്യമായിത്തീരുമെന്നറിയുകയും വേണം. കാലാദിഗുണങ്ങളില്ലാത്തതും മന്ദവീര്യമായിത്തീരുന്നതും അല്ലാതെ തുല്യവീര്യങ്ങ ളായ ഔഷധങ്ങളോടുകൂടിച്ചേർന്നതും മാത്രയിൽ വളരെ കുറഞ്ഞതു

അതുല്യവീര്യേ സംയുക്തം മൃദു സ്യാദവരേവ തൽ 56
അകൃത്സ്നദോഷഹരണാദൗഷധം തദ്ബലീയസാം
മദ്ധ്യാവരബലാനാന്തു പ്രയോജ്യം സിദ്ധിമിച്ഛതാ. 57
തീക്ഷ്ണോ മദ്ധ്യോ മൃദുർവ്യാധിസ്സർവ്വമദ്ധ്യാല്പലക്ഷണഃ
തീക്ഷ്ണാദീനി ബലാപേക്ഷീ ഭേഷജാന്യേവ യോജയേൽ. 58

മായ ഔഷധം ദോഷപ്രശമനങ്ങളെ ശീലിക്കാതെ ദുഃഖനായവൻ സേവിക്കുന്നതായാൽ അത് അവന്നു മന്ദവീര്യമായി—വേണ്ടെടത്തോളം ഔഷധകാര്യത്തെ ചെയ്യാത്തതായിത്തീരും. ഈ ഔഷധപ്രയോഗത്തെ ആചാര്യന്മാർ മൃദു എന്നാണ് പറയുക. ശരീരത്തിന്നും ദോഷകോപത്തിന്നും ശക്തിയുള്ളവൎക്ക ശോധനം ചെയ്യുവാൻ മൃദുവായ ഔഷധം കൊടുത്താൽ അതുകൊണ്ടു വേണ്ടേടത്തോളം ദോഷഹരണം സംഭവിക്കയില്ല. അതുനിമിത്തം ശുദ്ധിഫലവും ഉണ്ടാകയില്ല. ശരീരത്തിന്നും ദോഷകോപത്തിന്നും ബലാബലങ്ങളെ ആലോചിച്ച് ശോധനം ചെയ്യുവാൻ സ്ഥിതിക്കനുസരിച്ച് വൈദ്യൻ ബലമായ ഔഷധത്തെ പ്രയോഗിക്കുകയാണ് ചെയ്യേണ്ടതെന്നും ധരിക്കണം *

58—വ്യാധി തീക്ഷ്ണം, മദ്ധ്യം, മൃദു എന്നു മൂന്നു തരത്തിലാകുന്നു. എന്നാൽ അതുകൾ സർവ്വമദ്ധ്യാല്പലക്ഷണങ്ങളോടുകൂടിയിരിക്കയും ചെയ്യും. സർവ്വലക്ഷണമെന്നാൽ സന്നിപാതജം, മദ്ധ്യലക്ഷണമെന്നാൽ സംസൃഷ്ടദോഷജം, അല്പലക്ഷണമെന്നാൽ ഏകദോഷജം. അപ്പോൾ സന്നിപാതകോപജമായ വ്യാധി തീക്ഷ്ണമെന്നും, സംസൃഷ്ടകോപജമായ വ്യാധി മദ്ധ്യമെന്നും, ഏകദോഷജമായ രോഗം മൃദു എന്നും വിവേകം. അതുനിമിത്തം രോഗികളുടെ ബലത്തെ അപേക്ഷിച്ച് തീക്ഷ്ണാദികളായ ഔഷധങ്ങളെ തീക്ഷ്ണാദിവ്യാധികളിൽ ക്രമേണ യോജിപ്പിക്കുകയും വേണം. വ്യാധിയുടേയും ഔഷധത്തിന്റേയും ഗുണങ്ങളെ അറിഞ്ഞ് അതാതിന്റെ അവസ്ഥപോലെ പ്രയോഗിക്കാതെ പ്രയോഗത്തെ വിപരീത്യാ സംഭവിച്ചുപോയാൽ അതിയോഗമിഥ്യായോഗാദികൾ സംഭവിച്ചുപോകുമെന്നു തദ്വാ പ്രത്യേകം ഗ്രാഹ്യമെന്നു സാരം *

59—മറ്റ്പ്പിക്കുവാനുള്ള ഔഷധം സേവിപ്പിച്ച് ..

ദൗർബ്ബല്യാന്നിർഗ്ഗതം പൂർവ്വം പീതേ പശ്ചാൽ പുനഃ പുനഃ
ഭൈഷജ്യം പതനാത്തസ്യ പ്രായ ആപീതരശ്മനാൽ. 59
ബലം ചൈത്രചിത്യമാലക്ഷ്യ ദോഷാണാമുൽക്ലേശസ്യ ച ।
പുനഃ പ്രദദ്യാൽ ഭൈഷജ്യം സർവ്വശോ വാ വിചക്ഷണഃ 60
നിഷ്പീതേ വാപി ജീർണ്ണേ യാ ദോഷാനിർഹരണേ പുനഃ
ഭേഷജം ന പ്രയുഞ്ജീത പ്രത്യഹം സിദ്ധിമിച്ഛതാ 61
[illegible] വാതം ശേഷാൻ പചത്യാമം ചിരേണ [illegible]

പോലെ ഛർദ്ദിച്ചതുമില്ല, ആദ്യം സേവിച്ച ഔഷധം പുറത്തുപോ
ന്നതുമില്ല എങ്കിൽ പിന്നെയും ഛർദ്ദനൌഷധം കൊടുക്കണം. പി
ന്നെ കൊടുത്തതുകൊണ്ടും നല്ലപോലെ ഛർദ്ദിച്ചില്ലെങ്കിൽ പിന്നെ
ഛർദ്ദിച്ച പിത്തം കണ്ടുതുടങ്ങുന്നതുവരെ ഇടവിട്ടു മരുന്നുകൊടു
ത്തു ഛർദ്ദിപ്പിക്കണം. ഇവിടെ ആദ്യം സേവിച്ചതായ ഛർദ്ദനൌഷ
ധം ശരീരത്തിലധികം പുറത്തുചാടിക്കയാണ് ചെയ്യുന്നതെങ്കിൽ പിന്നെ
ഛർദ്ദനൌഷധം ശീലിക്കേണ്ടതില്ല. അതാണ് 'പൂർവ്വം പീതേ അ
നിഷ്പീതേ' എന്നു പറഞ്ഞിരിക്കുന്നതെന്നും ഗ്രഹിക്കേണം. 60—വ
മനവിരേചനങ്ങളെ ശീലിപ്പിക്കേണ്ടതായ സമയങ്ങളിലും ഔഷധം ശീ
ലിപ്പിക്കേണ്ടതായി വന്നാൽ ഏതുവരെ [illegible] ദോഷങ്ങളുടെയും
അഗ്നിശരീരബലത്തിന്റെയും [illegible] അവസ്ഥകളെ ആലോചി
ച്ചറിഞ്ഞ് അതുകൾക്കനുസരിച്ചുവിധമുള്ള സംശോധനൌഷധ
ത്തെ പിന്നെയും കൊടുക്കുന്നതിനു വിരോധമില്ല. ശരീരത്തിന്റെ
സ്വഭാവത്തെ നോക്കി അറിയുവാൻ പ്രാപ്തനായി വരുന്ന ചെട്ടു
വൈദ്യൻ ഇങ്ങിനെയും ഔഷധപ്രയോഗം ചെയ്യാവുന്നതാണെന്ന് അ
ധികം നല്ലതെന്നും ഗ്രഹിക്കണം* 61—ശോധനൌഷധം സേ
വിച്ചിട്ടു കുറെ ദഹിച്ചു ശേഷവും ആ ഔഷധം വയറ്റിൽ പുറത്തു
പോവുകയോ യാതൊരു വികാരമുണ്ടാക്കാതെ ആ ഔഷധം താ
നേ ദഹിച്ചുപോവുകയോ ചെയ്യുന്നതായി കണ്ടാൽ പിന്നെയും ശോ
ധനാവശ്യമുണ്ടെന്നറിയുന്നപക്ഷം വീണ്ടും ഔഷധം പ്രയോഗി
ച്ചു ശോധനവരുത്തുകയും വേണം* 62—ശോധനയിൽ വമനത്തി
നും ഔഷധം സേവിച്ചാൽ അത് [illegible] വാത
[illegible] ഛർദ്ദിക്കും [illegible]

നിർഹരേച്ചമന്ദസ്യാതു പാകം ന പ്രതിപാലയേൽ. 62
പീതേ പ്രസ്രംസനേ ദോഷാന്നിഹൃത്യ ജരം ഗതേ
വമിതേ ചൌഷധേ ധീരഃ പായയേദ്രേഞ്ജനം പുനഃ. 63
ദീപ്താഗ്നിം ബഹുദോഷഞ്ച ദ്രവഃസ്നേഹഗ്ലാനം നരം
ദൃഢസ്രോതസ്യം തദഹർഭുക്തേ ശേഷാ ഭ്രഷ്ട പായയേൽ പുനഃ. 64
ദുർബ്ബലോ ബഹുദോഷശ്ച ദോഷപാകേന യോ നരഃ

നൌഷധം കൊള്ളുചെന്നാൽ അഗ്നിക്ക ജഠരാഗ്നിപാകം വന്നുടങ്ങുമ്പോഴാണ് അല്ല മലത്തെ ഇളക്കി അതിസരിപ്പിക്കുക. ഈ പറഞ്ഞ കാരണംനിമിത്തം ഛർദ്ദിപ്പിക്കുവാനുള്ള ഔഷധം സേവിച്ചാൽ അതിന്റെ വേഗം സംഭവിക്കുവാൻ ആ ഔഷധത്തിനു ജഠരാഗ്നിപാകംവരേണ്ടതായ കാലംവരെ കാത്തിരിക്കേണ്ടതില്ല. പീതമാത്രത്തിൽ ഛർദ്ദി തുടങ്ങുമെന്നു സാരം * 63—വയറിളക്കുവാനുള്ള ഔഷധം സേവിച്ചാൽ അതു ദഹിക്കുന്നതിനുമുമ്പ വയറിളക്കുകയില്ല. അപ്പോൾ ഔഷധം സേവിച്ചാൽ അതു ദഹിക്കുന്നതുവരെ വേഗത്തെ പ്രതീക്ഷിക്കുകയും വേണം. വയറിളക്കുവാനായി സേവിപ്പിച്ച ഔഷധം ഛർദ്ദിച്ചുപോവുകയാണ് ചെയ്യുന്നതെങ്കിൽ ധീരനായ—ശാസ്ത്രപരിചയമുള്ളവനും ദൃഷ്ടകർമ്മാവുമായ വൈദ്യൻ ആ രോഗിക്ക പിന്നെയും വയറിളക്കുവാനുള്ള മരുന്നുതന്നെ കൊടുക്കണം * 64—അനേകവിധം ഛർദ്ദിച്ചുപോയത്, ധാരാളം അഗ്നിബലമുള്ളവനും ദോഷപാകത്തിന് ആധിക്യമുള്ളവനും നല്ലവണ്ണം സ്നിഗ്ദ്ധതവന്നവനും സ്വതെതന്നെ വയറിളക്കുവാൻ വളരെ പ്രയാസമുള്ളവനുമായവനാണെങ്കിൽ അന്നു ദൃഷ്ടമായി ഭക്ഷണം കഴിപ്പിക്കുകയും പിറ്റെദിവസം വയറിളക്കുവാനുള്ള ഔഷധം സേവിപ്പിക്കുകയുമാണ് ചെയ്യേണ്ടത്. ഈ പറഞ്ഞതുകൾക്ക വിപരീതമായ മന്ദാഗ്നിതാദിഗുണയുക്തനാണെങ്കിൽ മുൻപറഞ്ഞപ്രകാരം അപ്പോൾതന്നെ ഔഷധം സേവിപ്പിക്കാമെന്നു സാരം *

65—ശരീരബലം കുറഞ്ഞുവന്ന് അതിയായ ദോഷവൃദ്ധിയുണ്ടായാൽ ആ ദോഷത്തിന്നു പാകംവരുമ്പോൾ ഔഷധം സേവിക്കാതെതന്നെ വിരേകം വരുന്നുണ്ടു. അപ്പോൾ ആ രോഗിയോ

വിരിച്യതേ തതസ്തേഭ്യോജ്യായസ്സമസാരമേൽ 65
വമനൈശ്ച വിരേകൈശ്ച വിശുദ്ധസ്യാപ്രമാണതഃ
ഭോജനാന്തരപാനാഭ്യാം ദോഷശേഷം ശമം നയേൽ 66
ദുർബ്ബലം ശോധിതം പൂർവ്വമല്പദോഷമൊ; മാനവം
അപരിജ്ഞാതകോഷ്ഠഞ്ച പായയേദൗഷധം മൃദു. 67
ശ്രേയോ മൃദ്വസകൃൽ പീതമല്പബാധം നിരത്യയം

മത്ത നിർബ്ബന്ധമല്ല ചെയ്യേണ്ടത്, പിന്നയോ, അവന്നു വിരേചനകാരികളായ രസങ്ങളോ ഭോജ്യപദാർത്ഥങ്ങളോ കൊടുത്ത് അല്പമൊന്നു വയറിളക്കുകതന്നെയാണ് ചെയ്യേണ്ടത് * 66—വമനവിരേചനങ്ങൾ ശീലിപ്പിക്കുന്ന സമയം അതുകൾക്ക് ഹീനയോഗമോ മിത്ഥ്യായോഗമോ സംഭവിച്ചുപോയാൽ പുറത്തു കളയേണ്ടതായ ദോഷം പിന്നെയും ഉള്ളിൽ ബാക്കി കിടപ്പുണ്ടായി എന്നുവരാം. അങ്ങിനെ വന്നുപോയാൽ അവിടെ അവന്നു ഭക്ഷണത്തിൽചേർത്തോ ഭക്ഷണത്തിന്നിടക്കോ ഔഷധംകൊടുത്ത് ആ ദോഷശേഷത്തെ യുക്തിപോലെ ശമിപ്പിക്കുകയും വേണം *

67—ദുർബ്ബലനോ അടുത്ത കാലത്തു ശോധനവരുത്തിയവനോ അല്പമായ ദോഷകോപത്തോടുകൂടിയവനോ കോഷ്ഠസ്ഥിതി ക്രൂരമോ മൃദുവോ മദ്ധ്യമോ എന്നു നിശ്ചയമില്ലാത്തവനോ ആയവന്നു വിരേചനം വരുത്തുവാൻ മൃദുവായ ഔഷധമാണ് സേവിപ്പിക്കേണ്ടത് *68—മൃദുവായ ഔഷധംകൊടുത്താൽ ക്രൂരകോഷ്ഠനായവന്നു ഹീനയോഗംനിമിത്തം ശോധനവരികയില്ല എന്ന ദോഷമുണ്ടെങ്കിലും ശോധനവരുത്തുവാൻ മൃദ്വൌഷധം പ്രയോഗിക്കുന്നതു വളരെ നല്ലതാണ്. അതുകൊണ്ടു ശോധന വരാതിരിക്കുകയോ വേണ്ടേടത്തോളം വരാതിരിക്കുകയോ ചെയ്യുതായി കണ്ടാൽ ആ ഔഷധം തന്നെ പിന്നെയും അടുത്തടുത്തു സേവിപ്പിച്ചു ശോധനവരുത്താം. അതുകൊണ്ടു സംരംഭാദികൾ വരികയില്ല. അപായവുമില്ല. മൃദ്വൌഷധം അത്ര്യന്തതീക്ഷ്ണമല്ലാത്തതിനാൽ ശോധനയിൽ അതിയോഗം സംഭവിക്കയില്ല എന്നുമാത്രമല്ല വമനാദിരേകങ്ങളിലെ അതിയോഗംനിമിത്തം സംഭവിച്ചുപോകാവുന്ന പ്രാണാപായഭയത്തെ ഒട്ടും ജനിപ്പിക്കുകയുമില്ല *

ന ചാതിതീക്ഷ്ണം യൽ ക്ഷിപ്രം ജനയേൽ പ്രാണസംശയം. 68
ദുർബ്ബലോപി മഹാദോഷോ വിരേച്യോ ബഹുശോല്പശഃ
മൃദുഭിർഭേഷജൈർദ്ദോഷാ ഹന്യുർഹ്യേനമനിർഹൃതാഃ. 69
യസ്യോർദ്ധ്വം കഫസംസൃഷ്ടം പീതം യാത്യനുലോമികം
വമിതം കബളൈർഗ്ഗന്ധം ലംഘിതം പായയേത്തു തം. 70
വിബന്ധേല്പേ ചിരം ദോഷേ സ്രവത്യുഷ്ണം പിബേജ്ജലം
തേനാദ്ധ്മാനം സതൃട്ഛർദ്ദിർവിബന്ധശ്ചൈവ ശാമ്യതി. 71
ഭേഷജം ദോഷതഃ ചേന്നോർദ്ധ്വം നാധഃ പ്രവർത്തതേ

69—ഒരുവൻ അത്യന്തം ദുർബ്ബലനാണെങ്കിലും കോപിച്ചു ദുഷിച്ച ദോഷം ശോധന വരുത്താത്തക്കനിലയിൽ അത്യന്തം വർദ്ധിച്ചിട്ടുണ്ടെങ്കിൽ ആ ദോഷസംഘാതത്തെ ഇടക്കിടക്കു് അല്പാല്പമായി മൃദുക്കളായ ശോധനദ്രവ്യങ്ങളെ ശീലിപ്പിച്ചു ശോധനവരുത്തണം. ദുഷിച്ച ദോഷത്തെ നിഹരിക്കാതിരുന്നാൽ അതു് തീച്ചയായും അവനെ മരിപ്പിച്ചുകളയും *

70—ഛർദ്ദിപ്പിക്കുവാനുള്ള ഔഷധം സേവിപ്പിച്ചാൽ അതു ദുഷിച്ച കഫത്തെ മുഴുവൻ അനുലോമമായി പുറത്തു കളയുകയും അതോടുകൂടെ—ദോഷാവസാനത്തിൽ സേവിച്ച ഔഷധവും പുറത്തു വന്നതായും കണ്ടാൽ ആ വമിതനെ പിന്നെയും ലംഘനം ശീലിപ്പിക്കുകയും കബളഗ്രഹണം ശീലിപ്പിക്കുകയും സുഗന്ധമുള്ള ഔഷധത്തെ സേവിപ്പിക്കുകയും വേണം *

71—വയറിളക്കുവാനുള്ള ഔഷധം സേവിച്ചു വയറിളകിയാൽ മലം അല്പാല്പം ബന്ധിച്ചുകൊണ്ടു പോവുകയും ദോഷം സ്രവിക്കുകയും ചെയ്യുന്നതായി കണ്ടാൽ അവനെ ഉഷ്ണോദകം സേവിപ്പിക്കണം. അതു ശീലിച്ചാൽ മേൽവയറുവീർപ്പു് ദാഹം ഛർദ്ദിമലബന്ധം എന്നതുകളെല്ലാം ശമിക്കുകയും ചെയ്യും *

72—ഛർദ്ദിപ്പിക്കുവാനോ വയറിളക്കുവാനോ ഉള്ള ഔഷധം സേവിച്ചാൽ അതു ദോഷസംഘാതത്തിന്റെ ഉള്ളിൽപെട്ടു് ഒടുങ്ങി കിടന്നുപോയാൽ അതിന്നു മേല്പോട്ടും കീഴ്പോട്ടും പോകുവാൻ സാധിക്കാതെ അവിടെത്തന്നെ കിടന്നുപോകും. അങ്ങിനെ സംഭവിച്ചാൽ തേട്ടലും ശരീരമാസകലം വേദനയുമുണ്ടാകും. തലച്ചുവിധം

സോൽഗാരം സാംഗശൂലം വാ സേപദം തത്രാവചാരയേൽ 72
സുവിരിക്തസ്തു സോൽഗാരമാശേഷവൌഷധമുല്ലിഖേൽ
അതിപ്രവൎത്തനം ജീൎണ്ണേ സുശീതൈഃ സ്തംഭയേദ്ഭിഷക്. 73
കഫോപി ശ്ലേഷ്മണാ രുദ്ധം തിഷ്ഠത്യുരസി ഭേഷജം
ക്ഷീണേ ശ്ലേഷ്മണി സായാഹ്നേ രാത്രൌ വാ തൽ പ്രവൎത്തതേ 74
വിരൂക്ഷനാഹയോൎജ്ജീൎണ്ണേ വിഷ്ടംഭ്യോൎദ്ധ്വം ഗതേപി വാ

സംഭവിച്ചാൽ ഉടനെ സേദിപ്പിക്കണം. അപ്പോൾ ദോഷസംഘാതത്തിന്ന് അയവുവരികയും ഔഷധത്തിന്ന കാൎയ്യക്ഷമത്വം സംഭവിക്കുകയും ചെയ്യുമെന്ന സാരം * 73—ശോധനയുടെ സമ്യൿയോഗം വന്നതിന്നശേഷവും തേട്ടലുള്ളതായി കണ്ടാൽ സേവിച്ച ഔഷധം അതേനിലയിൽ അകത്തു കിടപ്പുണ്ടെന്നറിയുകയും അതിനെ ക്ഷണത്തിൽ ഛൎദ്ദിച്ചുകളയുകയും വേണം. ആ ഔഷധം അതേനിലയിൽ അകത്തുകിടന്നാൽ അതിയോഗം വന്നുപോകും. അതാണ് 'ആശു ഏവ ഉല്ലിഖേൽ' എന്ന പറഞ്ഞിരിക്കുന്നതെന്നും ഗ്രഹിക്കണം. ഔഷധത്തിന്ന ജരാഗ്നിപാകം വരികയും (ഉൽഗാരം പുറപ്പെടാതിരിക്കുകയും) ശോധനയിൽ അതിയോഗം വരികയും ചെയ്യുതായി കണ്ടാൽ വൈദ്യൻ ക്ഷണത്തിൽ ശീതദ്രവ്യങ്ങളെ ശീഘ്രിപ്പിച്ചു സ്തംഭിപ്പിക്കുകയും വേണം * 74—കഫംവൎദ്ധിച്ച് ആമാശയദ്വാരത്തെ അടച്ചുനില്ക്കുന്നതായാൽ ശോധന വരുത്തുവാനായി സേവിച്ച ഔഷധം ആ കഫത്താൽ രുദ്ധമായിട്ട് ഹൃദയത്തിൽതന്നെ നിന്നുപോയി എന്നുവരാം. അങ്ങിനെ സംഭവിച്ചാൽ കഫപ്രതിയോഗിയായ പിത്തം വൎദ്ധിക്കുന്ന കാലമായ മദ്ധ്യാഹ്നത്തിലോ രാത്രിയിലെ പിത്തകോപകാലത്തിലോ കഫം ക്ഷയിക്കുകയും അപ്പോൾ ഔഷധത്തിന്ന കൎമ്മക്ഷമത്വം സംഭവിക്കുകയും ചെയ്യും. ഇങ്ങിനെ വരുന്ന ഘട്ടത്തിൽ ആ കാലംവരെ അതിനെ പ്രതീക്ഷിക്കേണമെന്ന സാരം * 75—അത്യന്തം രൂക്ഷനായവനോ ആനാഹമുള്ളവനോ ഔഷധം സേവിച്ചാൽ അത് ഉൎദ്ധ്വപ്പുഴക്കംവന്നു ദഹിക്കുകയോ അതാതിന്റെ കൎമ്മത്തെ ചെയ്യാതെ ക്ഷണത്തിൽ ഛൎദ്ദിച്ചുപോവുകയോ ചെയ്തുപോയി എന്നുവരാം. ഇങ്ങിനെ സംഭവിക്കുന്നതു വായുകോപംകൊണ്ടതാണ്. അതുവിധമായാൽ പിന്നെ

വായുനാ ഭേഷജേ തന്ന്യസ്തസ്നേഹലവണാം പിബേൽ 75
തൃണ്മോഹഭ്രമമൂർച്ഛാദ്യാഃ സ്യുശ്ച ജീര്യതി ഭേഷജേ
പിത്തഘ്നം സ്വാദു ശീതം ച ഭേഷജം തത്ര ശസ്യതേ. 76
ലാലാഹൃല്ലാസവിഷ്ടംഭലോമഹർഷാഃ കഫാവൃതേ
ഭേഷജം തത്ര തീക്ഷ്ണോഷ്ണം കട്വാദി കഫനുദ്ധിതം. 77
സുസ്നിഗ്ധം ക്രൂരകോഷ്ഠഞ്ച ലംഘയേദവിരേചിതം
തേനാസ്യ സ്നേഹജഃ ശ്ലേഷ്മാ സംഗശ്ചൈവോപശാമ്യതി. 78
രൂക്ഷബഹ്വനിലക്രൂരകോഷ്ഠവ്യായാമശീലിനാം
ദീപ്താഗ്നീനാം ച ഭൈഷജ്യമവിരിച്യൈവ ജീര്യതി 79

യും ഔഷധം കൊടുക്കണം. അതു സ്നിഗ്ദ്ധവും ലവണരസദ്രവ്യം ധാരാളം ചേർത്തതുമായിരിക്കുകയും വേണം. എന്നാൽ വാതകോപം ശമിക്കുകയും അതു കാര്യക്ഷമമായിത്തീരുകയും ചെയ്യും *

76—സേവിച്ച ഔഷധം ദഹിച്ചുതുടങ്ങുന്ന സമയം ദാഹം, മോഹാലസ്യം, തലതിരിച്ചിൽ, മൂർച്ഛ മുതലായ ഉപദ്രവങ്ങൾ സംഭവിക്കുന്നതായി കണ്ടാൽ അതിന്നുള്ള കാരണം പിത്തകോപമാണെന്നറിയുകയും അവിടെ പിത്തഹരവും മധുരരസവും ശീതവീര്യവുമായ ഔഷധത്തെ ശീലിപ്പിക്കുകയും വേണം * 77—ഔഷധത്തിന്നു കഫത്താൽ ആവരണം സംഭവിച്ചുപോയാൽ വായിൽനിന്നു വെള്ളമൊലിക്കുക നെഞ്ഞുകലിപ്പ് വിഷ്ടംഭം രോമാഞ്ചമെന്ന ലക്ഷണങ്ങളാണ് സംഭവിക്കുക. അവിടെ തീക്ഷ്ണം ചൂടുള്ളത് കടുരസപ്രധാനം ഇത്യാദി കഫനിർഹരണസാമർത്ഥ്യമുള്ള ഔഷധം ശീലിപ്പിക്കുകയാണ് ചെയ്യേണ്ടതെന്നും ഗ്രഹിക്കണം *

78—ധാരാളം—വേണ്ടതിലധികം സ്നിഗ്ധത വരുത്തിയവനേയും ക്രൂരകോഷ്ഠനേയും വിരേചനം വരുത്താതെ ലംഘിപ്പിക്കുകയാണ് ചെയ്യേണ്ടത്. അങ്ങിനെ ചെയ്താൽ സ്നേഹാധിക്യംനിമിത്തം വർദ്ധിച്ച കഫവും മലസംഗവും തീരെ ശമിക്കുമെന്നറിയുകയും വേണം * 79—രൂക്ഷത ബാധിച്ചവർ അതിയായ വാതകോപമുള്ളവർ ക്രൂരകോഷ്ഠന്മാർ പതിവായി വ്യായാമം ശീലിക്കുന്നവർ അത്യഗ്നിയുള്ളവർ ഇവർക്കെല്ലാം ശോധന വരുത്തുവാനുള്ള ഔഷധംകൊടുത്താൽ വിരേചനം വരികയില്ല. എന്നാൽ ആ ഔഷധം മറവ ഭ

തൈലൈർവ്വാ വസ്തിം പുരാ തതഃ പശ്ചാദ്വിരേചനം
വസ്തിപ്രവൃത്തിതം ദോഷം ഹരേച്ഛീഘ്രം വിരേചനം. 80
രൂക്ഷാശയാഃ തന്നിത്യായേ നരാ ദീപ്തപാവകാഃ
തേഷാം ദോഷാഃ ശമം യാന്തി കർമ്മവാതാതപാദിഭിഃ. 81
വിരുദ്ധാദ്ധ്യശനാജീർണ്ണാൻ ദോഷാനപി ജയന്തി തേ
സ്നേഹ്യാസ്തു മാരുതാദ്ദുഷ്ട്യാ നാഡ്യാദയോ താൻ വിശോധയേൽ. 82
നാതിസ്നിഗ്ദ്ധശരീരായ ദദ്യാൽ സ്നേഹവിരേചനം

ക്യപാദോത്ഥം പോലെ നല്ലവണ്ണം ഭേദിക്കുകയും ചെയ്യും * 80 — ഇവ പറഞ്ഞ രൂക്ഷാദികൾക്ക വിരേചനം വരുത്തേണമെങ്കിൽ സ്നേഹസ്വേദങ്ങളെ ശീലിപ്പിച്ചതിന്നശേഷം ആദ്യമായി വസ്തിശീലിപ്പിച്ച ദോഷസംഘാതത്തെ ഇളക്കിത്തീർത്തതിന്നശേഷം ശോധനൌഷധം ശീലിപ്പിക്കണം. അങ്ങിനെ ചെയ്താൽ വസ്തികൊണ്ട് അയഞ്ഞ ദോഷം ക്ഷണത്തിൽ പുറത്തുപോവുകയും വിരേചനൌഷധം കാര്യകൃത്തായിത്തീരുകയും ചെയ്യും *

81-82 — ലേശംപോലും സ്നിഗ്ദ്ധതയില്ലാത്തതായ ആഹാരത്തെ പതിവായി ശീലിക്കുന്നവരും എപ്പോഴും പ്രവൃത്തി എടുത്തുകൊണ്ടിരിക്കുന്നവരും ജഠരാഗ്നിക്ക നല്ലബലമുള്ളവരുമായവൎക്ക ദോഷകോപം സംഭവിച്ചുപോയാൽ പ്രവൃത്തിയെടുക്കുകയാലും വാതാതപങ്ങളെ സഹിക്കുകയാലും ജഠരാഗ്നിബലത്താലും ആ ദോഷകോപം താനെ ശമിച്ചുകൊള്ളും. അവൎക്ക വിശിഷ്യ ചികിത്സയൊന്നും ചെയ്യേണ്ടതില്ല. അവൎക്ക് ഒരു സമയം വിരുദ്ധാശനമോ അദ്ധ്യശനമോ അജീർണ്ണാശനമോ സംഭവിച്ചുപോയാൽതന്നെ വലിയ തകരാറൊന്നും സംഭവിക്കുകയില്ല. അവൎക്ക ചികിത്സിക്കുകയാണെങ്കിൽ സ്നിഗ്ദ്ധതവരുത്തുകയും വാതകോപം വരാതെ സൂക്ഷിക്കുകയുമാണ് പ്രധാനമായി ചെയ്യേണ്ടത്. വമനവിരേകങ്ങൾ ചെയ്യില്ലാതെ സുഖപ്പെടുകയില്ല എന്ന നിലയിലുള്ള രോഗം വന്നല്ലാതെ അവരെ ഛർദ്ദിപ്പിക്കുകയോ വിരേകം ശീലിപ്പിക്കുകയോ ചെയ്തുപോകരുതെന്നും വൈദ്യൻ പ്രത്യേകം ഗ്രഹിക്കുകയും വേണം *

83-84 — നല്ലവണ്ണം സ്നിഗ്ദ്ധതവരാത്തവനായ രോഗിക്ക സ്നിഗ്ദ്ധവിരേചനൌഷധവും അധികം സ്നിഗ്ദ്ധതവന്ന ശരീര

സ്നേഹോൽക്ലിഷ്ടശരീരായ രൂക്ഷം ദദ്യാദ്വിരേചനം. 83
ഏവം ജ്ഞാത്വാ വിധിം ധീരോ ദേശകാലപ്രമാണവിൽ
വിരേചനം വിരേച്യേഭ്യഃ പ്രയച്ഛന്നാപരാധ്യതി. 84
വിഭ്രംശോ വിഷവദ്യസ്യ സമ്യഗ്യോഗോ യഥാമൃതം
കാലേഷ്വവശ്യം ഭേഷജ്യം തസ്മാദ്യത്നാൽ പ്രയോജയേൽ. 85

ദ്രവ്യപ്രമാണന്തു യദുക്തമസ്മിൻ
മദ്ധ്യേഷു തൽ കോഷ്ഠവയോബലേഷു
തന്മൂലമാലംബ്യ ഭവേദ്വികല്പ്യം
തേഷാം വികല്പോഭ്യധികോനഭാവതഃ. 86

ത്തോട്ടുകൂടിയവനു രൂക്ഷമായ — സ്നിഗ്ദ്ധമല്ലാത്ത വിരേചനൌഷധമാണ് കൊടുക്കേണ്ടത്. ഇപ്രകാരമുള്ള വിധികളെ അറിയുന്നവനും ധീരനും ദേശകാലപ്രമാണങ്ങളെ അറിയുന്നവനുമായ വൈദ്യൻ വിരേച്യനായവന്ന് ഈ പറഞ്ഞ വിധിപ്രകാരം വിരേചനദ്രവ്യംകൊടുത്തു ശോധനവരുത്തുന്നതായാൽ യാതൊരു തകരാറുംകൂടാതെ വേണ്ടേടത്തോളം ശോധനവരികയും ചെയ്യും *

85—വമനവിരേകങ്ങൾ ശീലിപ്പിക്കുന്നേതിൽ ഔഷധസേവനത്തിൽ തകരാറു വന്നുപോയാൽ വിഷം ബാധിച്ചതുപോലെ ശരീരത്തെ ക്ഷണത്തിൽ നശിപ്പിക്കും. സമ്യഗ്യോഗം സംഭവിച്ചാൽ— അതു വേണ്ടതുപോലെയായാൽ അമൃതുപോലെ ശരീരസ്ഥിതിസാധനമായിത്തീരുകയും ചെയ്യും. അതു വേണ്ടകാലത്തിൽ (വേണ്ടവിധം) ശീലിക്കുകയും വേണം. ഈ വക കാരണങ്ങൾനിമിത്തം വമനവിരേകങ്ങളെ മനസ്സിരുത്തി ശീലിപ്പിക്കുകയും വേണം *

86 — ഈ സംഹിതയിൽ ഇന്നിന്ന ദ്രവ്യങ്ങൾ ഇത്ര ഇത്ര ചേർക്കണമെന്നു പറഞ്ഞിരിക്കുന്നതെല്ലാം കോഷ്ഠബലം പ്രായം ശരീരബലം എന്നിതുകളുടെ മദ്ധ്യാവസ്ഥയിലിരിക്കുന്നവക്കുള്ളതാകുന്നു. ആ ഔഷധംതന്നെ ബാലവൃദ്ധാദികൾക്കു കൊടുക്കേണ്ടതായിവന്നാൽ അവരുടെ പ്രായബലാദികളെ നോക്കി അറിഞ്ഞ് അതാതുഭാവത്തിന് അനുസരിച്ചവിധം ഔഷധത്തെ വികല്പിച്ചു ശീലിപ്പിക്കുകയും വേണം. വികല്പിക്കുക എന്നാൽ മാത്രയെ വർദ്ധിപ്പിക്കുക എന്നതിനും കുറക്കുക എന്നതിനും ഒരുപോലെ പറയുന്നതാണെന്നും ഗ്രഹിക്കണം *

ഷഡ്വംശ്യസ്തു മരീചിഃ സ്യാൽ ഷണ്മരീചിസ്തു സർഷപഃ
അഷ്ടൌ തേ സർഷപാ രക്തിസ്തണ്ഡുലശ്ചാപി തദ്വയം. 87
ധാന്യമാഷോ ഭവേദേകോ ധാന്യമാഷദ്വയം യവഃ
അണ്ഡികാസ്തേ തു ചത്വാരസ്താശ്ചതസ്രസ്തു മാഷകഃ. 88
ഹേമശ്ച ധാനകശ്ചോക്തോ ഭവേച്ഛാണസ്തു തേ ത്രയഃ
ശാണൌ ദ്വൌ ദ്രംക്ഷണം വിദ്യാൽ കോലം ബദരമേവ ച. 89
വിദ്യാൽ ദ്വൌ ദ്രംക്ഷണൌ കർഷം സുവർണ്ണഞ്ചാക്ഷമേവ ച
വിഡാലപദകം തച്ച പിചും പാണിതലം തഥാ. 90
തിന്ദുകഞ്ച വിജാനീയാൽ കബളഗ്രഹമേവ ച
ദ്വേ സുവർണ്ണേ പലാർദ്ധം സ്യാച്ഛുക്തിരഷ്ടമികാ തഥാ. 91
ദ്വേ പലാർദ്ധേ പലം മുഷ്ടിഃ പ്രകുഞ്ചോഥ ചതുർത്ഥികാ
ബില്വം ഷോഡശികാ ചാമ്രം ദ്വേ പലേ പ്രസൃതം വിദുഃ. 92

ഇനി പരിമാണപരിഭാഷയെ വിവരിക്കുന്നു:— 87-97—
ആറു വംശികൂടിയതു് (വംശി എന്നാൽ ൩൦ പരമാണുക്കൂടിയതായ ത്രസരേണുവാകുന്നു) ഒരു മരീചി എന്ന പോരാട്ടക്കൂടിയതാകുന്നു. ആറു മരീചി കൂടിയതു് ഒരു സർഷപം. എട്ടു സർഷപം കൂടിയതു് ഒരു രക്തി. അതു രണ്ടുകൂടിയതു് ഒരു തണ്ഡുലം; അതിനെ ധാന്യമാഷമെന്നും പറയും, രണ്ടു ധാന്യമാഷംകൂടിയതു് ഒരു യവം. നാലു യവത്തുക്കളെ ഒരു അണ്ഡികമെന്നു പറയും. അണ്ഡികങ്ങൾ നാലുകൂടിയാൽ ഒരു മാഷകം. ഇതിനെ ഹേമമെന്നും ധാനകമെന്നും പറയും. (ഇതു് കാൽകഴഞ്ചാണെന്നും ഗ്രഹിക്കണം) മൂന്നു ധാനകംകൂടിയതു് ഒരു ശാണം. രണ്ടു ശാണം കൂടിയതു് ഒരു ദ്രംക്ഷണം. അതിനെ കോലമെന്നും ബദരമെന്നും പറയും. രണ്ടു ദ്രംക്ഷണംകൂടിയതു് ഒരു കർഷം (൧ കഴഞ്ചു്) അതിനെ സുവർണ്ണം, അക്ഷം, വിഡാലപദകം, പിചു, പാണിതലം, തിന്ദുകം, കബളഗ്രഹം എന്നെല്ലാം പറയും. രണ്ടു സുവർണ്ണംകൂടിയതു പലാർദ്ധമെന്ന [illegible]രേട്ടക്കൂടിയതാകുന്നു. ഇതിനെ ശുക്തി എന്നും അഷ്ടമിക എന്നും പറയുകയും ചെയ്യും. രണ്ടു പലാർദ്ധം അതായതു ൮ കഴഞ്ചുകൂടിയാൽ അതിനെ ഒരു പലം എന്നാണു് പറയുക. അതിനെ മുഷ്ടി പ്രകുഞ്ചം ചതുർത്ഥിക [illegible]

പലം ചതുർഗ്ഗുണം വിദ്യാദ്ഭേദേഷു കുഡബം തഥാ
അഷ്ടമാനന്തു വിജ്ഞേയം കുഡബൌ ദ്വൌ തു മാനികാ. 93
ചതുർഭിഃ കുഡബൈഃ പ്രസ്ഥശ്ചതുഷ്പ്രസ്ഥമഥാഢകം
പാത്രം തദേവ വിജ്ഞേയം കംസഃ പ്രസ്ഥാഷ്ടകം തഥാ. 94
കംസാശ്ചതുർഗ്ഗുണോ ദ്രോണശ്ചാർമ്മണം നല്വണം ച തൽ
സ ഏവ കലശഃ പ്രോക്തോ ഘടമുന്മാനമേവ ച. 95
ഘടസ്തു ദ്വിഗുണം ശൂർപ്പോ വിജ്ഞേയഃ കുംഭ ഏവ ച
ഗോണീ ശൂർപ്പദ്വയം വിദ്യാൽ ഖാരീം ഭാരീം തഥൈവ ച. 96
ദ്വാത്രിംശച്ചൈവ ജാനീയാദ്വാഹം ശൂർപ്പാണി ബുദ്ധിമാൻ
തുലാം ശതപലം വിദ്യാൽ പരിമാണവിശാരദഃ. 97

...ഷോഡശികം തുല്യം എന്നെല്ലാം പറയും. രണ്ടുപലം കൂടിയതു ... പ്രസൃതമെന്നാണ് പറയുക. നാലുപലം (൨ പ്രസൃതം) കൂടിയതിനെ അഞ്ജലി എന്നു പറയും. ഇതിനെ ഒരു കുഡബം—നാഴി എന്നു പറയുകയും ചെയ്യും. ആ കുഡബത്തെ അഷ്ടമാനമെന്നുകൂടെ പറയുമെന്നും ഗ്രഹിക്കേണം. രണ്ടു കുഡബംകൂടിയാൽ അതിന്റെ പേർ മാനിക എന്നാകുന്നു. നാലു നാഴി കൂടിയാൽ ഒരു പ്രസ്ഥം—ഇടങ്ങഴി. നാലു പ്രസ്ഥംകൂടിയാൽ ആഢകം. ഒരു ആഢകത്തെ പാത്രമെന്നും പറയും. എട്ടു പ്രസ്ഥംകൂടിയാൽ ആ സംഖ്യയെ കംസമെന്നാണ് പറയുക. നാലു കംസം ഒരു ദ്രോണം. ദ്രോണത്തെ അർമ്മണം, നല്വണം, കലശം, ഘടം, ഉന്മാനം എന്ന പര്യായങ്ങളെക്കൊണ്ടെല്ലാം പറയാം. രണ്ടു ഘടംകൂടിയാൽ ഒരു ശൂർപ്പം. ശൂർപ്പത്തെ കുംഭമെന്നും പറയാം. രണ്ടു ശൂർപ്പംകൂടിയാൽ ആ സംഖ്യയെ ഗോണി എന്നാണ് പറയുക. ആ ഗോണിയെ ഖാരി ഭാരി എന്ന രണ്ടു പര്യായങ്ങളെക്കൊണ്ടു പറയുകയും ചെയ്യും. മുപ്പത്തിരണ്ടു ശൂർപ്പംകൂടിയ സംഖ്യയെ (൨൦൪൮ ഇടങ്ങഴിയെ) വാഹമെന്നാണ് ബുദ്ധിമാന്മാരായ ആചാര്യന്മാർ പറയുന്നത്. ഒരു നൂറു പലം കൂടിയ തൂക്കത്തെ പരിമാണവിശാരദന്മാരായവർ ഒരു തുലാമാണെന്നും ഗ്രഹിക്കണം. *

ശുഷ്കദ്രവ്യേഷ്വിദം മാനമേവമാദി പ്രകീർത്തിതം
ദ്വിഗുണം തദ്ദ്രവേഷ്വിഷ്ടം തഥാ സദ്യോദ്ധൃതേഷു ച. ൯൮
യദി മാനം തുലാ പ്രോക്താ പലം വാ തൽ പ്രയോജയേൽ.
അനുക്തേ പരിമാണേ തു തുല്യം മാനം പ്രകീർത്തിതം. ൯൯
ദ്രവകാര്യേപി ചാനുക്തേ സർവ്വത്ര സലിലം സ്മൃതം
യതശ്ച പാദനിർദ്ദേശശ്ചതുർഭാഗസ്തതശ്ച സഃ. 100

൯൮—ഈ പറഞ്ഞ പരിമാണങ്ങളെല്ലാം ശുഷ്കദ്രവ്യത്തിന്നു സാമാന്യമായിട്ടാണ് സംഹിതയിൽ വിധിച്ചിട്ടുള്ളത്. അളവുതോതുവായിട്ട്, ദ്രവദ്രവ്യങ്ങളിലും സദ്യോദ്ധൃതദ്രവ്യങ്ങളിലും തന്ത്രോക്തപരിമാണത്തെ ദ്വിഗുണമായി ചേർക്കുന്നതും ഇഷ്ടമാകുന്നു. 'ദ്വിഗുണം യോജയേദാർദ്രം കുഡബാദി തഥാ ദ്രവം' എന്നുപറഞ്ഞ ആചാര്യൻ ഈ വചനത്തെ പിൻതാങ്ങുകയും ചെയ്തിരിക്കുന്നു * ഇതേവിധം ഇരട്ടിച്ചു കൂട്ടേണമെന്നു പറഞ്ഞതിലെ വികല്പത്തെത്തന്നെ പറയുന്നു:—൯൯—ഏതൊരു വസ്തുവിന്റെ പരിമാണം ഒരു തുലാം അല്ലെങ്കിൽ ഒരു പലം അതായത് ഒരു നാഴി എന്നോ അതിൽ കവിഞ്ഞ വിധമോ ചേർപ്പാൻ പറയുന്ന ദിക്കിലും ഒരു പലമോ ഉഴക്കോ അതിൽ കുറച്ചോ ചേർപ്പാൻ പറയുന്ന ദിക്കിലുമെല്ലാം മുൻപറഞ്ഞ ഭേദംകൂടാതെ എല്ലാം അതാതു പരിമാണസംഖ്യയിൽത്തന്നെ ചേർക്കുകയും വേണം. ഒരു പലത്തിന്നാണിതെ ഒരു തുലാത്തിന്നു താഴെയുള്ള പരിമാണത്തിലേ മുൻപറഞ്ഞ ഭേദഗതി ചെയ്യേണ്ടതുള്ളു. ചില വൈദ്യന്മാർ ഈ ഭേദവിധിയെ പരിഗണിക്കാതെ യോഗങ്ങളെ വിധിക്കുന്നതായും കണ്ടുവരുന്നുണ്ട്. ഒരു യോഗത്തിൽ പറയുന്ന ഔഷധങ്ങളിൽ ഇന്നിന്ന ഔഷധങ്ങളേ ഇത്രഇത്ര വീതം ചേർക്കേണമെന്നു പറഞ്ഞിട്ടില്ലെങ്കിൽ ആ ഔഷധങ്ങളെല്ലാം സമമായി ചേർക്കണം * 100—ദ്രവദ്രവ്യം ചേർപ്പാൻ പറയുന്ന ദിക്കിൽ ഇന്നതു ചേർക്കേണമെന്നു പ്രത്യേകം വിധിക്കുന്നില്ലെങ്കിൽ അവിടെ ശുദ്ധജലമാണ് ചേർക്കേണ്ടത്. പാദാവശേഷിതം, പാദഹീനം, ഇത്യാദി പാദശബ്ദം പ്രയോഗിച്ചിട്ടുള്ളതിന്നെല്ലാം നാലിലൊന്ന് എന്ന് അർത്ഥമാകുന്നു *

ജലസ്നേഹൗഷധാനാന്തു പ്രമാണം യത്ര നേരിതം
തത്ര സ്യാദൗഷധാൽ സ്നേഹഃ സ്നേഹാത്തോയം ചതുൎഗ്ഗുണം. 101
സ്നേഹപാകസ്ത്രിധാ ജ്ഞേയോ മൃദുൎമ്മദ്ധ്യഃ ഖരസ്തഥാ
ഈഷത്സകല്കേ നിൎയ്യാസേ ഭേഷജാനാം മൃദുഃ സ്മൃതഃ. 102
സമ്പാക ഇവ നിൎയ്യാസേ മദ്ധ്യോ ദൎവ്വീം വിമുഞ്ചതി
ശീൎയ്യമാണേ തു നിൎയ്യാസേ വൎത്തമാനേ ഖരസ്തഥാ. 103
ഖരാദൂൎദ്ധ്വംഗ സ്മൃതഃ പാകോ മൃദുസ്നേഹഃ ക്രിയാസു ച

101—സ്നേഹപാകാദി ഏതുവിധിയിലും ജലം സ്നേഹദ്രവ്യം ഔഷധം എന്നിതുകളിൽ ഇന്നിന്നത് ഇത്രഇത്ര ചേൎക്കണമെന്നു പ്രത്യേകം വിധിക്കാത്തയോഗങ്ങളിൽ ഔഷധപരിമാണത്തിന്റെ നാലിരട്ടി സ്നേഹദ്രവ്യം അതിന്റെ നാലിരട്ടി വെള്ളം എന്നുവെച്ചാൽ നാഴി നെയ്യുകാച്ചണമെങ്കിൽ നെയ്യിന്റെ തൂക്കമായ നാലു പലത്തിന്റെ നാലിലൊന്നായ ഒരു പലം ഔഷധം സ്നേഹദ്രവ്യത്തിന്റെ നാലിരട്ടിയായ ഒരിടങ്ങഴി വെള്ളത്തിൽ കഷായം വെക്കണം. സ്നേഹദ്രവ്യം ചേൎക്കാതെ കഷായാദിരൂപത്തിൽ പാകംചെയ്യുമ്പോഴും ഔഷധത്തിന്റെ എട്ട ഇരട്ടി വെള്ളംചേൎത്തു (ഒരു പലം ഔഷധം ൨ നാഴി വെള്ളംചേൎത്തു) കഷായം വെക്കുകയും വേണം *

സ്നേഹപാകക്രമത്തെ വിവരിക്കുന്നു:—102—ഘൃതാദിസ്നേഹദ്രവ്യം പാകംചെയ്യുമ്പോൾ പ്രയോഗസൌകൎയ്യത്തിന്നുവേണ്ടി അതിന്റെ പാകം മൃദു മദ്ധ്യം ഖരം എന്നിങ്ങിനെ മൂന്നുതരത്തിലാക്കുന്നു. ഗ്രഹിക്കണം * 103—അതിൽ കല്കൻ മെഴുവിനെപ്പോലെയാകുന്നതു മൃദുവും, കല്കൻ ചട്ടകത്തിന്മേൽനിന്നു വിട്ടുവീഴുന്നതു മദ്ധ്യവും, കല്കൻപൊടി പൊടിയായിത്തുടങ്ങുന്നത് (അരക്കിലമൎന്നത്) ഖരപാകവുമാകുന്നു * 104—ഈ പറഞ്ഞ മൂന്നുതരം സ്നേഹദ്രവ്യങ്ങളിൽ ഖരപാകത്തിൽ കാച്ചി അരിച്ചതു തേക്കുവാനുള്ളതാകുന്നു. അതു സേവിക്കുവാനും മററും ഉപയോഗിച്ചുകൂട. മൃദുപാകത്തിൽ അരിച്ച സ്നേഹദ്രവ്യം നസ്യം ചെയ്യുവാനുപയോഗിക്കാം മൂപ്പുവളരെ കുറവാകയാൽ അതു പാനാഭ്യംഗാദികൾക്കുപയോഗിക്കുന്നതു ഗുണകരമായിരിക്കയില്ല. മദ്ധ്യപാകവിധിപ്രകാരം കാ

മദ്ധ്യപാകസ്തു പാനാർത്ഥേ വസ്ത്യൗ ച വിനിയോജയേൽ 104
മാനഞ്ച ദ്വിവിധം പ്രാഹുഃ കാലിംഗം മാഗധം തഥാ
കാലിംഗാന്മാഗധം ശ്രേഷ്ഠമേവം മാനവിദോ വിദുഃ. 105

തത്ര ശ്ലോകൗ

കല്പാർത്ഥഃ ശോധനം സംജ്ഞാ പൃഥഗേതുഃ പ്രവർത്തനേ
ദേശാദീനാം ഫലാദീനാം ഗുണാ യോഗാഃ ശതാനി ഷൾ. 106
വികല്പഹേതുർമ്മാനാനി തീക്ഷ്ണമദ്ധ്യാല്പലക്ഷണം
വിധിശ്ചാപസ്ഥിതോ മാനം സ്നേഹപാകശ്ച ദർശിതഃ 107

അഗ്നിവേശകൃതേ തന്ത്രേ
ചരകപ്രതിസംസ്കൃതേ

ച്ചിയ സ്നേഹദ്രവ്യം സേവിക്കുവാനും വസ്തിക്കും ഉപയോഗിക്കാവുന്നതാകുന്നു *

105—മാനപരിഭാഷ കാലിംഗപരിഭാഷ എന്നും മാഗധീയപരിഭാഷ എന്നും രണ്ടുതരത്തിലുണ്ട്. ആ രണ്ടുതരം പരിഭാഷകളിൽ കാലിംഗപരിഭാഷയെക്കാൾ മാഗധീയപരിമാണപരിഭാഷയ്ക്കാണ് അധികം ശ്രേഷ്ഠത—അധികം ജനങ്ങളും ആചരിച്ചുവരുന്നത് എന്നാണ് പരിമാണപരിഭാഷാതത്വവേദികളായ ആചാര്യന്മാരുടെ അഭിപ്രായം. കാലിംഗ-മാഗധപരിഭാഷകൾ ശാർങ്ഗധരസംഹിതയിലെ പരിഭാഷാദ്ധ്യായത്തിൽ വിവരിച്ചിട്ടുണ്ട്. അതിന്റെ വൈദ്യപ്രിയ എന്ന വ്യാഖ്യാനത്തിൽ അതുകളുടെ അർത്ഥവും പറഞ്ഞിട്ടുണ്ട്. അതിനാൽ ആ ഭാഗം ഇവിടെ എടുത്തുചേർത്തു വ്യാഖ്യാനത്തെ വർദ്ധിപ്പിക്കുന്നില്ല എന്നുമാത്രം പറഞ്ഞുകൊള്ളുന്നു.

അദ്ധ്യായവിവരണം.

106—108-ഈ അദ്ധ്യായത്തിൽ കല്പയോഗാനന്തരഗ്രന്ഥം കൊണ്ടു കല്പാർത്ഥം ശോധനയുടെ സ്വഭാവം അതാതുകളുടെ സംജ്ഞ ഔഷധപ്രയോഗത്തിൽ ധാതാതുകളുടെ ഹേതു ദേശാദികളുടെയും ഫലാദികളുടെയും സംയോഗംനിമിത്തമുണ്ടാകുന്ന ൬൦൦ യോഗങ്ങളുടെ സ്വഭാവം ഓരോന്നും വികല്പിച്ചു ശീലിപ്പിക്കുവാനുള്ള വിധികളും അതുകളുടെ കാരണവും വ്യാഖ്യാവിഷയങ്ങളുടെ തീക്ഷ്ണമ

കല്പസ്ഥാനം ദ്വാദശോഽയം
സമ്യഗേവം സമാപിതം
ഇത്യഗ്നിവേശകൃതേ ചരകപ്രതിസംസ്കൃതേ തന്ത്രേ
ചരകസംഹിതായാം
ദൃഢബലാചാര്യപരിഷ്കൃതേ
കല്പസ്ഥാനേ
ദന്തീദ്രവന്തീകല്പോ നാമ
ദ്വാദശോഽദ്ധ്യായഃ

ബഹ്വല്പസ്വഭാവങ്ങളുടെ ലക്ഷണം അതാതുതരത്തിലുള്ളവയ്ക്ക് അവസ്ഥാനുസരണം ഔഷധം ശീലിപ്പിക്കേണ്ട ക്രമം ഔഷധപരിമാണം സ്നേഹപാകവിധി ഇതുകളെല്ലാം ഇവിടെ വിശദമായി പ്രതിപാദിച്ചിരിക്കുന്നു *

അഗ്നിവേശമഹർഷിയാലുണ്ടാക്കപ്പെട്ടതും സാക്ഷാൽ ആത്രേയ ഭഗവാന്റെ ഉപദേശരൂപവുമായ ആയുർവ്വേദതന്ത്രത്തെ ചരകമഹർഷി പരിഷ്കരിച്ചതിനെ അനുസരിച്ചു ദൃഢബലാചാര്യനാൽ പ്രതിസംസ്കൃതവുമായ ചരകസംഹിതയിൽ ഏഴാമത്തെ സ്ഥാനമായ കല്പസ്ഥാനം ഇതേവരെ പറഞ്ഞ ഗ്രന്ഥംകൊണ്ടു പൂർത്തിയാക്കുക ചെയ്തിരിക്കുന്നു.

ഇതി വാചസ്പതി ടി. സി. പരമേശ്വരശർമ്മണാ
തദ്ഭാഗിനേയേന
പണ്ഡിത സി. കെ. വാസുദേവശർമ്മണാ ച കൃതായാം
ചരകസംഹിതാവ്യാഖ്യായാം
വാചസ്പത്യേ
ദ്വാദശോഽദ്ധ്യായഃ (12)

ചരകസംഹിതയിൽ
കല്പസ്ഥാനം
സമ്പൂർണ്ണം.

38896

ചരകസംഹിതാ: കല്പസ്ഥാനം

p01 വിഷയാനുക്രമണിക

p1 അദ്ധ്യായം 1 മദനകല്പം

p21 അദ്ധ്യായം 2 ജീമൂതകല്പം

p24 അദ്ധ്യായം 3 ഇക്ഷ്വാകകല്പം

p29 അദ്ധ്യായം 4 ധാമാർഗ്ഗവകല്പം

p33 അദ്ധ്യായം 5 വത്സകകല്പം

p36 അദ്ധ്യായം 6 കൃതവേധനകല്പം

p39 അദ്ധ്യായം 7 ശ്യാമാത്രിവൃൽകല്പം

p56 അദ്ധ്യായം 8 ചതുരംഗുലകല്പം

p60 അദ്ധ്യായം 9 തില്വകകല്പം

p64 അദ്ധ്യായം 10 സുധാകല്പം

p68 അദ്ധ്യായം 11 സപ്തലാശംഖിനീകല്പം

p72 അദ്ധ്യായം 12 ദന്തീദ്രവന്തീകല്പം